2011

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

M A L A N K A R A S A B H A

മാർച്ച്

Rs. 15





നിരാസത്തിന്റെ
ധന്യതയിലൂടെ
നോമ്പിന്റെ വ്രതദിനങ്ങൾ
വീണ്ടും...

## വിശ്വാസം എന്ന ഭക്ഷണം



# CHRIST KNOWLEDGE CITY

**Mannoor, MC Road,**

**Kuzhoor, Airapuram Post, Ernakulam Dist., Kerala. Pin - 683 541**

**Tel : +91 484 2651481/82/83/84 (EPABX), 2652600 (Trust)**

**e-mail: city@christknowledgecity.com website: www.christknowledgecity.com**

**A Technical campus exclusively for WOMEN**
**offering B.Tech., MCA, MBA* courses with**
**Air-conditioned Colleges and Hostels having five star facilities**

**Courses**

| | | | |
|---|---|---|---|
| 1 | B.Tech. | Civil Engg. | 120 |
| 2 | B.Tech. | Electronics & Comm. | 120 |
| 3 | B.Tech. | Applied Electronics | 60 |
| 4 | B.Tech. | Electrical & Electronics | 60 |
| 5 | B.Tech. | Computer Science | 60 |
| 6 | P.G. | MCA | 120 |
| 7 | P.G. | MBA* | 120 |

AICTE Approval: F.No: SWRO - 2010 - 1 - 5504011
M.G.University Affiliation : U.O.No.5729/10/Ac.AVII

**Chairman** - Er. P.J.Paulose, BE, MOT
Tel : +91 94470 41215

**Secretary** - Mrs. Lizzy Paulose, M.Sc (Agri.)
Tel : +91 94470 41219

**Director** - Dr. George Philip, ME, Ph.D, M.Inst. P(UK)
Tel : +91 94460 42133


**Principal** - Dr. Binoy A. Mattamana, ME, Ph.D (IISc.)
Tel : +91 94462 19287

CKC
Christ Knowledge City
EMPOWER THE WOMEN




**CKC**
Institution code

ലക്കം 3,
പുസ്തകം 68
മാർച്ച് 2011


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234


## അകത്താളുകൾ

CONTENTS


Lent **8** നോമ്പ് വിത്തിൽ നിന്നും.... -ഫാ. ജോൺ റ്റി. വർഗീസ്

Guest **23** വ്രതം മൗലവി ജമാലുദ്ദീൻ മങ്കട

From Our Church **24** മാധ്യമലോകത്തെ... പത്മഭൂഷൺ റ്റി. ജെ.എസ്. ജോർജ്

**6** എഡിറ്റോറിയൽ
നല്ല വാക്കോതുവാൻ
- ഡോ. സഖറിയ മാർ അപ്രേം

**5** മഹാപുരോഹിത സന്ദേശം

**16** Environment
ജലവിചാരങ്ങൾ
- ഫാ. വർഗീസ് റ്റി. വർഗീസ്

**10** Lent
നോമ്പ് മനുഷ്യൻ അലങ്കരിയ്ക്കപ്പെടുന്ന...
- ഫാ. അലക്സ് പി. ജോർജ്

**19** Together
കുടുംബങ്ങൾ പ്രതിസന്ധിയിൽ
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

**28** Examination
അയ്യോ പരീക്ഷപ്പേടി
- ഫാ. റിഞ്ചു പി. കോശി, അടൂർ

**46** Youth
Doing Something beautiful for God
- ഫാ. വിൽസൺ മാത്യു, ബേസിൽ ദയറ

**37** Research
റമ്പാൻ ബൈബിൾ ഒരു ചരിത്രാന്വേഷണം
- ഡോ. സിബി തരകൻ


### സ്ഥിരം പംക്തികൾ


ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, വിശ്വാസപാഠം, വനിതാസഭ, ബുദ്ധിമാൻ, യുവജനം, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം
# മലങ്കരസഭ

EDITORIAL BOARD

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
**ഡോ. സഖറിയ മാർ അപ്രേം**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*സബ് എഡിറ്റർ*
**ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം**
Mob:- 9446707276

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
(അസ്സോസിയേഷൻ സെക്രട്ടറി)
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

*Cover Design & Layout:-*
Jinto Kurichy at
**M.S. Graphics, Devalokam.**

**വരിസംഖ്യ**

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റ പ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 1500 രൂപ |

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
(പ്രസിഡന്റ്, മലങ്കരസഭ)



# സന്യാസിയുടെ ചുമട്

**നാ**ല് സന്യാസിമാർ യാത്ര പുറപ്പെട്ടു. പ്രായം ചെന്ന മൂന്നു സന്യാസിമാരും താരതമ്യേന പ്രായം കുറഞ്ഞ ഒരാളും, നാലുപേരും കൂടി ആത്മിക കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ട് മുന്നോട്ടു നീങ്ങുകയാണ്.

നാൽവരും ഒരു പുഴക്കരയിലെത്തി. അധികം ആഴമില്ലെങ്കിലും നല്ല ഒഴുക്കുള്ള പുഴ. പുഴക്കരയിൽ ഒരു യുവതി, പുഴ കടക്കാനാവാതെ മടിച്ചു നിൽക്കുന്നു. സന്യാസിമാരെ കണ്ട് അവൾക്ക് ഒരല്പം ആശ്വാസം തോന്നി.

"എന്നെയും കൂടി അക്കരെ കടത്താൻ സഹായിക്കേണമേ" അവൾ അപേക്ഷിച്ചു.

"ദാ... ഈ തോളിലേയ്ക്ക് കയറിയിരുന്നോളൂ" താരതമ്യേന പ്രായം കുറഞ്ഞ ആൾ തോൾ ചരിച്ചുകൊടുത്തു.

യുവതി സന്യാസിയുടെ തോളിന്മേൽ കയറിയിരുന്നു. അയാൾ യുവതിയെയുംകൊണ്ട് പതിയെ പുഴകടന്ന് അക്കരെയെത്തി ചുമടിറക്കി യാത്ര തുടർന്നു.

പ്രായം കൂടിയ മൂന്നുപേർ മുൻപെയും പ്രായം കുറഞ്ഞയാൾ പിൻപെയും. അവർ അയാളെ അകറ്റി നിർത്തിയതായിട്ടാണ് തോന്നുന്നത്.

മൂന്നുപേർ പരസ്പരം നോക്കുകയും പിറുപിറുക്കുകയും കൂട്ടത്തിലെ ഒറ്റയാനെതിരായി ആക്ഷേപങ്ങൾ പങ്ക് വയ്ക്കുകയുമാണ്.

വൈകുന്നേരം തിരികെ ആശ്രമത്തിലെത്തിയിട്ടും മൂന്നുപേരുടെ പരിഭവങ്ങൾ അവസാനിച്ചിരുന്നില്ല. അവർ വളരെ രോഷത്തോടുകൂടി പ്രായം കുറഞ്ഞ സന്യാസിക്കെതിരെ പടവാളുയർത്തി...

"നീ എന്തിനാണ് ആ യുവതിയെ ചുമന്നുകൊണ്ട് പുഴ കടന്നത്. ഒരു സന്യാസിയുടെ സർവ്വ സൽപ്പേരിനും നീ കളങ്കം ചാർത്തിയില്ലേ..."

ഒരല്പം ആലോചിച്ചു നിന്ന ശേഷം അയാൾ പുഞ്ചിരിയോടെ മറുപടി പറഞ്ഞു.

"ഓ... അതാണ് കാര്യം അല്ലേ. ഞാനവളെ ചുമലിലേറ്റിയെന്നത് സത്യം. പക്ഷേ ഞാൻ അവളെ മറുകരയിൽ ഉപേക്ഷിക്കുകയും ചെയ്തു. നിങ്ങൾ ഇപ്പോഴും അവളെ ചുമന്നു നടക്കുകയാണ്."

സന്യാസിമാരാണെങ്കിലും ഗൃഹസ്ഥാശ്രമികളാണെങ്കിലും താഴെയിറക്കേണ്ടതിനെ ചുമടിറക്കിയല്ലാതെ സ്വസ്ഥമായ ജീവിതം സാധ്യമല്ല. വെറുതെ ചുമന്നുകൊണ്ടു നടന്ന് പരിതപിക്കാതെ ഭാരമിറക്കി നമുക്ക് സഞ്ചരിച്ചുകൂടെ? ■

# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളെ,

ക്രിസ്തീയ ജീവിതമെന്നത് സാക്ഷ്യജീവിതമാണെന്ന സത്യം നാം ഒരിക്കലും വിസ്മരിക്കരുത്. ജീവിതം കൊണ്ട് ക്രിസ്തുവിന്റെ സാക്ഷികളാവുക എന്ന പരമമായ ദൗത്യമാണ് സഭാമക്കൾക്കുള്ളത്. ദൈവമുമ്പാകെയും ലോകമുമ്പാകെയും ഇന്ന് നമുക്ക് ഈ സാക്ഷ്യം നഷ്ടമായിരിക്കുന്നു എന്ന വസ്തുത നമ്മെ ഏറെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. സകല ലോകത്തിനുമുള്ള യേശുവിന്റെ രക്ഷാകരമായ സുവിശേഷം പ്രഘോഷിക്കുവാനും, സുവിശേഷ വഴിയിൽ ജീവിക്കുവാനും, സുവിശേഷ വാഹകരാകുവാനും, സുവിശേഷമായിത്തീരുവാനും കഴിയുമ്പോഴാണ് പ. സഭയ്ക്ക് ഉത്തമസാക്ഷികളുടെ സമൂഹമായി മാറുവാൻ കഴിയുന്നത്. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ധാർമ്മിക ദുരന്തം നമ്മുടെ ആത്മീയ ജീവിതത്തെ കാർന്നു തിന്നുവാൻ ഇടയാകാതെ ഉത്തമക്രിസ്തുഭക്തരുടെ ഒരു സമൂഹമായി നമ്മുടെ സഭ മാറണമെന്നാണ് ബലഹീനനായ നമ്മുടെ ആഗ്രഹം.

നേരായ സ്തുതിയർപ്പിക്കുന്ന ഓർത്തോദുക്സോ സത്യവിശ്വാസ പാതയിലൂടെയുള്ള പ. സഭയുടെ രണ്ട് സഹസ്രാബ്ദങ്ങളിലെ പ്രയാണം നമുക്ക് നിരവധി ആത്മീകവും ധാർമ്മികവുമായ അനുഭവ പാഠങ്ങൾ നൽകുന്നുണ്ട്. പ. സഭയെ സ്വപ്രാണനെക്കാൾ ഉപരി സ്നേഹിക്കുകയും സഭാ ജീവിതം എന്നത് ആരാധനാജീവിതമാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്തുകൊണ്ട് തികഞ്ഞ ദൈവാശ്രയബോധത്തോടെ പ. സഭയെ ഇന്നലെകളിൽ നയിച്ച പൂർവ്വിക പുണ്യ പിതാക്കന്മാരുടെ ജീവിതം നമ്മുടെ ആത്മീയ ജിവിതവഴികൾക്ക് ദിവ്യപ്രചോദനമാണെന്ന് നാം ഉറച്ചുവിശ്വസിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യണം.

കേരള നവോത്ഥാന ചരിത്രത്തിൽ അതീവ പ്രാധാന്യമുള്ള വിശുദ്ധ വേദപുസ്തകത്തിന്റെ മലയാള പരിഭാഷയുടെ 200-ാം വാർഷികവും, 2011 -ലെ കാതോലിക്കാദിനവും സമുചിതമായി ആചരിക്കുന്നതിന് 2011 ഏപ്രിൽ മാസം 10-ാം തീയതി എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കുന്ന മലങ്കരനസ്രാണി സംഗമം പ. സഭയുടെ യശസ്സും അഭിമാനവും വാനോളം ഉയരത്തക്ക രീതിയിൽ വിജയകരമാക്കുന്നതിന് സഭാമക്കൾക്ക് വളരെ ഉത്തരവാദിത്വം ഉണ്ട് എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ പ. സഭയുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കത്തക്കവിധം നിങ്ങളേവരും നിസ്വാർത്ഥമായി ആത്മാർത്ഥതയോടെ ഈ മഹാസമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

പ. വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. സ്വാർത്ഥതയും അഹങ്കാരവും എല്ലാ ദുഷ്ടതയും അധാർമ്മികതയും നമ്മിൽ നിന്നും ദൂരീകരിക്കപ്പെടുവാനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനും ഉയർപ്പിന്റെ സന്തോഷത്തിനും അർഹരായിത്തീരുവാനും, ദൈവത്താലുള്ള വിശുദ്ധീകരണത്തിനുമായി പ്രാർത്ഥനയോടെ നമുക്ക് നമ്മെത്തന്നെ ഈ ദിനങ്ങളിൽ ദൈവസന്നിധിയിൽ സമർപ്പിക്കാം.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

from the DESK

എഡിറ്റോറിയൽ



# നല്ല വാക്കോതുവാൻ

'ഇരുവായ്തലയും മൂർച്ചയുള്ളതുമായ വാക്കിനേക്കാൾ മൂർച്ചയുള്ളതാണ് വചനം' എന്നു കേൾക്കുമ്പോൾ ദൈവവചനത്തിന്റെ അനിതരസാധാരണ മായ ശക്തിസ്വാധീനമായിരിക്കാം ബോധത്തിൽ തെളിയുക. വചനത്തിന്റെ പ്രഭവ കേന്ദ്രം അന്തരംഗമാണ്, ബോധമാണ്; വചനം ഉണ്മയോട് ചേർന്ന് നിൽക്കുന്നു, ഉണ്മയുടെ ഭാഗമാണത്; ഉണ്മയാണത്. "ആദിയിൽ വചനം ഉണ്ടായിരുന്നു എന്നും, വചനം ദൈവത്തോടുകൂടെയായിരുന്നു എന്നും, വചനം ദൈവമായിരുന്നു" എന്നും പറയുമ്പോൾ വിശുദ്ധ ത്രിത്വത്തിലെ ദ്വിതീയ ആളത്വമായ വചനത്തെക്കുറിച്ചായിരിക്കും ന്യായമായും ചിന്തിക്കുക. ദൈവപുത്രന്റെ മനുഷ്യാവതാര വ്യാപാരത്തെ വിശദീകരിക്കുന്നതിനുള്ള ശ്രമത്തിൽ താത്വികമായ ഒരു അടിത്തറ അന്വേഷിച്ചിറങ്ങിയതിന്റെ പ്രതിഫലനമാകാം ഈ പ്രഖ്യാപനമെങ്കിലും ഓരോ വ്യക്തിയിലും നിലനിൽക്കുന്ന വാക്-ബോധ ബന്ധത്തിന്റെ സൂചനകൂടിയാണീ സമവാക്യം. ബോധത്തിൽ സ്ഥിതി ചെയ്യുന്ന വചനം അദൃശ്യമായി ഒരു 'ശക്തിയായി' ഉണ്മയിൽ നിദ്രയിലെന്നോണം കുടികൊള്ളുന്നു. സമയമാകുമ്പോൾ ഈ ഊർജ്ജം ഉണർന്ന് ഉണ്മയിൽ നിന്ന്, ബോധത്തിലൂടെ, ജനിക്കപ്പെടുകയാണ്. ശബ്ദോർജ്ജം സ്വീകരിച്ച്, അക്ഷരങ്ങളിലൂടെ പദങ്ങളായും, വാക്കുകളായും, ഘടനകൾക്കനുസരണമായി അവതരിക്കുകയാണ്.

പ്രവഹിക്കുന്ന ഊർജ്ജത്തിന്റെ അളവിനനുസരിച്ച് പദസംഘങ്ങളുടെ മൂർച്ച ഏറിയും കുറഞ്ഞും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ചിലപ്പോഴത് മൂർച്ചയുള്ള വാളിനേക്കാൾ കീറിമുറിക്കാൻ ശക്തമായിരിക്കും; ചിലപ്പോഴത് അതിമൃദുവായ ഇളംകാറ്റുപോലെ ഒരു സ്നേഹ സ്പർശമായിരിക്കും; ചിലപ്പോഴത് പുത്തൻ നാമ്പുപോലെ പ്രതീക്ഷാനിർഭരമായിരിക്കാം; ചിലപ്പോഴത് ഭയാനകമായ ഇരുട്ടുപോലെ അന്ധകാരാവൃതമായിരിക്കാം; ചിലപ്പോഴത് ഒരു നീരുറവപോലെ വരണ്ട പ്രതലങ്ങളെ നനവുള്ളതാക്കുന്നതാവാം! ഊർജ്ജ പ്രസരണത്തിന്റെ സാധ്യതയ്ക്കനുസരണമായ പ്രതിസ്പന്ദനങ്ങളാകും വാക്കുകൾ! നിയന്ത്രിക്കപ്പെടേണ്ടത് ഊർജ്ജത്തിന്റെ ഒഴുക്കിനെയാണ്. അന്തരംഗത്തിലെ ഊർജ്ജം ക്രിയാത്മകമാക്കുകയാണ് നല്ല വാക്കു

Editorial

കൾ പ്രവഹിക്കുന്നതിന് ആവശ്യമായ തയ്യാറെടുപ്പ്. ബോധം പ്രകാശമയമാകുമ്പോൾ അന്തരംഗത്തിലെ ഊർജ്ജം സ്നേഹപ്രവാഹമാകും; ബോധത്തിൽ സ്വാർത്ഥതയും, സ്വജനപക്ഷപാതവും, അധികാരമോഹവും, ഗർവ്വും, അസൂയയും കയറിക്കൂടുമ്പോൾ വെളിച്ചം നഷ്ടപ്പെട്ട് ഇരുട്ട് പരക്കും; പിന്നീട് പ്രവഹിക്കുന്ന ഊർജ്ജം അക്ഷരങ്ങൾക്ക് മൂർച്ച കൂട്ടും; വാക്കുകൾ ശ്രോതാവിന്റെ സന്ധിമജ്ജകളെയല്ല ഹൃദയത്തെത്തന്നെ കീറിമുറിക്കും. ബോധത്തിൽ ഇരുട്ട് കടന്നുകൂടിയവരുടെ സംഖ്യ ഏറിവരികയാണ് നമ്മുടെ സമൂഹത്തിൽ. ദുർവചനങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഒഴുകുന്നു; സുഭാഷിതം ഏതാണ്ട് അസ്തമിച്ചതുപോലെ! ഏറെ ദു:ഖകരം, ആത്മീയ ആചാര്യന്മാർ പോലും ദുർഭാഷണത്തിനൂർജ്ജം പകരുന്നു എന്ന ഭയാനകമായ സ്ഥിതിവിശേഷമാണ്. സ്ഥാനചിഹ്നങ്ങൾക്കും, വിശുദ്ധ വസ്ത്രങ്ങൾക്കുമുള്ളിൽ ഇപ്പോഴും 'പഴയ മനുഷ്യൻ' തന്നെ പ്രതികരിക്കുന്നു എന്നർത്ഥം. പ്രകാശമയമായ ബോധം രൂപപ്പെടാതെ 'അഹം' കാര്യമായെടുത്ത് അഹങ്കാരികളാകുന്നതുപോലെ! വെളിച്ചത്തിന്റെ ഉറവകളാകേണ്ടവർ ഉള്ള വെളിച്ചം ഊതിക്കെടുത്തുന്ന ഭയാനകത ആദ്ധ്യാത്മികതയെ ബാധിച്ചുതുടങ്ങിക്കഴിഞ്ഞു. 'ദുർഭാഷണം' അന്തരംഗത്തിലെ അന്ധകാരത്തെയാണ് സൂചിപ്പിക്കുന്നത്. തീവ്രമായ അനുഷ്ടാനങ്ങൾക്കും, ആചാരങ്ങൾക്കും ഏറെ പ്രാധാന്യം നൽകുന്ന 'ആത്മീയ മനുഷ്യരിൽ' പലരിലും വെളിച്ചത്തിന്റെ അഭാവം പ്രകടമാകുന്നു. 'വൈരുദ്ധ്യാത്മക ആദ്ധ്യാത്മികത' എന്ന് ഈ പ്രതിഭാസത്തെ വിളിക്കേണ്ടി വരുമോ? "ഹൃദയം നിറഞ്ഞു കവിയുന്നതേ വായ് സംസാരിക്കുകയുള്ളൂ" എന്ന സനാതന സത്യം പാഴാകയില്ലല്ലോ.


നിർമ്മലവും സുതാര്യവുമായ ഭക്തി സ്നേഹസ്പർശം പോലെയുള്ള വാക്കുകൾ അന്തരംഗത്തിൽ നിന്ന് പുറപ്പെടുവിക്കും. ബോധത്തിൽ വെളിച്ചം നിറഞ്ഞു നിൽക്കുന്ന ഇത്തരത്തിലുള്ള മനുഷ്യരാണ് ദൈവപുത്രന്മാർ. സൃഷ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നതും വെളിച്ചത്തിന്റെ ഈ മക്കൾക്കുവേണ്ടിയാണ്. നല്ല വാക്കോതുവാൻ വെളിച്ചത്തിന്റെ ഉടയവൻ ഊർജ്ജം പകരട്ടെ.

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

■

EDITORIAL

ഗുരുമൊഴി



**പ്രാർത്ഥനയ്ക്കായി നിന്റെ കരങ്ങൾ ദൈവത്തിങ്കലേക്ക് നീട്ടുമ്പോൾ മറ്റേതൊരു കാര്യത്തിനോ, നിന്റെ ആത്മാവിനോ വേണ്ടി പ്രാർത്ഥിക്കുന്നതിനു മുമ്പ് ഹൃദയപൂർവ്വം നിന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ഈ സൽപ്രവർത്തിയെ പ്രതി പിന്നീട് ദൈവത്തോട് എന്തു ചോദിച്ചാലും ദൈവം നിന്നെ ശ്രവിക്കും.**

*– അബ്ബാ സിൽവാനിയോസ്*

ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട



# നോമ്പ്

## വിത്തിൽനിന്നും വസന്തത്തിലേക്ക്

രണ്ട് മൂന്നാം ദിനങ്ങളുടെ ഇടയിലുള്ള ഒരു കാത്തിരിപ്പാണ് വലിയ നോമ്പുകാലം. ആദ്യത്തേത് സംഭവിക്കുന്നത് കാനാവിലാണ്. ഒരു മൂന്നാം ദിവസമാണ് ആ വിവാഹമെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. വിരുന്നുണ്ണുന്നവരും വിളമ്പുന്നവരും വീട്ടുകാരും ഒരുപോലെ വീണുപോകുന്നുണ്ട് വീഞ്ഞു തീർന്നുപോകുമ്പോൾ. എല്ലാവരും വീണുപോകുന്നിടത്ത് ദൈവം പ്രവർത്തിക്കുമ്പോൾ മൂന്നാം ദിനമായി . വീണുപോകാമെന്നുള്ള നമ്മളൊക്കെ ദൈവം പ്രവർത്തിക്കാൻ ഈ നോമ്പിൽ അവസരം കൊടുക്കാം. നോമ്പവസാനിക്കുന്നതും ഒരു മൂന്നാം ദിനത്തിലാണ് . മനുഷ്യന്റെ സാധ്യതകൾ അവസാനിക്കുന്ന വേലികെട്ടിന്റെ പേരാണ് മരണം. ദു:ഖശനിയിൽ മരണം ഘനീഭവിച്ചുകിടക്കുന്നു. എന്നാൽ പ്രതീക്ഷയുടെ മൂലക്കല്ലായി മൂന്നാം ദിനത്തിൽ ക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്നു. ആ മൂന്നാം ദിനത്തിലെ മൂലക്കല്ലിൽ കണ്ണെത്തിച്ച് നമുക്ക് യാത്രതുടങ്ങാം.

### നോമ്പ് – അകത്തേക്കുള്ള മടക്കം

എം മുകുന്ദന്റെ പ്രസിദ്ധമായ ഒരു കഥയാണ് പ്രഭാതം മുതൽ പ്രഭാതം വരെ. തീവണ്ടിയിറങ്ങുന്ന ചെറുപ്പക്കാരൻ തനിക്കുചുറ്റും സംഭവിക്കുന്നതൊന്നും മനസ്സിലാക്കാതെ അന്യഗ്രഹത്തിൽപ്പെട്ട ജീവിയെപ്പോലെ നിൽക്കുമ്പോൾ സ്നേഹപൂർവ്വം നാണൂനായർ അയാളെ വീട്ടിലേക്ക് കൊണ്ടുപോകുകയാണ്. യാന്ത്രികമായി നാണുനായരോടൊപ്പം നടന്ന അയാൾക്ക് എല്ലാം അപരിചിതമായിരുന്നു. നാണുനായർ എല്ലാം ഒരോന്നായി അയാൾക്ക് പരിചയപ്പെടുത്തുന്നു. പക്ഷികൾ, മൃഗങ്ങൾ, മനുഷ്യർ,സസ്യങ്ങൾ കുടുംബാംഗങ്ങളേയും ചുറ്റുവട്ടങ്ങളേയും അയാൾ ഗ്രഹിക്കുന്നു. എല്ലാറ്റിനും തലകുലുക്കിയ അയാൾ ഒടുവിൽ ചോദിക്കുന്നു. ഞാനാരാ നാണുനായരേ ! നാണുനായരുടെ മിണ്ടാട്ടംമുട്ടി. വീണ്ടും ഉറക്കെവിളിച്ചുചോദിച്ചിട്ടും മറുപടിയില്ല. ബഹിരാകാശത്തേക്കും അന്യഗ്രഹങ്ങളിലേക്കുമുള്ള പുത്തൻ സഞ്ചാര സാധ്യതകളെ ആരായുന്ന , ഭൂമിയുടെ അറ്റത്തോളം വാതായനങ്ങളെ തുറക്കുന്ന പുതിയ മനുഷ്യന് അവനവന്റെ അകത്തേക്കൊരു യാത്രപോകാൻ ആകാതെ വന്നിരിക്കുന്നു. അങ്ങനെവരുമ്പോൾ രണ്ട് ചോദ്യങ്ങളാണ് വലിയനോമ്പിന് മുളപൊട്ടുക. ഒന്ന് ഞാനെവിടെ നിൽക്കുന്നു. രണ്ട് ഞാനെവിടെ നിൽക്കണം .ഉത്തരം കണ്ടെത്തണമെങ്കിൽ ഒരു അകയാത്ര സംഭവിക്കണം. വലിയ പ്രവാചകനായ യെശയ്യാവിനെപോലെയൊരാൾ ഇത്തരമൊരു യാത്രയുടെ അവസാനം അയ്യോ എന്ന് നിലവിളിക്കുന്നു. ഞാൻ അരിഷ്ട മനുഷ്യൻ എന്ന് ദൈന്യതയോടെ പുലമ്പുന്നു.

സഭയുടെ കൗദാശിക ജീവിതത്തിൽ ഈ അകത്തേക്കുള്ള മടക്കം നഷ്ടപ്പെട്ടാൽ ഒഴുക്കിനൊപ്പംനീങ്ങുന്ന വെറും പൊങ്ങുതടി മാത്രം. വേദപുസ്തകത്തിന്റെ താളുകൾ മറിച്ചുതുടങ്ങുന്നതേ നാം കാണുന്നു. അലഞ്ഞുതിരിയേണ്ട ഗതികേടു ഭവിക്കുന്ന കായേനെന്ന പൊങ്ങുതടി. അയാൾ തന്റെ ബലി സ്വീകരിക്കപ്പെടാത്തതിന്റെ അർത്ഥം തേടിയത് തനിക്ക് പുറത്താണ്. ഒന്നിനും സമയമില്ലാതെ പോകുന്ന നമുക്ക് നമ്മുടെ പരക്കംപാച്ചിലുകളെ തടുത്ത് അകത്തേക്കൊരു യാത്രപോകാം. ഇത്രയും കാലം ഇരിപ്പുറയ്ക്കാതെ സഞ്ചരിച്ചിട്ടും പലപ്പോഴും എങ്ങും എത്തിച്ചേരാത്തതിന്റെ കാരണവും നമുക്കന്വേഷിക്കാം. വി. വേദപുസ്തകത്തിൽ ഒരു പക്ഷേ ദാവീദാണ് ഏറ്റവും കൂടുതൽ അകയാത്രകൾ നടത്തുന്ന വ്യക്തി. ഊരിയാവിനോട് ചെയ്തുപോയ അപരാധത്തിനും അബ്ശാലോമിന്റെ മുൻപിലെ പരാജയത്തിനും പുത്രമരണ ദു.ഖത്തിലുമെല്ലാം അനുതാപത്തിന്റെ പുഴയൊഴുക്ക് രാഗങ്ങളായി, ശോകകീർത്തനങ്ങളായി, തന്റെ കുറവുകളിലേക്കുള്ള അന്വേഷണത്തിന്റെ അകയാത്രകളായി നാം കാണുന്നു. അവിടെയൊക്കെ ഉപവാസത്തിന്റേയും വ്രതശുദ്ധിയുടേയും പശ്ചാത്തലമുള്ളതായി വേദപുസ്തകം പറയുന്നു. (2 ശമു 12:16) ഉള്ള് അശുദ്ധമാകാതിരിക്കാൻ നോമ്പെടുക്കുന്ന ദാനിയേലും കൂടെയുള്ളവരും ഉള്ളിലേക്ക് പോകുന്നതൊന്നും മനുഷ്യനെ അശുദ്ധമാക്കുന്നില്ല എന്ന് പറയുന്നവരെ നോക്കി ചിരിക്കുന്നുണ്ട്.

"ശരീരമാദ്യഖലുധർമ്മസാധനം" അതായത് ധർമ്മം അനുഷ്ഠിക്കാനായി ശരീരത്തെ പരുവപ്പെടുത്തണം . എന്ന കാളിദാസവചനം , ഇന്ദ്രിയനിയന്ത്രണത്തിനുള്ള ഒറ്റമൂലിയാണ് ഉപവാസം.

എന്ന ചൊല്ലിനെ സാധൂകരിക്കുന്നു. ദൈവം അഗ്നിയാണങ്കിൽ ആ അഗ്നി നിന്നിലുണ്ടെങ്കിൽ കഴിഞ്ഞനാളുകളിലെ നിന്റെ ആത്മീയ അലസഗമനവും ഇടപെടലുകളിലെ പൊള്ളത്തരങ്ങളും ഒക്കെചേർന്ന് നിന്നിലെ അഗ്നിക്കുമീതേ മൂടിയ ചാരം ഊതിക്കളയുകയാണ് ഈഅമ്പതുനോമ്പും , ഈ ദിനരാത്രങ്ങളിലെ പ്രാർത്ഥനയും അനുഷ്ഠാനങ്ങളുമൊക്കെ ചേർന്ന്. ദൈവചൈതന്യമാകുന്ന കനൽ ജ്വലിപ്പിക്കുന്ന ഈ കാറ്റിനെ കഠിനഹൃദയമാകുന്ന പാഴ്മുറം കൊണ്ട് നീ തടയരുത്. ഈ കാറ്റ് അകത്തേക്കുള്ള കാറ്റാണ്.

ഈജിപ്തിലെ വി. അന്തോണിയോസിന്റെ അഭിപ്രായത്തിൽ നിങ്ങളെത്തന്നെ അറിയുക. ഒരുവനെത്തന്നെ അറിയുന്നവൻ ദൈവത്തെ അറിയുന്നു. സിറിയയിലെ വി. ഇസഹാക്ക് പറയുന്നു. നിങ്ങൾ വിശുദ്ധിയുള്ളവരെങ്കിൽ നിങ്ങളിൽ സ്വർഗ്ഗമുണ്ടാകുന്നു. നിങ്ങളിൽ മാലാഖമാരേയും മാലാഖമാരുടെ നാഥനേയും കാണാം. ദൈവമുഖത്തുനിന്നും പൊട്ടിപുറപ്പെട്ട ആദമേ നീ എവിടെ എന്ന ആദ്യ ചോദ്യവും ആദ്യ മനുഷ്യനെ അകയാത്രക്ക് പ്രേരിപ്പിക്കുന്നതായിരുന്നു.

മൗനമാണ് ആകയാത്രയുടെ പുഷ്പകവിമാനം . ഇതുപോലെ മറ്റൊരുവാഹന (മാധ്യമ) മില്ല. അതുകൊണ്ടാണ് നോമ്പിനെകുറിച്ച് അധരം കൊണ്ടും ഉദരംകൊണ്ടുമുള്ള ഉപവാസം എന്നു പറയുന്നത് . (Fasting through mouth and belly). എപ്പോഴും കുറുകികൊണ്ടിരിക്കുന്ന പ്രാവിന്റെ ആയുസ് കുറയുന്നു. എന്നാൽ നിശബ്ദനായി കഴിയുന്ന ആമയുടെ ആയുസ് കൂടുന്നു എന്നാണ് ജന്തുശാസ്ത്രം പറയുക. എന്നാൽ പുതുതലമുറ ഉറങ്ങേണ്ട നേരത്തുപോലും ഉപകരണങ്ങളിൽക്കൂടി നിരന്തരമായി സംവേദിക്കുകയാണ്. സംസാരിക്കൂ––– സംസാരിച്ചുകൊണ്ടേ ഇരിക്കൂ–––എന്നാണല്ലോ മൊബൈൽ കമ്പനികൾ പഠിപ്പിക്കുന്നത്. വായ തുറക്കുവാൻവേണ്ടി മാത്രമുള്ളതല്ല അടയ്ക്കുവാൻവേണ്ടി കൂടെയുള്ളതാണെന്ന് കാലം മറന്നുപോകുന്നുണ്ട്. ആൾക്കൂട്ടമൊഴിഞ്ഞ ആ പകലിൽ യേശുവും പാപിനിയായ സ്ത്രീയും എറിയപ്പെടാൻ യോഗമില്ലാതെപോയ കുറെ കല്ലുകളും മാത്രം ബാക്കിയാകുമ്പോൾ എത്ര നിശബ്ദമായാണ് ക്രിസ്തു ഉടക്കുകളെ പ്രതിരോധിച്ചത്. അതുപോലെ നിർണ്ണായകമായ വിധിവേളകളുടെ അവസാനരാത്രിയിൽ ഒരുത്തരവും ഉരിയാടാതെ എത്ര നിശബ്ദമായാണ് യേശു ചരിത്രത്തെ സ്വാധീനിച്ചത്. "ജിതേ സർവ്വജിതേരസേ" എന്നൊരു ചൊല്ലുണ്ട് .രസനേന്ദ്രിയത്തെ (നാവ്) നിയന്ത്രിച്ചാൽ എല്ലാത്തിനേയും നിയന്ത്രിക്കാം എന്നാണ് ഇതിനർത്ഥം.

### നോമ്പ് – ഇച്ഛാശക്തിയോടുള്ള വെല്ലുവിളി

മനസ്സിന് രണ്ട് സാധ്യതകളാണുള്ളത്. ഒന്ന് ബുദ്ധിശക്തിയും മറ്റൊന്ന് ഇച്ഛാശക്തിയും. ബുദ്ധിശക്തി കാര്യങ്ങളെ അറിയുന്നതിനാണ് Data, Information,knowledge,wisdom ഇവയൊക്കെ ഒരുവന്റെ ബൗദ്ധികമണ്ഡലത്തിലെ സ്വീകരണാനുഭവങ്ങളാണ്. ബുദ്ധിയുടെ ലക്ഷ്യം അറിവാണ്. ഇച്ഛയുടെ ലക്ഷ്യം നന്മയാണ്. തനിയെ നിൽക്കുമ്പോൾ ഇച്ഛ അന്ധമാണ്. അതിലേക്ക് ബുദ്ധി പാകത്തിന് ചേർക്കുമ്പോഴാണ് ഇച്ഛാശക്തി ലക്ഷ്യത്തിലേക്കെത്തുന്നത്. ആദ്യകുടുംബത്തിന് ബുദ്ധിയുടെ കുറവുണ്ടായിരുന്നില്ല എന്നാൽ മധ്യേയുള്ള വൃക്ഷത്തിന്റ ചുവട്ടിൽ ചുറ്റും നോമ്പാകുന്ന വേലികെട്ടി മനുഷ്യന്റെ ഇച്ഛാശക്തിയെ വെല്ലുവിളിച്ച് ദൈവം ദൂരെ മാറിനിന്നു. പക്ഷേ അന്നുമുതലിങ്ങോട്ടാണ് ഇച്ഛാശക്തിയുടെ മുമ്പിൽ ബുദ്ധിയെ പണയപ്പണ്ടമാക്കുവാൻ മനുഷ്യൻ തുടങ്ങിയത്. ശരിക്കും നമ്മുടെ ഇന്ദ്രിയങ്ങളും ഇച്ഛയും തമ്മിലുള്ള പോരാട്ടമാകേണ്ടതാണ് നോമ്പ് . പക്ഷേ പോരാട്ടങ്ങളും സമരങ്ങളും



ഇല്ലാത്ത നമ്മുടെ ഉള്ളത്തിന് സാഹചര്യങ്ങൾക്ക് സമരസപ്പെടുന്ന ഗതികേടിനെ പ്രണയിച്ചു പോകേണ്ടിവരുന്നു. ഈ ലോകത്തിൽ രണ്ടുതരം മനുഷ്യർ ഉണ്ടെന്നാണ് പിതാക്കന്മാർ പറയുക. വീഴുന്നവരും നിലത്തുകിടക്കുന്നവരും ഒരു പന്നി ചെളിയിൽവീഴുകയും അതിൽ തന്നെ കിടക്കുകയും ചെയ്യുന്നു. ഒരു ആട്ടിൽകുട്ടി നിലത്ത് ചെളിയിൽ വീഴുകയും എന്നാൽ എഴുനേൽക്കുകയും ചെയ്യുന്നു. കുമാരനാശാന്റെ പ്രരോദനത്തിൽ ഒരു ഭാഗം ഉണ്ട് . അദ്ദേഹം നക്ഷത്രങ്ങളെ നോക്കി "ഈ പുഴു പറന്നീടുന്നു എന്ന് പാടി." ചിറകുണ്ടായാലേ പറക്കുവാൻ സാധിക്കൂ. പുഴുവിനാകട്ടെ ഇഴയാനേ സാധിക്കുന്നുള്ളു. പക്ഷേ ആ പുഴു തനിക്ക് എത്തിപിടിക്കുവാൻ സാധിക്കാത്ത വെളിച്ചത്തെ മുകളിൽകണ്ട് ഇച്ഛാശക്തികൊണ്ട് ചിറകു മുളപ്പിച്ച് പറന്നുയരുകയാണ്. മനോഹരമായ ഒരു ചിത്രമാണിത്. അതുകൊണ്ട് ഈ

# LENT

ഫാ. അലക്സ് പി. ജോർജ്



# നോമ്പ്

## മനുഷ്യൻ അലങ്കരിയ്ക്കപ്പെടുന്ന ദിനങ്ങൾ

**വലിയ നോമ്പിലെ ഞായറാഴ്ചകളിൽ ക്രിസ്തു ചെയ്ത ശ്രേഷ്ഠമായ എട്ട് കാര്യങ്ങൾ നാം ഓർക്കുന്നു. ഈ സംഭവങ്ങളെ ഒരു വിശ്വാസിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിയ്ക്കുകയാണ് ഈ ലേഖനത്തിൽ.**

### 1. പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നു. (വി. യോഹ. 2:1–11)

വിരുന്നു ഭവനത്തിൽ അവശ്യവസ്തു തീർന്നു പോവുക എന്നത് അതിഥേയരെ പ്രതിസന്ധിയിലാക്കുന്ന കാര്യമാണ്.

- ഏറ്റവും പ്രധാനപ്പെട്ട വസ്തുക്കളെ ആവശ്യത്തിന് കരുതി വയ്ക്കുക.
- ജീവിതമാകുന്ന വിരുന്നിൽ, ദൈവീക ബന്ധത്തിൽ ആവശ്യമായതിനെ കരുതിവെച്ചിട്ടുണ്ടോ?
  എവിടെയോ ആയിരുന്ന പച്ചവെള്ളത്തെ കൽഭരണിയിലേയ്ക്ക് പകരുകയാണ് ദൈവസാന്നിദ്ധ്യത്തോട് ചേർന്ന് പ്രത്യേക ഇടങ്ങളിൽ ആയിരിയ്ക്കുക എന്നത് ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിലാണ് രുചിയും, മണവും, ഗന്ധവും ഉണ്ടാവുന്നത്.
  ഈ സുന്ദര നിമിഷങ്ങളിൽ ദൈവം നമ്മെ ശുദ്ധീകരണ പാത്രങ്ങളിലേയ്ക്ക് പകരും, നാം രുചിയും, മണവും, ഗുണവും ഉള്ളവനായി തീരും.

### 2. കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു. (വി. ലൂക്കോ. 5:12–16)

യിസ്രായേലിന്റെ നിയമം അനുസരിച്ച് കുഷ്ഠ രോഗിയായ മനുഷ്യൻ പാളയത്തിന് പുറത്ത് താമസിയ്ക്കേണ്ടതാണ്, അശുദ്ധനായ വ്യക്തിയാണ്.

- അശുദ്ധികളെ നീക്കി എല്ലാവരോടും ചേർന്ന് ജീവിയ്ക്കുവാനുള്ള അവസരം ഒരുക്കുകയാണ് ക്രിസ്തു.
- പാപ കുഷ്ടം മൂലം ആത്മാവിന് നഷ്ടപ്പെട്ട സംവേദന ശക്തി (sensitiveness) നേടിയെടുക്കാം.

### 3. തളർവാത രോഗിയെ സൗഖ്യമാക്കുന്നു (വി. മർക്കോ. 2:1–12)

ചലിയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ചലനം വളർച്ചയുടെയും, സ്വാതന്ത്രത്തിന്റെയും അടയാളമാണ്.

- ക്രിസ്തു വളർച്ചയും, സ്വാതന്ത്ര്യവുമാണ് തളർവാതരോഗിക്ക് തിരികെ നല്കിയത്.
- തന്റെ കട്ടിലിന്റെ നാല് അതിർത്തികളിൽ തളയ്ക്കപ്പെട്ട ആ മനുഷ്യൻ വിശാലതകളിലേയ്ക്ക് യാത്രയാവുകയാണ്. ശുദ്ധീകരണം പ്രാപിച്ച് സ്വാതന്ത്ര്യം വളരുവാനുള്ള കരുത്തും നാം നേടിയെടുക്കണം.

**4. കനാന്യ സ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു (വി. മത്തായി 15:21–31)**

പുറജാതിക്കാരിയായ സ്ത്രീയുടെ വിശ്വാസം മൂലം അവളുടെ മകൾ സൗഖ്യം പ്രാപിയ്ക്കുന്നു.

- എതിർപ്പുകൾക്കു നടുവിലാണ് നമ്മുടെ വിശ്വാസത്തിന്റെ കരുത്ത് തെളിയിക്കപ്പെടേണ്ടത്.
- ശുദ്ധിയും, സ്വാതന്ത്ര്യവും നേടിക്കഴിഞ്ഞാൽ വിശ്വാസമാണ് നമുക്ക് ആവശ്യം.

**5. കൂനിയായ സ്ത്രീയുടെ കൂനു നിവർത്തുന്നു, (വി. ലൂക്കോസ് 13:10–17)**

ശുദ്ധീകരണവും, സ്വാതന്ത്ര്യവും, വിശ്വാസവും നേടിയാൽ ദൈവസന്നിധിയിൽ നിൽക്കുവാനുള്ള ഭാഗ്യമായി.

- ദൈവസന്നിധിയിൽ നിന്ന് സ്വാതന്ത്ര്യത്തോടെ നിന്ന് പ്രകാശിതരാകുവാൻ നമുക്ക് സാധിക്കണം വി. മാമോദീസായിലൂടെ.
- നമ്മുടെ കുറ്റങ്ങളും കുറവുകളും ദൈവസന്നിധിയിൽ ഇറക്കിവെക്കുവാൻ മനസ്സു കാണിച്ചാൽ ദൈവം നമ്മെ നിവർത്തും.

**6. കുരുടനായ മനുഷ്യൻ കാഴ്ച പ്രാപിക്കുന്നു (വി. യോഹന്നാൻ 9:1–41)**

കാഴ്ചയില്ലാത്ത അവസ്ഥ ദുസ്സഹമാണ്. പ്രകാശം നേടിയെടുക്കുക എന്നതാണ് അന്ധതയെ കീഴടക്കുവാനുള്ള മാർഗ്ഗം.

- ദൈവം രണ്ടാമത്തെ പ്രാവശ്യം മണ്ണുണ്ടാക്കുന്നത് കുരുടന് കാഴ്ച നൽകാനാണ്. ആദ്യം മണ്ണു കുഴച്ചത് മനുഷ്യനെ മെനയുവാനാണ്.
- പ്രകാശം നൽകുന്നതും ഒരു പുതുസൃഷ്ടിയാണ്. ഈ പുനഃസൃഷ്ടിയാണ് വി. മാമോദീസായിൽ നാം പ്രാപിക്കുന്നത്. പഴയതിനെ നീക്കി പുതിയ മനുഷ്യനെ നാം ധരിക്കുന്നു. ഇപ്പോൾ നാം വിശ്വാസ ശുദ്ധിയും, സ്വാതന്ത്ര്യവും നേടി വിശ്വാസം മൂലം ദൈവത്തിന്റെ സന്നിധിയിൽ നിവർന്നു നിന്നു പ്രകാശം സ്വീകരിച്ച് പുതിയ സൃഷ്ടിയായി തീർന്നിരിക്കുകയാണ്.

**7. ഓശാന ഞായർ (വി. യോഹ. 12:12–19)**

ഇത് സഹസ്രാബ്ദങ്ങൾക്ക് മുൻപ് നടന്ന ഒരു സംഭവമായിട്ട് മാറ്റി നിർത്തരുതേ. മുൻ ആഴ്ചകളിലെ ഗുണപാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ ഒരു വ്യക്തിക്ക് അനുഭവിക്കുന്ന ഭാഗ്യമാണിത്.

- ക്രിസ്തു നമ്മുടെ ഹൃദയമാകുന്ന യെരുശലേമിലേക്ക് എഴുന്നള്ളും.
- നമ്മുടെ ഇന്ദ്രിയങ്ങൾ കുരുത്തോലകളും, ഒലിവു ചില്ലകളും ഏന്തിക്കൊണ്ട് ഓശാന പാടണം.
- ഹൃദയവീഥികളിൽ പരവതാനികൾ വിരിച്ച് നമുക്ക് കർത്താവിനെ ഏതിരേൽക്കാം.
- ക്രിസ്തു നമ്മുടെ അവശേഷിപ്പിക്കുന്ന തിന്മകളേയും ഇല്ലാതാക്കട്ടെ.

**8. ഉയിർപ്പ് ഞായർ (വി. മത്തായി 28:1–20)**

കല്ലറയുടെ ഉള്ളിൽ നിന്ന് ക്രിസ്തു സകലതേജസ്സോടും കൂടി പുനരുത്ഥാനം ചെയ്യുകയാണ്.

- സകല കഷ്ടതയിൽ നിന്നും, പാപത്തിന്റെ പരീക്ഷകളിൽ നിന്നും ഒരു മനുഷ്യൻ മോചിതനായി ആ വ്യക്തിയുടെ ഉത്തമ രൂപം വെളിപ്പെടുന്ന സന്ദർഭമാണ് ഉയിർപ്പ്.
- ക്രിസ്തു നമ്മിൽ വസിക്കുമ്പോൾ കഷ്ടതകളേയും പാപത്തേയും അതിജീവിക്കുവാനുള്ള കരുത്ത് നാം പ്രാപിക്കുന്നു. ആ കരുത്തിൽ നമ്മുടെ ഏറ്റവും തേജസ്സേറിയ രൂപം ലോകത്തിന് നൽകുവാൻ നമുക്ക് കഴിയും.

ദൈവീക കാന്തിയുള്ള സർവ്വാഭരണങ്ങളാൽ നാം അലങ്കരയിക്കപ്പെടട്ടെ. ■

## നോമ്പ്, വിത്തിൽ നിന്നും....

*9–ാം പേജിൽ നിന്നു തുടർച്ച...*

നോമ്പിനോടുള്ള നിങ്ങളുടെ ഇച്ഛാശക്തിയെ സാത്താൻ എങ്ങിനെയാണ് പരാജയപ്പെടുത്തുന്നത്.?

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനെക്കുറിച്ചുള്ള 14–ാം സങ്കീർത്തനത്തിലെ പരാമർശവും ബുദ്ധിയുള്ള ആരാധനയെന്ന പൗലോ ശ്ലീഹായുടെ സൂചനയുമൊക്കെ വലിയനോമ്പിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ഇച്ഛാശക്തിയിലേക്ക് ബുദ്ധിസസൂഷ്മം ചേർക്കേണ്ടതിനെകുറിച്ച് കൂട്ടിവായിക്കാവുന്നതാണ്. വിശപ്പും ദാഹവും സഹിക്കുന്നതിനും ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളെ കടിഞ്ഞാണിട്ടുപിടിക്കുന്നതിനും മോഹങ്ങളേയും തൃഷ്ണകളേയും കാമത്തേയും അതിജീവിക്കുന്നതിനും ഈ വ്രതദിനങ്ങളിൽ ഉള്ളിൽ പോരാട്ടമുണരട്ടെ. 40 ദിവസങ്ങളിലെ ഉപവാസശേഷം മണൽക്കാട് വിട്ടുപോരുന്ന യേശുവിന്റെ ഇച്ഛാശക്തിയെ കുമ്മായകല്ലുകളിലേക്ക് വലിച്ചിഴച്ച് തന്റെ വിശപ്പിനെ അപ്പമെന്ന സ്വപ്നത്തിൽ കുടുക്കാൻ പിശാച് ശ്രമിക്കുമ്പോൾ ബുദ്ധികൊണ്ട് വെല്ലുവിളിയെ നാഥൻ പ്രതിരോധിക്കുന്നു.

വേദാന്തം പറയുന്നത് മനസ്സ് എന്നത് സത്വ, രജോ, തമോ എന്നീ ത്രിഗുണങ്ങളുടെ ഇരിപ്പിടമെന്നാണ്. സത്വഗുണം പ്രകാശമയമാണ്. ക്രോധവും അഹങ്കാരവും ഡംഭവും വിദ്വേഷവും രജോഗുണങ്ങളാണ്, തമോഗുണങ്ങളും അങ്ങനെതന്നെ. രജോ, തമോ ഗുണങ്ങളെ ഊതിക്കെടുത്താനും സത്വഗുണത്തെ പ്രോജ്ജ്വലിപ്പിക്കാനുമുള്ള ഉപാധിയാണ് ധ്യാനം, തപസ് അഥവാ നോമ്പ് എന്നൊക്കെ പറയുന്നത്. ധാന്യഭക്ഷണം സത്വഗുണത്തേയു മാംസഭക്ഷണം തമോഗുണത്തേയും പ്രോത്സാഹിപ്പിക്കുന്നു എന്നാണ് വെയ്പ്പ്. ആധുനിക മനുഷ്യന് ഇതൊക്കെ പ്രഹേളികയാകുന്നു. ഒന്നോർക്കുക, പിശാച് നിങ്ങളുടെ മനസിനേയും ആഗ്രഹത്തേയും ശരീരത്തേയും ഭയപ്പെടുന്നില്ല .പക്ഷേ സാത്താൻ നിങ്ങളുടെ ഇഛാശക്തിയെ ഭയപ്പെടുന്നുണ്ട്.

50 ദിനരാത്രങ്ങളിലൂടെ. സാഹചര്യങ്ങൾ മർദ്ദിച്ചിട്ടും വിണുപോകാത്ത ഒരു വടവൃക്ഷമാകണം നോമ്പ്. 50–ാം നാളിന്റെ നനുത്ത പുലരിയിൽ ഒരു വസന്തം പിറക്കണം . ഒരു പിറവിയുണ്ടാകണമെങ്കിൽ അതിനു പിൻപിൽ ഒരു ഗർഭധാരണം ഉണ്ടാകണം . അപ്പോൾ ചില അസ്വസ്ഥതകളും വേദനകളുമൊക്കെ കൂടെ ഉണ്ടാകും. ഇതാണ് നോമ്പിന്റെ നോവ്. അത്ര സരളമായ വഴിയൊന്നുമല്ല ഇത്.

ഉള്ള് നോവാതെ ചെയ്യുന്ന ഒരു കർമ്മമായാൽ നോമ്പ് നോമ്പല്ലാതായി തീരുന്നുണ്ട്. അത്തരം ഗതികേടിനെ കുറിച്ച് മഹത്വമുള്ളവനായ .യെശയ്യാ പ്രവാചകൻ തീഷ്ണമായി 58–ാം അധ്യായത്തിൽ പ്രതികരിക്കുന്നുണ്ട് . പൊരുൾ നഷ്ടപ്പെടുന്ന പ്രതീകം വെറും വിഗ്രഹമായിത്തീരും എന്ന് പണ്ടാരോ പറഞ്ഞത് മറക്കരുത്. ■

# ചീങ്ങേരി പള്ളിക്കൂദാശ നടത്തി

പ്രകൃതി രമണീയമായ വയനാട്ടിൽ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ കാരാപ്പുഴ ഡാമിന് സമീപം ചീങ്ങേരിയിൽ പണി കഴിപ്പിച്ച സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശ 2011 മാർച്ച് 2, 3 തീയതികളിൽ തുമ്പമൺ ഭദ്രാസനാധിപൻ അഭി. കുര്യാക്കോസ് മാർ ക്ലീമീസ്, ഇടവക മെത്രാപ്പോലീത്താ അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്, നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ജോഷാ മാർ നിക്കോദിമോസ് എന്നീ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിലും അനേകം വൈദികരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

1956–കളിൽ മീനങ്ങാടി വലിയപള്ളി അംഗങ്ങളായി ചീങ്ങേരി പ്രദേശത്തുള്ളവർ ഇടവക വികാരി പൗലോസ് പൂമറ്റത്തിൽ കോർഎപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ സൺഡേസ്ക്കൂളായി ആരംഭിച്ച് ചാപ്പലായി ശനിയാഴ്ച കുർബ്ബാന നടത്തി ക്രമേണേ ബഹുമാനപ്പെട്ട കുര്യാക്കോസ് ് പൊട്ടയ്ക്കലച്ചൻ എല്ലാ ഞായറാഴ്ചയും വി. കുർബ്ബാന അർപ്പിച്ച് വിശ്വാസികൾ കൂടിവന്ന രീതി ഉണ്ടായി.

കേസിൽ അകപ്പെട്ട് പ്രതിസന്ധി നേരിട്ട ദേവാലയമാണിത്. ഇടവക ജനങ്ങൾ രണ്ടായി, ദേവാലയം അടച്ചുപൂട്ടപ്പെടുകയും ചെയ്തു.

പാത്രിയർക്കീസ് വിഭാഗത്തിൽ പെട്ടവർ പഴയ ദേവാലയത്തിനു സമീപം പള്ളി പണിതു. ശേഷം ജനങ്ങൾ രണ്ട് കിലോമീറ്ററോളം അകലെ കാതോലിക്കേറ്റ് സെന്ററിൽ ബുദ്ധിമുട്ടുകൾ സഹിച്ച് കൂടി വന്നു. പുതിയ ദേവാലയത്തിന്റെ ഇരു ഭാഗങ്ങളും രമ്യതയിലെത്തിയത് ദൈവനിയോഗമായി കരുതുന്നു. പി.വി. കുര്യാക്കോസ് അച്ചൻ, പി.എസ്. മർക്കോസച്ചൻ, ബാബു തോമസ് അച്ചൻ എന്നിവരെ സ്മരിക്കുന്നു.

ഉമ്മൻ ജോർജ് അച്ചൻ സ്ഥലം വാങ്ങി പരുമലത്തിരുമേനിയുടെ നാമത്തിൽ കുരിശ് സ്ഥാപിക്കുകയും പെരുന്നാൾ നടത്തുകയും ചെയ്തു. വർഗീസ് മണ്ണത്ത് അച്ചൻ പാഴ്സനേജ് നിർമ്മിച്ചു. ദേവാലയ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി.

2008 മാർച്ച് 3–ന് പുതിയ ദേവാലയത്തിന് ശിലാസ്ഥാപനം നടത്തി. സാമ്പത്തിക ക്ലേശമുണ്ടായെങ്കിലും സ്വദേശത്തും, വിദേശത്തുമുള്ള അനേകർ കൈയ്യയച്ച് സംഭാവന നൽകി. പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത ഞങ്ങൾക്കനുഗ്രഹമായിത്തീർന്നു. സഹായിച്ച എല്ലാവരോടും ഒരിക്കൽക്കൂടി നന്ദി അറിയിക്കുന്നു.

**ഫാ. ഗീവർഗീസ് സാമുവേൽ ആറ്റുവ. (വികാരി)**

## ചിത്രമണ്ഡപം

മലങ്കരസഭയിലെ പരമാദ്ധ്യക്ഷന്മാരായിരുന്ന മാർത്തോമ്മാമാർ, പൗരസ്ത്യ കാതോലിക്കാമാർ ഇവരുടെ ഛായാചിത്രങ്ങൾ ദേവലോകത്ത് ചിത്ര ഗ്യാലറിയായി പ്രദർശിപ്പിക്കുന്നു. ഗ്യാലറി പ. ബാവാ ഉദ്ഘാടനം ചെയ്തു.


**B R I D E G R O O M W A N T E D**

Orthodox girl fiar physio therappist, CMC Veloor. Invite proposals from professionally qualified Employed boys preferably from medical field.

**Contact No. 0474-2650905**
*(call after 8 p.m.)*
**E-Mail : gracegod10@gmail.com**

**B R I D E G R O O M W A N T E D**

Orthodox parents seek proposals for their younger daughter, 26/165 c.m., MSc Nurse, from God fearing Orthodox boys, PG with professional qualified employed in Kerala.

***Contact No.***
**0469-2681509**

**B R I D E W A N T E D**

Orthodox parents invite proposals for their son, B.Com, aged 27/165 Settled in Kanpur , working in a MNC Pune, seek alliance from orthodox Parents of girls preferably working in outside kerala.

**Contact No. 09984234152**
**E-Mail : beena.j.jacob@gmail.com**

*For Favours Received*



Annamma Kochummen
Kundara






Mrs. Thankamma



Aji Abraham & Family
Puthuparambil



ഒരു വിശ്വാസി

# മലങ്കരസഭ പദപ്രശ്നം

23

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | | 6 |
| 7 | | 8 | | 9 | | |
| | | 10 | | | ■ | 11 |
| 12 | | | | 13 | | |
| | ■ | ■ | | | ■ | 14 |
| | ■ | 15 | | 16 | | |
| 17 | | | 18 | | 19 | |

## വലത്തോട്ട്

1. വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ അപ്പം വയ്ക്കുന്ന പരന്ന പൂജാ പാത്രം 93)
2. യഹൂദാ ഗോത്രത്തിന് കുടുംബം കുടുംബമായി കാട്ടിയ അവകാശത്തിൽ ഏദോമിന്റെ അതിർത്തിക്കരികെ തെക്കേ അറ്റത്തുള്ള 29 പട്ടണങ്ങളിൽ ഒന്ന് (4)
4. സെരുബാബേലിനോടും, യോശുവായോടും കൂടി വന്ന പുരോഹിതന്മാരുടെയും ലേവ്യരുടെയും കൂട്ടത്തിൽ സല്ലായി കുലത്തിനുണ്ടായിരുന്ന പുരോഹിതൻ (3)
6. പേർഷ്യൻ സഭയുടെ തലസ്ഥാനമായിരുന്ന സെലൂക്യാ ടെസിഫോണിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റിലെ പ്രധാനി. മാർത്തോമ്മാ ശ്ലീഹാമുതലുള്ള കാതോലിക്കാ സ്ഥാനികളുടെ പട്ടികയിൽ ആദായിക്കു ശേഷം ഈ പേര് കാണുന്നു. (2)
7. പേർഷ്യൻ രാജാവായ സാപ്പോർ II ന്റെ കാലത്ത് അവിടെ നിന്നും എ.ഡി. 345–ൽ കേരളത്തിലേക്കു വന്ന സംഘത്തിന്റെ നേതാവ്. ഇദ്ദേഹത്തിന് കേരളത്തിലെ രാജാവിൽ നിന്നും അധികാരാവകാശങ്ങൾ ചെപ്പേടുകളിൽ ലഭിച്ചു. (6)
8. നോഹയുടെ വംശപാരമ്പര്യത്തിൽ കനാന്റെ പുത്രന്മാരിൽ ഒരുവൻ (3)
9. സുറിയാനി പാരമ്പര്യത്തിൽ വി. കൂദാശകൾ അനുഷ്ഠിക്കുമ്പോൾ പുരോഹിതന്മാർ ധരിക്കുന്ന മനോഹരമായ പുറങ്കുപ്പായം (2)
14. ആചാരത്വം യോഹന്നാനു നല്കിയത് ഇദ്ദേഹമാണെന്ന് പുരോഹിതന്മാരുടെ കുക്കിലിയോനിൽ കാണുന്നു (4)
16. വേട്ടയിറച്ചി പാകം ചെയ്തു യാക്കോബ് ഇസഹാക്കിനു നൽകിയപ്പോൾ സംശയം തോന്നിയ യിസഹാക്ക് യാക്കോബിനെ..............നോക്കിയാണ് സ്ഥിരീകരിച്ചത്. (2)
17. യേശു തമ്പുരാന്റെ കല്പന പ്രകാരം ആറ് കൽഭരണികളിൽ ഭൃത്യന്മാർ വെള്ളം നിറച്ചത് .............. ആയിരുന്നു. (3)

## താഴോട്ട്

1. 1817–ൽ പുന്നത്ര മാർ ദീവന്നാസിയോസിനെയും, 1825–ൽ ചേപ്പാട് മാർ ദീവന്നാസിയോസിനെയും വാഴിച്ച തൊഴിയൂർ സഭയുടെ മെത്രാൻ ഗീവർഗീസ് മാർ.............ആയിരുന്നു. (6)
2. യെരുശലേമിന്റെ മതിൽ പണിയുവാനായി അവിടെ താമസിച്ച പുരോഹിതന്മാരും ലേവ്യരുമായ 928 പേരിൽ അവസാനത്തെ ആൾ (3)
3. കോർഎപ്പിസ്ക്കോപ്പാമാർ കൂദാശ അനുഷ്ഠിക്കുമ്പോൾ സാധാരണ കാപ്പായുടെ പുറത്ത് ധരിക്കുന്ന അംശവസ്ത്രം (4)
4. സോർ സീദോൻ പ്രദേശങ്ങളിൽ വച്ച് യേശുവിനോട് തന്റെ മകളുടെ ഭൂതോപദ്രവം കഠിനമായിരിക്കുന്നുവെന്ന് പറഞ്ഞയാൾ. (4)
5. അശേർ ഗോത്രത്തിൽ കുടുംബം കുടുംബമായി കട്ടിയ 22 പട്ടണങ്ങളിൽ ഒന്ന് (2)
6. തന്റെ പ്രിയനെ ചെറു ..........ആണ് ഉത്തമഗീതത്തിൽ പ്രകീർത്തിച്ചിരിക്കുന്നത്. (2)
10. ഇവർ തലയിൽ മൂടുപടം അണിയണമെന്ന് പൗലോസ് ശ്ലീഹാ അനുശാസിക്കുന്നു. (3)
11. കള്ളന്മാർ ആക്രമിക്കപ്പെട്ട വഴിയാത്രക്കാരനെ നല്ല ശമരിയാക്കാരൻ വീഞ്ഞും എണ്ണയും പകർന്ന്..........കെട്ടി.
12. ധൂപപ്രാർത്ഥനയിൽ പരിശുദ്ധന്മാരെ കുറിക്കുന്ന കുക്കിലിയോന്റെ സുറിയാനി നാമം (3)
13. ഫിലമോന്റെ സഹോദരി (3)
15. അയ്യായിരം പേരെ പോഷിപ്പിച്ച അത്ഭുതപ്രവർത്തിയിൽ ബാലകന്റെ കയ്യിൽ നിന്നും ശിഷ്യന്മാർ യേശുവിന്റെ കയ്യിൽ ഏൽപ്പിച്ചത് 5 ..........അപ്പമായിരുന്നു. (2)
16. അന്തരാലയത്തിൽ നിർത്തിയ രണ്ട് കെരൂബുകളും പൊന്നുകൊണ്ട് പൊതിഞ്ഞപ്പോൾ അന്തരാലയവും ബാഹ്യാലയവുമായ ആലയത്തിന്റെ ഈ ഭാഗവും പൊന്നുകൊണ്ട് പൊതിഞ്ഞു (2)

## പദപ്രശ്നം–20, ശരിയുത്തരമയച്ചവർ

**വിജയി:- എലിസബത്ത് തോമസ് പത്തനാപുരം**

*ശരിയുത്തരം അയച്ചവരുടെ എണ്ണം വളരെ കൂടുതലായതിനാൽ പ്രസിദ്ധീകരിക്കാൻ സ്ഥലപരിമിതി മൂലം കഴിയുന്നില്ല. സദയം സഹകരിക്കുക.*
*– എഡിറ്റർ*


**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം–38**

*ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-04-2011*

### പദപ്രശ്നം–20–ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ബെ | സ് | 2 കു | ദി | ശ | 3 ഗീ | 4 ലോ |
| യ് | ■ | ന്തം | 5 യ | 6 ഹോ | വ | വീ |
| 7 ലി | ലി | 8 യോ | 9 ആ | 10 സ | ഗീ | സ് |
| നൊ | ■ | ഹ | 11 മേ | രെ | സ് | 12 യ |
| സ് | ■ | ന്ന | ൻ | 13 നി | സ | ൽ |
| 14 മൗ | ദ്യോ | 15 ന്നാ | 16 സോ | 17 യ | ഹ | ദോ |
| നം | ■ | ൻ | 18 രാ | മം | ദാ | ന |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)



പ്രവാചകന്റെ വഴികൾ



5

**അക്കൽദാമ എന്ന പ്രസംഗം കേട്ട ഒരു കശാപ്പുകാരന് മാനസിക വിഭ്രാന്തി ഉണ്ടായി സ്റ്റേജിൽ ഓടിക്കയറിയതിന് ശേഷം പേടിപ്പിക്കുന്ന പ്രസംഗങ്ങൾ നിർത്തി. സാമൂഹിക നീതിയിലേക്കും, സ്നേഹത്തിലേക്കും എന്റെ പ്രസംഗ വിഷയങ്ങൾ നീങ്ങി.**

# കൺവൻഷൻ വേദികളിലൂടെ...

സഭാവ്യത്യാസം കൂടാതെ എല്ലാ കൺവൻഷനുകളിലും ഞാൻ പോകുമായിരുന്നു. പ്രസംഗങ്ങൾ കുറിച്ചെടുക്കുമായിരുന്നു. ഭഗത് സിംഗ് എന്ന സുവിശേഷകൻ പ്രസംഗിക്കുന്ന കാലത്ത് അദ്ദേഹം പറഞ്ഞ ഒരു വാചകം എന്റെ മനസ്സിൽ ഇപ്പോഴും ഉണ്ട്. യോനതിമിംഗലത്തിന്റെ ഉള്ളിലല്ല, തിമിംഗലം യോനയുടെ ഉള്ളിൽ കിടന്നു, എന്ന് വേദപുസ്തകം പറഞ്ഞാൽ ഞാൻ അതു വിശ്വസിക്കും' ഞാൻ theology പഠിക്കുവാൻ പോകുന്നു എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, 'ശിഷ്യന്മാർ ആരും പഠിക്കുവാൻ പോയില്ല അതുകൊണ്ട് പഠിക്കുവാൻ പോകണ്ട. കർത്താവ് പഠിപ്പിക്കും എന്നതായിരുന്നു. അദ്ദേഹവുമായി എഴുത്തുകൾ വഴി ആശയ സംവേദനം നടത്തിയിരുന്നു, അപ്രകാരം അദ്ദേഹം എഴുത്തുകളിൽ quote ചെയ്തിരുന്ന വാക്യങ്ങൾ 'B' എന്ന അക്ഷരം കൊണ്ട് എന്റെ പഴയ ഒരു ബൈബിളിന്റെ മാർജിനിൽ ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ബാല്യത്തിലെ ബൈബിൾ പഠിക്കുവാൻ തുടങ്ങിയത് കൊണ്ടാണ് എനിക്ക് പ്രസംഗിക്കുവാൻ സാധിച്ചത്. ബൈബിൾ വായനയിൽ, എന്നെ സ്പർശിക്കുന്ന ഭാഗങ്ങൾ ഒരേ കാലയളവിൽ പലയിടത്ത് ഞാൻ പ്രസംഗിക്കുമായിരുന്നു. പെരുമ്പാവൂരും, മാക്കാംകുന്നും, കല്ലൂപ്പാറയും ഞാൻ പ്രസംഗിച്ച ഒരു വാക്യം 'ആമോസേ നീ എന്തു കാണുന്നു' എന്നതായിരുന്നു അക്കാലത്ത് പലരും എന്നെ തൂക്കുകട്ട ശെമ്മാശ്ശൻ എന്ന് വിളിച്ചിരുന്നു.

**വാക്യം തിരഞ്ഞ് കണ്ടുപിടിക്കുന്നത് പകരം വാക്യം എന്നെ പിടിക്കുകയായിരുന്നു. എന്നെ പിടിച്ച് കുലുക്കിയ വാക്യങ്ങളാണ് പിന്നീട് കൺവൻഷൻ പ്രസംഗങ്ങളായി മാറിയത്.**

മലേഷ്യയിൽ പോയപ്പോഴും എന്നെ ആ പേരിൽ വിളിക്കുന്നവർ ഉണ്ടായിരുന്നു. 'കടന്നുപോകുന്ന ഏവരുമേ നിങ്ങൾക്ക് ഇത് ഏതുമില്ലയോ' എന്ന വാക്യം പരസ്യയോഗങ്ങളിൽ പ്രസംഗിക്കുമായിരുന്നു.

ശെമ്മാശനായി ഞാൻ ആദ്യം പ്രസംഗിച്ചത് നിലയ്ക്കൽ പള്ളിയിലായിരുന്നു. ക്രിസ്തുവിനെ വേണോ? ബറബാസിനെ വേണോ എന്ന പ്രസംഗം കേട്ട പലരും എന്നെ വലിയ കൺവൻഷനുകൾക്ക് വിളിക്കുവാൻ തുടങ്ങി. വാക്യം തിരഞ്ഞ് കണ്ടുപിടിക്കുന്നത് പകരം വാക്യം എന്നെ പിടിക്കുകയായിരുന്നു. എന്നെ പിടിച്ച് കുലുക്കിയ വാക്യങ്ങളാണ് പിന്നീട് കൺവൻഷൻ പ്രസംഗങ്ങളായി മാറിയത്.

അക്കൽദാമ എന്ന പ്രസംഗം കേട്ട ഒരു കശാപ്പുകാരന് മാനസിക വിഭ്രാന്തി ഉണ്ടായി സ്റ്റേജിൽ ഓടിക്കയറിയതിന് ശേഷം പേടിപ്പിക്കുന്ന പ്രസംഗങ്ങൾ നിർത്തി. സാമൂഹിക നീതിയിലേക്കും, സ്നേഹത്തിലേക്കും എന്റെ പ്രസംഗ വിഷയങ്ങൾ നീങ്ങി. ദൈവകൃപയാൽ അന്ന് കേട്ട പല പ്രസംഗങ്ങളും പലരും ഇന്ന് ഓർത്തിരിക്കുന്നു. ദൈവവചന വ്യാഖ്യാനമല്ലാതെ ആളുകളെ ചിരിപ്പിക്കുന്ന പ്രസംഗങ്ങൾ ഒന്നും തന്നെ ചെയ്യില്ലായിരുന്നു. ബഹു. ജോഷ്വാ അച്ചനും, ഞാനും വി. റ്റി. ചാക്കോ മാസ്റ്ററും, മേപ്രാൽ ചാണ്ടി മാസ്റ്ററും മറ്റുമായിരുന്നു ആദ്യകാല കൺവൻഷൻ പ്രസംഗകർ. ഇന്ന് നൂറുകണക്കിന് കൺവൻഷൻ പ്രസംഗകർ ഉണ്ട്. നിർഭാഗ്യവശാൽ ജനക്കൂട്ടം പഴയതുപോലെ ഇല്ല. മറ്റ് പല പ്രസംഗകർക്കും ഇല്ലാതിരുന്ന കൃപ എനിക്ക് ഉണ്ടായിരുന്നതിനാൽ മലബാറിലെ പുല്ല് മേഞ്ഞ പള്ളികൾ മേയുവാനും, ആൻഡമാൻസിൽ പള്ളി പണിയുവാനും മറ്റുമായി ധാരാളം സ്വർണാഭരണങ്ങൾ പോലും പലരും തന്നിട്ടുണ്ട്.

ഒരിക്കൽ പുത്തൻകാവിലെ പ്രസംഗത്തിന് ശേഷം ഒരു വല്യമ്മച്ചി ഒരു സ്വർണമാല എന്നെ ഏൽപ്പിച്ചു. അക്കാലത്ത് സ്വർണാഭരണങ്ങൾ ചുരുക്കമായിരുന്നതിനാൽ 'മക്കളോട് ചോദിക്കാതെ തരാൻ കഴിയുമോ? എന്ന് ഞാൻ ചോദിച്ചതിന്. ഇത് എന്റേതാണ് എന്ന് പറഞ്ഞ് എന്നെ നിർബന്ധിച്ച് ഏൽപ്പിച്ചത് ഇന്നും ഓർക്കുന്നു. എം.ജി. പോൾ അച്ചൻ സുവിശേഷാലയം സെക്രട്ടറി ആയിരുന്ന കാലത്താണ് ഇന്നത്തെ ചാപ്പൽ പണിതത്. പലയിടത്തുനിന്നും കിട്ടിയ കൈമുത്തുകൊണ്ടാണ് പണി പൂർത്തീകരിച്ചത്.

എന്റെ വിദേശയാത്രകളെക്കുറിച്ച് 'നാലു ഭൂഖണ്ഡങ്ങളിലൂടെ നാൽപ്പത് യാത്രകൾ' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ ഇവിടെ പ്രത്യേകമായി പറയുന്നില്ല. ■

## കടമറ്റം പള്ളിപ്പെരുന്നാൾ

**കടമറ്റം:** വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ മാർ ആബോ പിതാവി നാൽ 1600 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിത മായ കടമറ്റം സെന്റ് ജോർജ് ഓർത്ത ഡോക്സ് ദേവാലയത്തിലെ പെരുന്നാൾ 27, 28 തീയതികളിൽ നടന്നു.

അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത കാർമികത്വം വഹിച്ചു. 27–ന് വൈകുന്നേരം നടന്ന പൊതുസമ്മേളനത്തിൽ യുവജനക്ഷേമവകുപ്പ് മന്ത്രി ജി. സുരേന്ദ്രൻ പിള്ള, ഐസക്ക് മട്ടുമ്മേൽ കോർ എപ്പിസ്കോപ്പാ, ഡോ. ജോർജ് ജോസഫ്, ജോസഫ് പുതുശേരി, മോൻസ് ജോസഫ്, എ.ബാബു എന്നിവർ പ്രസംഗിച്ചു.

## ഏജന്റ്സ് മീറ്റ്

മലങ്കരസഭാ മാസികയുടെ സർക്കുലേഷൻ പ്രൊമോട്ടേർമാരുടെ സംഗമം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഫെബ്രു. 24–ന് നടന്നു. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അജി വർഗീസ് ബത്തേരി മാർക്കറ്റിംഗ് ക്ലാസ്സ് നയിച്ചു. മാനേജിംഗ് എഡിറ്റർ ഫാ. തോമസ് പി. മുകളിൽ, സബ് എഡിറ്റർ ഫാ. ഷാലു ലൂക്കോസ്, ഫാ. അലക്സി മാത്യൂ, ഡീ. വിനു വർഗീസ് എന്നിവർ പ്രസംഗിച്ചു. ഏജന്റുമാർക്കുള്ള പാരിതോഷികങ്ങൾ വിതരണം ചെയ്തു.

നിലവിലുള്ള പ്രൊമോട്ടർമാരും, പുതിയ ഏജൻസിക്ക് താല്പര്യമുള്ളവരും

ബന്ധപ്പെടുക: ശ്രീ. കെ. എ. ജോൺ
(സർക്കുലേഷൻ ഇൻ-ചാർജ്) 0481 –2573234


16TH DEATH ANNIVERSARY
OF

**G. DANIEL**

KODIAT, 667 DARSHAN NAGAR
PEROORKADA, TRIVANDRUM,
ON 22 MARCH 2011



*"Safe in the arms of Lord Jesus Christ"*

*Inserted by :*
**Sorrowing family**



Environment

ഫാ. വർഗീസ് റ്റി. വർഗീസ്

# ജലവിചാരങ്ങൾ

> **മാരകമായ ജലജന്യരോഗങ്ങൾ ഇന്ന് തലമുറയെ കാർന്ന് തിന്നുന്നു. ഡയേറിയ പോലുള്ള രോഗങ്ങൾ പിടിപെട്ട് പ്രതി വർഷം 4 ദശലക്ഷം കുട്ടികൾ മരിക്കുന്നു. WHO–യുടെ പഠനം വെളിവാക്കുന്നത് 2020 ആകുമ്പോഴേക്കും ഇത്തരം ജലജന്യരോഗങ്ങൾ കാരണം 135 ദശലക്ഷം ആൾക്കാർ മരിക്കും എന്നാണ്.**

**വേ**ൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'വൈറ്റൽ സൈൻസ്' എന്ന രേഖയിൽ പറയുന്നു. മനുഷ്യരാശി ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഊർജ്ജ പ്രതിസന്ധിയോ യുദ്ധങ്ങളോ വർഗ്ഗീയതയോ വംശീയ കലാപങ്ങളോ ഭക്ഷ്യപ്രശ്നമോ അല്ല, മറിച്ച് കൂടി നീരിന്റെ പ്രശ്നമാണ്..." ഭൂമുഖത്തിന്റെ 70 ശതമാനത്തിലധികവും ജലത്താൽ സമ്പന്നമാണ്. ഭൂമണ്ഡലത്തിൽ ജീവന്റെ വളർച്ച യ്ക്കും വികാസത്തിനും ജലം ഏറെ അനിവാര്യവുമാണ്. പക്ഷെ ഇതൊന്നും അറിയാത്തവരും, അറിയാമായിരുന്നിട്ടും അറിയാതെ നടിക്കുന്നവരും ഈ അമൂല്യ സമ്പത്തിനെ നിരന്തരം ചൂക്ഷണം ചെയ്തു കൊണ്ടിരിക്കുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ഇവിടെ ജീവനുകൾ നിഷ്കരുണം തകർക്കപ്പെടുന്നു. ഒരു വശത്ത് മര്യാദയില്ലാത്ത മലിനീകരണം, മറുവശത്ത് സ്വകാര്യവത്ക്കരണം. ഇതു രണ്ടും കാരണം ജലം ആക്രമിക്കപ്പെടുമ്പോൾ ജലസുരക്ഷയുടെ പുതുദർശനങ്ങളെ കണ്ടെത്തി പ്രയോഗത്തിൽ വരുത്തിയേ മതിയാകൂ. ഇവിടെ മരം മാത്രമല്ല ജലവും ഒരുവരമാണെന്ന അവബോധം ഇനിയുമന്യമാകാൻ പാടില്ല.

"അപ്സ്വന്തരമൃതം, അപ്സുഭേഷജം, അപാമുത പ്രശസ്തയേ" (ജലത്തിലത്രേ അമൃതതത്വം, ജലത്തിലത്രെ രോഗശമന കാരിത്വം, അപ്രകാരമത്രെ ജലപ്രശ്സ്തി) ഇത് ഋഗ്വേദത്തിന്റെ പഠിപ്പിക്കലാകുമ്പോൾ ക്രിസ്തു ജലത്തെ നിർവചിക്കുന്നത് 'ജീവജലം' എന്ന നാമധേയത്തിലാണ്. ഈ ജലപ്രശസ്തിയും ജീവജലവുമൊക്കെ ഇന്ന് എവിടെയാണ്. ഭാരത പാരമ്പര്യത്തിൽ മനുഷ്യവാസ കേന്ദ്രങ്ങളെ 'അബാദി' എന്നാണ് വിളിക്കുന്നത്. വെള്ളത്തെ അടിസ്ഥാനമാക്കിയത് എന്നത്രേ ഇതിന്റെ അർത്ഥം. ഇത് വിരൽ ചൂണ്ടുന്നത് ജലം മനുഷ്യന്റെ ജന്മാവകാശം എന്ന ധാരണയിലേക്കാണ്. എന്നാൽ ഇന്ന് ഈ ജന്മാവകാശം പലപ്പോഴും നിഷേപിക്കപ്പെടുന്നു.

ഒരാൾക്ക് ഒരു ദിവസത്തേക്ക് ആയിരം മുതൽ രണ്ടായിരം വരെ ക്യുബിക് മീറ്റർ ജലം നല്കിയാലേ ആ രാജ്യത്ത് ജലക്ഷാമമില്ലെന്ന് പറയാനാകൂ. ജലവിതരണം ആളോഹരി ആയിരം ക്യുബ്ക് മീറ്ററിൽ കുറഞ്ഞാൽ ആ രാജ്യത്ത് ജലപ്രതിസന്ധിയുണ്ടെന്ന് പറയാം. 26 രാജ്യങ്ങൾ ഈ വിധം ജലപ്രതിസന്ധിയിലാണ്.

കഴിഞ്ഞ അരനൂറ്റാണ്ടിനടയ്ക്കുണ്ടായ സാങ്കേതിക ശാസ്ത്ര പുരോഗതിയുടെ ഫലം ഒറ്റവാക്യത്തിൽ നിർവചിച്ചാൽ അതിങ്ങനെയായിരിക്കും–'ഭൂമിയിലെ വായുവും ജലവും മണ്ണും ഭാഗികമായോ പൂർണ്ണമായോ വിഷമയമായി'. ഇവിടെ ഒരു ദുരന്തമല്ല പ്രകൃതിയെ കാത്തിരിക്കുന്നത്, മറിച്ച് ഒരായിരം ദുരന്തങ്ങളുടെ പരമ്പരയാണ്. ഇവിടെ 'ജലസുരക്ഷ'യുടെ അനിവാര്യത തിരിച്ചറിഞ്ഞ് മനുഷ്യൻ പ്രവർത്തിച്ചേ മതിയാകൂ.

### 1) സ്വകാര്യവത്കരണം

വാണിജ്യത്തിൽ വർദ്ധനയുണ്ടാക്കാൻ കുവികസനം (maldevelopment) നടപ്പാക്കുന്നു. പക്ഷെ അവശേഷിക്കുന്നത് മലിനീകരിക്കപ്പെട്ട പുഴ, ഇല്ലാതായ ഭൂഗർഭജലം, മരുവത്കരിച്ച മണ്ണ്, ദാഹിക്കുന്ന മനുഷ്യർ തുടങ്ങിയവകയാണ്. അസ്ഥിര വികസനം മൂലമുണ്ടായ ജലക്ഷാമത്തെ നേരിടാൻ അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്, അന്താരാഷ്ട്ര വാണിജ്യ സംഘടന എന്നിവ മുന്നോട്ട് വയ്ക്കുന്ന പരിഹാരം ജല സ്രോതസ്സുകളുടെ സ്വകാര്യവത്കരണമാണ്. നിർഭാഗ്യവശാൽ സ്വകാര്യവത്കരണം ജലത്തിന്റെ അസ്ഥിരമായ ഉപയോഗ രീതിക്ക് ആക്കവും ജലാധിഷ്ഠിതമായ വിഭജനത്തിന് ആഴവും കൂട്ടും. ഇത് കോർപറേറ്റുകൾ ജലവിതരണത്തെ നിയന്ത്രിക്കുന്നതിനും പണമുള്ളവന് അവരർഹിക്കുന്നതിനെക്കാൾ കൂടുതൽ പങ്ക് ലഭിക്കുന്നതിനും ഇടവരുത്തും. അതിന്റെ ഫലമായി വാങ്ങൽ ശേഷി ഇല്ലാത്തവർക്ക് അവരുടെ ജന്മാവകാശമായ ജലം നിഷേധിക്കപ്പെടും. വെള്ളത്തിന്റെ

സ്വകാര്യവത്കരണം സമൂഹത്തെ വിഭജിക്കുന്നതിനും മനുഷ്യാവകാശ നിഷേധത്തിനും കാരണമാകും. മാത്രമല്ല, സ്വകാര്യകമ്പനികൾക്ക് അവരുടെ മുടക്ക് മുതലിന്റെ നാലിരട്ടിയിലധികം ജലച്ചന്തകളിലൂടെ തിരിച്ചെടുക്കാനും കഴിയുന്നു. ഇവിടെ സ്വകാര്യവത്കരണത്തിലൂടെ ജലം സുരക്ഷിതമാകുന്നുവോ?

### 2) ഭൂഗർഭജല ചൂഷണം

2000 മാർച്ചിൽ പ്ലാച്ചിമടയിൽ കൊക്കോകോള പ്ലാന്റ് സ്ഥാപിക്കുമ്പോൾ കൊക്കോകോള, ഫാന്റാ, സ്പ്രൈറ്റ്, ലിംക, തംസ്അപ്, കിൻലെ സോഡ, മാസ എന്നിവയുടെ 12,24,000 കുപ്പി നിറയ്ക്കാനായിരുന്നു പദ്ധതി. ഇതിന്റെ ആവശ്യത്തിനായി വെള്ളമെടുക്കാനായി ഒരു പമ്പ് സ്ഥാപിക്കാൻ പ്രാദേശിക ഭരണകൂടം ഉപാധികളോടെ അനുമതി നല്കി. എന്നാൽ ടാർജറ്റിലധികം കുപ്പികൾ നിറയ്ക്കാനായി നിയമ വിരുദ്ധമായി ആറിൽ കൂടുതൽ കുഴൽക്കിണറുകളിൽ നിന്ന് മില്ല്യൺ കണക്കിന് ലിറ്റർ വെള്ളം വലിച്ചെടുക്കാൻ തുടങ്ങി. പ്രതിദിനം ഏതാണ്ട് 1.5 മില്യൺ ലിറ്റർ വെള്ളം ശേഖരിക്കാൻ തുടങ്ങിയപ്പോൾ ഭൂഗർഭ ജല നിരപ്പ് 150 അടിയിൽ നിന്ന് 500 അടിയിലേയ്ക്ക് ക്രമേണ താഴാൻ തുടങ്ങി. ഫലമോ കൃഷിക്കും കുടിവെള്ളത്തിനുമായി സാധാരണ ജനം നെട്ടോട്ടമോടാൻ തുടങ്ങി. ഇത് ഒരു പ്രദേശത്തെ മാത്രം പ്രത്യേകതയല്ല. ഇന്ന് 1000 കുഴൽ കിണറുകൾ പരിശോധിച്ചാൽ അതിൽ 700–ലധികം കിണറുകൾ 650 അടിയിൽ അധികം താഴ്ചയിലാണ്. ഇവിടെ ഒരു ജ്യൂസറിലൂടെ പഴച്ചാർ പിഴിഞ്ഞെടുക്കുന്ന കണക്കെ കുഴൽ കിണറുകളിലൂടെ ഭൂഗർഭജലം ഊറ്റിയെടുക്കുമ്പോൾ ജലിവിതാനത്തിന്റെ അളവ് എന്താകും എന്ന് അനുമാനിക്കാവുന്നതേയുള്ളൂ.

### 3) പെട്രോളിയം

പെട്രോളിയം ശുദ്ധീകരണത്തിലൂടെ സമുദ്രത്തിൽ തള്ളപ്പെടുന്ന മാലിന്യത്തിന്റെ തോത് പരിശോധിച്ചാൽ ഭയാനകമാണ്. ഇന്ന് കടലുകൾ മലിനമാകുന്നതിന് പ്രധാന കാരണമായ പെട്രോളിയത്തിൽ 70%വും എത്തപ്പെടുന്നത് Foutine Shipping ലൂടെയും 12% ടാങ്കർ അപകടങ്ങളിലൂടെയുമാണ്. അത്തരത്തിൽ മൾട്ടി നാഷണൽ ഓയിൽ കമ്പനിയുടെ Foutine Shipping ലൂടെയും ടാങ്കർ അപകടങ്ങളിലൂടെയും ജലം മലിനമാകുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ ഒരു നിശ്ചിത കാലഘട്ടത്തിൽ അവസാനിക്കുന്നതല്ല, മറിച്ച് ഒരു തുടർ പ്രവർത്തനമായി പ്രകൃതിയേയും ഭൂചര ജീവികളേയും കടന്നാക്രമിക്കും. 1989–ൽ അലസ്കയിൽ സംഭവിച്ച എണ്ണചോർച്ചയിലൂടെ രണ്ടരലക്ഷം കടൽ പക്ഷികൾ ചത്തൊടുങ്ങി എന്ന് കണക്കുകൾ തെളിയിക്കുമ്പോൾ പെട്രോളിയം മലിനീകരണത്തിലൂടെ ജല സുരക്ഷ തകർക്കപ്പെടുന്നതിന്റെ തീവ്രത ചിന്തിക്കാവുന്നതേയുള്ളൂ.

> ‘ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി’
>
> – ഒ.എൻ.വി.

### 4) റേഡിയോ ആക്ടീവ് മാലിന്യം

ന്യൂക്ലിയർ പവർ പ്ലാന്റുകളിൽ നിന്നും സമുദ്രത്തിലേക്ക് ഒഴുക്കിക്കളയുന്ന റേഡിയോ ആക്ടീവ് മാലിന്യങ്ങൾ അതിഭീകരതയുടെ വിത്തുകളാണ്. ഇത് ഗാഢാവസ്ഥയിലാണ് ഒഴുക്കിക്കളയുന്നതെങ്കിൽ, ഇവ കലർന്ന ജലം മരണ കാരണവും ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾക്ക് കാരണവുമാകും. ഇതിന്റെ മറ്റൊരു പ്രത്യേകത ഇവ അതിവേഗം സമുദ്രം മുഴുവൻ വ്യാപിക്കും എന്നതാണ്. ബ്രിട്ടനിലെ സെല്ലാ ഫീൽഡ് (sellafield) ന്യൂക്ലിയർ പവർ പ്ലാന്റിൽ നിന്നും പുറത്ത് വിടുന്ന റേഡിയോ ആക്ടീവ് മാലിന്യങ്ങളുടെ തിക്ത ഫലം അനുഭവിക്കുന്നത് നോർവേ പോലെയുള്ള അയൽ രാജ്യങ്ങളാണ്. ഇത്തരം ദുരവസ്ഥ ഇന്ന് ഇന്ത്യയിലെ ചില സംസ്ഥാനങ്ങളെങ്കിലും അനുഭവിക്കുന്നുണ്ട്.

### 5) പ്ലാസ്റ്റിക്കുകൾ

നദീതീരങ്ങളിൽ സാധാരണ കണ്ടുവരുന്ന ഒന്നാണ് ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ. ഇതിന്റെ പ്രധാനകാരണം ഇതൊരു നിത്യോപയോഗ സാധനമായി സ്ഥാനം പിടിച്ചു എന്നത് തന്നെയാണ്. എന്നാൽ ഇതിന്റെ ഭാരക്കുറവും വിഘടന (biodegradation) സാദ്ധ്യതയില്ലായ്മയും മറ്റ് ചില കാരണങ്ങളാണ്. പഠനങ്ങൾ തെളിയിക്കുന്നത് 450 വരെ പ്ലാസ്റ്റിക്കിന് biodegradation സംഭവിക്കില്ല എന്നാണ്. ഇത് ഒരു immediate crisis ലേക്ക് നയിക്കുന്നില്ലെങ്കിലും ദൂരവ്യാപകമായി ഇത് ജല ആവാസവ്യവസ്ഥയെ തകർക്കും. പ്ലാസ്റ്റിക് ഒരു വശത്ത് അന്തരീഷത്തെ കാർന്ന് തിന്നുമ്പോൾ മറുവശത്ത് മാരകവിഷാംശമുള്ള രാസപദാർത്ഥങ്ങളടങ്ങിയ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ കടൽജീവികളുടെ വംശനാശത്തിനും ജല മലിനീകരണത്തിനും കാരണമാകും. ലോകത്ത് ഇന്നുള്ള കടൽ പക്ഷികളിൽ നാലിൽ ഒരു ഭാഗത്തിന്റെയുള്ളിലും ഏതെങ്കിലും തരത്തിലുള്ള പ്ലാസ്റ്റിക് അവശിഷ്ടം ഉണ്ടെന്നതാണ് യാഥാർത്ഥ്യം.

### 6) വ്യാവസായിക മാലിന്യം

പ്രതിവർഷം 400 ബില്യൺടൺ വ്യാവസായിക മാലിന്യമാണ് നദികളിലൂടെയും സമുദ്രത്തിലൂടെയും നമ്മുടെ ജല വിഭവത്തെ നശിപ്പിക്കുന്നത്. ഇലക്ട്രോണിക് സർക്യൂട്ട് ബോർഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ polychlorinted biphenyls അതിശക്തിയായ അപകടകാരിയാണ്. ഇക്കാരണത്താൽ ചില രാജ്യങ്ങളിൽ ഇതിന്റെ



ഉപയോഗം പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ആർട്ടിക് പ്രദേശത്തുള്ള മത്സ്യങ്ങളിൽ ഒരു പഠനം നടത്തിപ്പോൾ ഇവയ്ക്കുള്ളിൽ ശക്തമായ അളവിൽ PCB അടങ്ങയിട്ടുണ്ടെന്ന് തെളിയിക്കാനായി. ഇതെങ്ങനെ സംഭവിച്ചു എന്ന് ചിന്തിക്കാവുന്നതേയുള്ളൂ. സമീപകാലത്തായി മാരകവിഷാംശമുള്ള tributyltin (TBT) എന്ന രാസവസ്തു അടങ്ങിയ ഒരുതരം പെയിന്റ് ബോട്ടുകൾക്കും കപ്പലുകൾക്കും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ശാസ്ത്രജ്ഞന്മാരുടെ ഭാഷയിൽ ഇതിന്റെ ദൂഷ്യഫലം വ്യക്തമാക്കിയാൽ "സമുദ്രം ഒരു ബോട്ടിന് വരുത്തുന്നതിനെക്കാൾ ഭീകര നഷ്ടം ഇതുപയോഗിച്ച ഒരു ബോട്ട് സമുദ്രത്തിനുണ്ടാകുന്നു" എന്നാണ്.

അമേരിക്കയിൽ മാത്രം പ്രതിവർഷം 4 ലക്ഷം കമ്പനികൾ ശുദ്ധജലം നദികളിൽ നിന്ന് ശേഖരിച്ച് തത്സ്ഥാനത്ത് വ്യാവസായിക മാലിന്യം ഒഴുക്കിവിടുന്നുണ്ട്. ഓരോ രാജ്യവും ഇതിന്റെ തനിയാവർത്തനങ്ങൾ ആകുമ്പോൾ, പ്രത്യേകിച്ച് ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങൾ, പ്രതിവർഷം എത്ര കഠിന അനുപാതത്തിലായിരിക്കും ജലവിഭവം മാലിന്യമാക്കുമ്പാരമായി മാറ്റുന്നത്, അതോ ജലസുരക്ഷ തകർന്നടിയുന്നത്.

## 7) മലിനജലം (sewage)

2030 ആകുമ്പോഴേക്കും ജനസംഖ്യയിൽ ചൈനയെ കടത്തി വെട്ടാനാഗ്രഹിക്കുന്ന ഇന്ത്യയിലെ ഈ ഭീമജനസമൂഹം ദിനംപ്രതി പുറത്തേക്കൊഴുകുന്ന മലിനജലത്തിന്റെ അളവ് പരിശോധിച്ചാൽ ഭീതിജനകമാണ്. അപ്പോൾ ലോകം മുഴുവനും ഈ പ്രതിഭാസം തുടരുമ്പോഴോ? മാരകമായ ജലജന്യരോഗങ്ങൾ ഇന്ന് തലമുറയെ കാർന്ന് തിന്നുന്നു. ഡയേറിയ പോലുള്ള രോഗങ്ങൾ പിടിപെട്ട് പ്രതിവർഷം 4 ദശലക്ഷം കുട്ടികൾ മരിക്കുന്നു. WHO-യുടെ പഠനം വെളിവാക്കുന്നത് 2020 ആകുമ്പോഴേക്കും ഇത്തരം ജലജന്യരോഗങ്ങൾ കാരണം 135 ദശലക്ഷം ആൾക്കാർ മരിക്കും എന്നാണ്.

ഒരു പരിഹാരം എന്ന കണക്കെ പലപ്പോഴും ഈ മലിനജലം ഒഴുക്കിവിടുന്നത് സമുദ്രത്തിലേക്കാണ്. ഒരു ഭാഗത്ത് sewage-ൽ വിഘടന (biodegradable) സാദ്ധ്യതയുള്ള പ്രകൃതി നിർമ്മിത വസ്തുക്കളാണെങ്കിലും മറുവശത്ത് ഇതിന്റെ 90% വും ജലമാണ്. ഈ മലിനജലത്തിലൂടെ വൈറസുകൾ പടർന്ന് ഹെപ്പറ്റൈറ്റിസ്, ടൈഫോയിഡ് എന്നിവ വ്യാപിക്കാനും സാദ്ധ്യത കൂടുതലാണ്. ഇവിടെ, നഗരത്തിലെ ഓടകളുടെ ദുർഗന്ധത്തിൽ നിന്ന് മുക്തി തേടി സമുദ്രത്തിന്റെ സൗകുമാര്യത തേടുന്ന മനുഷ്യന് ഇന്ന് സമുദ്രം സമ്മാനിക്കാൻ സാദ്ധ്യതയുള്ളത് നമ്മുടെ ചിന്തകൾക്കപ്പുറത്തല്ല.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച് നല്കിയിരിക്കുന്ന ഈ ശ്രേഷ്ഠ ദാനത്തെ നിഷ്കരുണം കവർന്നെടുത്ത് യാതൊരു മാനദണ്ഡവുമില്ലാതെ നാം നശിപ്പിക്കുമ്പോൾ, ജലത്തിന് യാതൊരു സുരക്ഷിതത്വവുമില്ലാത്ത ജലവിപണന വേദികൾക്ക് ആക്കം കൂട്ടുമ്പോൾ, മറുവശത്ത് വി. വേദപുസ്തകം ജലത്തെ എങ്ങനെ വിലയിരുത്തുന്നു എന്ന് നോക്കാം.

## 8) ബൈബിളും ജലവും

ബൈബിളിലെ ശക്തമായ ആശയങ്ങളിലൊന്നാണ് ജലം. ബൈബിൾ ആരംഭിക്കുന്നിടത്ത് തന്നെ ദൈവസാന്നിദ്ധ്യത്തിന്റെ ദൃശ്യാവിഷ്കാരം ജലത്തിലൂടെയാണ്. "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു" (ഉല്പ. 1:2) പഴയ നിയമത്തിൽ മാത്രം ഏതാണ്ട് 600-ഓളം പരാമർശങ്ങൾ ജലത്തെക്കുറിച്ച് നടത്തിയിട്ടുണ്ട്.

ഭൂമിയിൽ സസ്യങ്ങൾ മുളയ്ക്കുന്നതും മനുഷ്യനും ജന്തുക്കൾക്കും ആവശ്യമായ ആഹാരം മുളപ്പിക്കുന്നതും ദൈവം ആകാശത്ത് നിന്ന് പൊഴിക്കുന്ന ജലബിന്ദുക്കളിലൂടെയാണ്. ഒരു ഹരിതവിപ്ലവം തന്നെ നടക്കുന്നതായിട്ടാണ് സങ്കീർത്തനങ്ങളിലെ വർണ്ണന (സങ്കീ. 65:9-13). ഏദനിലെ നദികളെക്കുറിച്ച് പ്രത്യേക പരാമർശത്തിന്റെ ആവശ്യമില്ലല്ലോ.

പുതിയ നിയമത്തിൽ ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ മുഖവുരയായി 'ജലസ്നാനം' തെരഞ്ഞെടുക്കുമ്പോൾ തന്നെ ജലത്തിന്റെ പവിത്രത എത്ര അമൂല്യമാണെന്ന് ചിന്തിക്കാവുന്നതേയുള്ളൂ. ക്രിസ്തു തന്റെ അടയാളങ്ങളിൽ പലപ്പോഴും ജലത്തെ മുൻപന്തിയിൽ നിർത്തിയിട്ടുണ്ടെന്നത് മറ്റൊരു ശ്രേഷ്ഠത. 'ജീവജലം' എന്ന നാമകരണം തന്നെ ശ്രദ്ധേയമായി വി. വേദപുസ്തകം അവതരിപ്പിക്കുമ്പോൾ ജലവിഭവത്തിന്റെ ബൈബിൾ പ്രസക്തി തിരിച്ചറിയാവുന്നതേയുള്ളൂ. (യോഹ. 4:10-11, വെളി. 22:1) അക്ഷരാർത്ഥത്തിലും ആലങ്കാരികമായും ജലത്തിന് വിവിധ വർണ്ണനകൾ ബൈബിൾ അവതരിപ്പിക്കുമ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ കൂദാശാനുഷ്ഠാനങ്ങളിലും ജലത്തിന്റെ പ്രസക്തി ശ്രദ്ധേയമാണ്.

- വി. കുർബ്ബാനയിൽ
- ദനഹാശുശ്രൂഷയിൽ
- കാൽ കഴുകൽ ശുശ്രൂഷയിൽ
- പെന്തിക്കോസ്തി പെരുന്നാളിൽ
- വി. മാമോദിസായിൽ
- ഭവന ശുദ്ധീകരണത്തിൽ


തുടങ്ങിയ കൂദാശകളിലെല്ലാം ജലം ഒരു അവിഭാജ്യ ഘടകമാണ്. വി. കുർബാനയിൽ-തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും -ആ വെള്ളത്തിന്റെ സ്ഥാനമാണ് ജലത്തിന് നല്കുന്നത്. ഇത്രയേറെ പ്രസക്തമാണ്, ആരാധനാനുഷ്ഠാനങ്ങളിലെ ജലസാന്നിദ്ധ്യം.

ലോർഡ് ബൈറൺ എഴുതുന്നു, "വേദനിപ്പിക്കുന്ന അനുഭവങ്ങൽ കൊണ്ട് പഠിച്ചാൽ മാത്രമേ മനുഷ്യന് വെള്ളത്തിന്റെ യഥാർത്ഥ മൂല്യം മനസ്സിലാകൂ," എന്ന്. ഇതിന് പൂരകമെന്നോണം അടിയന്തരാവസ്ഥ കാലത്ത് ജയിലിൽ കിടക്കേണ്ടി വന്ന ഒരെഴുത്തുകാരൻ പായുന്നു, അടിയന്തരാവസ്ഥയിൽ ജയിലിലടയ്ക്കുന്നതിന് മുൻപ് ഒരു മാസം പോലീസിന്റെ മർദ്ദന ക്യാമ്പിൽ കഴിയേണ്ടിവന്നു. ദിവസങ്ങളോളം കുളിക്കാതെ, വസ്ത്രം അലക്കാതെ, ഭക്ഷണമില്ലാതെ ജീവിക്കേണ്ടി വന്നു. ഒടുവിൽ ഒരു പോലീസുകാരന്റെ ദയാവായ്പെന്നോണം 501 ബാർസോപ്പ് പതച്ച് കൈകാലുകളും മുഖവും കഴുകിയപ്പോഴുണ്ടായ നിർമ്മലതയിലും ശാന്തിയിലുമാണ് അദ്ദേഹം വെള്ളത്തിന്റെ വില മനസ്സിലാക്കിയതെന്ന്. വേദനിപ്പിക്കുന്ന അനുഭവങ്ങൾ കൊണ്ട് പഠിച്ചാൽ മാത്രമേ ഇന്നിന്റെ മനുഷ്യന് വെള്ളത്തിന്റെ യഥാർത്ഥമൂല്യം മനസ്സിലാക്കാനാകൂ. പക്ഷെ കൂടുതൽ വേദനിപ്പിക്കുന്ന അനുഭവങ്ങളിലേക്ക്, അപകടങ്ങളിലേക്ക്, പോകാതിരിക്കണമെങ്കിൽ പ്രകൃതി കനിഞ്ഞ് നല്കിയ ഈ അമൂല്യവരദാനം സുരക്ഷിതമായി നിലനിർത്തിയേ മതിയാകൂ. ഇതിന് പഠനങ്ങൾക്കപ്പുറം പ്രായോഗികതയാണാവശ്യം. ഈ പ്രായോഗികതയിലേക്ക് നമുക്കൊരുമിച്ച് അണിചേരാം. ഓർക്കുക 'ജല(വും) ഒരു വരമാണ്' അത് സുരക്ഷിതമായി നിലനിർത്തേണ്ടത് നാം തന്നെയാണ്. ■

# Together

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

# കുടുംബങ്ങൾ പ്രതിസന്ധിയിൽ



**കാനോനിക പ്രാർത്ഥന ചൊല്ലിയതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത് ദൈവവചനം വായിക്കുവാനും അതിൽ നിന്നു ധ്യാനിക്കുവാനും സാധിക്കണം.**

■ ■

അമേരിക്കയിലെ പ്രസിദ്ധനായ ഗ്രന്ഥകാരനും ടെലിവിഷൻ പ്രഭാഷകനുമായ ബിഷപ്പ് ഫുൾട്ടൻ ഷീൻ ഇപ്രകാരം എഴുതി. “The foundation of social life are abaken of the very moment when the foundations of family life are destroyed”. കുടുംബജീവിതത്തിന്റെ അടിസ്ഥാനങ്ങൾ തകരുമ്പോൾ സമൂഹത്തിന്റെ അടിസ്ഥാനങ്ങളും അതോടൊപ്പം തകരും ഇന്ന് അദ്ദേഹത്തിന്റെ പ്രവചന രൂപത്തിലുള്ള വാക്കുകൾ പാശ്ചാത്യ സമൂഹത്തിൽ നിറവേറുന്ന അവസ്ഥയാണുള്ളത്. ഇന്ന് എന്താണു നാം കാണുന്നത്? മൂല്യബോധമില്ലാത്ത തലമുറ; ധാർമികതയ്ക്കു വില കല്പിക്കാത്ത ജീവിതദർശനം; കടിഞ്ഞാണിടാത്ത ജീവിതശൈലി, അസ്വസ്ഥത നിറഞ്ഞ അന്തരീക്ഷം.

ഇവയ്ക്കെല്ലാം കാരണം കുടുംബജീവിതത്തിന്റെ അടിത്തറ ഇളക്കിയിരിക്കുന്നു എന്നതാണ്. ഉരുൾപൊട്ടൽ (landslide) ഉണ്ടാകുമ്പോൾ സകലത്തെയും തകർക്കുകയും ഒഴുക്കിക്കളയുകയും ചെയ്യുന്നതുപോലെയാണ് കുടുംബത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുടുംബത്തകർച്ച വെളിപ്പെടുത്തുന്ന ഒരു സംഭാഷണം ശ്രദ്ധിക്കുക. വിവാഹത്തിന്റെ അൻപതു വർഷം പിന്നിട്ട്, അതിന്റെ ജൂബിലി ആഘോഷിക്കുന്ന മുത്തശി അവരുടെ പേരക്കിടാവുമായി (കൊച്ചുമക്കൾ) സ്വാനുഭവങ്ങൾ അയവിറക്കുകയായിരുന്നു. വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും നിറഞ്ഞതായിരുന്നു അവരുടെ ജീവിതമെങ്കിലും വർഷങ്ങൾക്കു മുമ്പു നടന്ന വിവാഹശുശ്രൂഷയിൽ ദൈവമുമ്പാകെ ചെയ്ത പ്രതിജ്ഞ അവരുടെ ബന്ധം കെട്ടുറപ്പുള്ളതായി സുഖത്തിലും, ദുഃഖത്തിലും, രോഗത്തിലും ആരോഗ്യത്തിലും ഉയർയിലും താഴ്ചയിലും, മരണം വേർപെടുത്തുംവരെ പരസ്പരം സഹായിച്ചും സഹകരിച്ചും, പ്രോത്സാഹിപ്പിച്ചും ആശ്വസിപ്പിച്ചും വിശ്വസ്തതയോടെ ജീവിച്ചുകൊള്ളാമെന്ന് അന്നു ചെയ്ത പ്രതിജ്ഞ അവരെ ഒരുമിച്ചു നിറുത്തി. വിവാഹം ഒരു ആജീവനാന്ത ബന്ധമാണെന്നും മുത്തശി കൂട്ടിച്ചേർത്തു.

അപ്പോൾ കൊച്ചുമകളുടെ പ്രതികരണം “ഞാൻ ആരെങ്കിലുമായി പ്രേമത്തിൽ ഏർപ്പെടും. പക്ഷേ ഞാൻ വിവാഹത്തിന് ഒരുമ്പെടുകയില്ല. ആ സാഹസം ഞാൻ ഒഴിവാക്കും. വിവാഹത്തിന്റെ നൂലാമാലകളിൽ കുടുങ്ങാൻ ഞാൻ ഒരുക്കമല്ല. മാറ്റമെന്നുള്ളതാണ് (change) ജീവിത നിയമം. അപ്പോൾ സ്ഥിരമായ ഒരു ബന്ധം സാധ്യമല്ല. രണ്ടു തലമുറകളുടെ വീക്ഷണമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്.

വിവാഹ ബന്ധത്തെ ബന്ധനമാക്കുന്ന വികല വീക്ഷണം നമ്മുടെ സമൂഹത്തിലും സ്വാധീനം വരുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ടെലിവിഷൻ ചാനലിൽ വന്ന ഒരു പരിപാടിയിൽ ഒരു ഭാര്യ പറയുന്ന വാക്കുകൾ ഇപ്രകാരമായിരുന്നു: എന്റെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കാൻ ഞാൻ ഒരുക്കമല്ല. ബന്ധം ഉലയുന്നെങ്കിൽ ഞാൻ കാര്യമാക്കുന്നില്ല". ഇപ്രകാരമുള്ള വിശ്വാസങ്ങളും വീക്ഷണങ്ങളുമാണ് നമ്മുടെ ചാനലുകളിൽക്കൂടി പ്രചരിപ്പിക്കുന്നത്. കുടുംബക്കോടതികൾ എല്ലാ ജില്ലയിലും ഇന്നു സജീവമാണ്. അവിടെ ചെന്നെത്തുന്ന കേസ്സുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു.

കുടുംബത്തകർച്ചയ്ക്ക് പല കാരണങ്ങൾ ഉണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

**1) ഭൗതികത്വത്തിന്റെ അതിപ്രസരം:** ഉപഭോഗ സംസ്ക്കാരം സാർവത്രികമായിത്തീർന്നിരിക്കുന്ന ഇന്ന് ധനത്തിനുവേണ്ടിയുള്ള അമിതാസക്തിയും അതാർജിക്കാനുള്ള വ്യഗ്രതയുമാണ് എവിടെയും പ്രകടമാകുന്നത്. ധനദേവത അല്ലെങ്കിൽ മാമ്മോനാണ് ഇന്നു കുടുംബങ്ങളിൽ ആധിപത്യം വിവാഹാലോചന നടക്കുമ്പോൾ മറ്റെല്ലാരെക്കാൾ മുൻതൂക്കം സാമ്പത്തികത്തിനാണ്. സ്ത്രീ പീഡനങ്ങൾക്കുള്ള ഒരു പ്രധാന കാരണം സാമ്പത്തികാർത്തിയാണ്.

പണത്തിന്റെ ആർത്തിയോടൊപ്പം വരുന്നതാണ് ധൂർത്തിന്റെ പ്രകടനങ്ങൾ. വിവാഹാഘോഷങ്ങളുടെ ധൂർത്ത് അനിയന്ത്രിതമാണ്. സ്വീകരണപ്പന്തലിനും അതിലെ പുഷ്പാലങ്കാരങ്ങൾക്കും എത്ര ലക്ഷങ്ങളാണു മുടക്കുന്നത്. പൊങ്ങച്ചം പ്രകടിപ്പിക്കുന്നതിനുള്ള വേദിയാക്കി മാറ്റുന്നു. ആഡംബര വസ്തുക്കൾ കുമിഞ്ഞുകൂടുന്ന രംഗമാണ് പലഭവനങ്ങളിലും. അതുപോലെ ഭവനങ്ങൾക്കു ചെലവിടുന്ന തുകയും എത്ര പെരുത്തതാണ്.

എന്താണ് പ്രതിവിധി? കാര്യവിചാരകത്വബോധം ജനങ്ങളിൽ ഉളവാക്കേണ്ടതാണ്. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പല ദൃഷ്ടാന്തകഥകളിൽ കൂടിയും അല്ലാതെയും ആവർത്തിച്ചു പ്രതിപാദിച്ചിട്ടുള്ള വിഷയമാണ് കാര്യവിചാരകത്വം. (stewardship) നമ്മുടെ ധനം, ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഒരു ട്രസ്റ്റ് ആയി നാം കാണണം. നാമത് എങ്ങനെ, എന്തിനു വിനിയോഗിക്കുന്നു എന്നു സൂക്ഷ്മതയോടെ വിലയിരുത്തണം. അക്കൗണ്ടബിലിറ്റി എന്ന വിഷയം ശരിയായി ബോധവൽക്കരിക്കേണ്ടതാണ്. ഉത്തരവാദിത്തത്തോടെയുള്ള ക്രയവിക്രയം ഉണ്ടാകണം. ധൂർത്തും, ആഡംബരവും, ആവശ്യവും തമ്മിലുള്ള വ്യത്യാസം ശരിയായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ആഡംബരത്തിന്റെ ഉപോൽപ്പന്നമായി കടന്നെത്തിയിട്ടുള്ളതാണ് മദ്യപാനം. ആഘോഷങ്ങൾക്ക് ഇത് അവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു. വിവാഹമാകട്ടെ, നാല്പതാമടിയന്തിരമാകട്ടെ എന്തു തന്നെ ആയാലും മദ്യം അവിടെ എത്തിയിരിക്കും. കുടുംബത്തകർച്ചയ്ക്ക് ആക്കം കൂട്ടുന്ന മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഭരണകർത്താക്കളിൽ നിന്നുള്ളത്. എനിക്കു ലഭിച്ച രണ്ടു കത്തുകളെപ്പറ്റി "ഇന്നത്തെ ചിന്താവിഷയം" എന്ന പംക്തിയിൽ മലയാള മനോരമയിൽ ഞാൻ എഴുതിയിരുന്നു. രണ്ടു ഭവനങ്ങളിലെ രണ്ടു പെൺകുട്ടികൾ എഴുതിയവയാണ്. ഒരാൾ ഹൈറേഞ്ചിലെ ഒരു ഗ്രാമത്തിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടി, മറ്റേയാൾ ന്യൂയോർക്കിൽ കോളേജിൽ പഠിക്കുന്ന പെൺകുട്ടിയും. ഒരാൾ മലയാളത്തിലും മറ്റേയാൾ വടിവൊത്ത അക്ഷരത്തിൽ സുന്ദരമായ ഭാഷയിൽ ഇംഗ്ലീഷിലും. രണ്ടിലെയും വിഷയം ഒന്നു തന്നെ. പിതാവ് മദ്യത്തിനടിമയായിത്തീർന്ന്, ഭവനാന്തരീക്ഷം പ്രക്ഷുബ്ധവും, ഭയാനകവുമാക്കിത്തീർക്കുന്ന ദയനീയാവസ്ഥ. ഇപ്രകാരം എഴുതുവാൻ എത്രയോ മക്കൾ ഉണ്ടാകും. ഞാൻ ഇടവക സന്ദർശനാർത്ഥം, സമ്പന്നമായ ഒരു ഭവനത്തിൽ എത്തിയപ്പോൾ അവിടുത്തെ സ്വീകരണമുറിയിലെ "ഷോകേസിൽ" (showcase) നിരത്തിവച്ചിരിക്കുന്നത് മദ്യത്തിന്റെ കാലിക്കുപ്പികളാണ്. വിവിധ നിറത്തിലും, ആകൃതിയിലും, വലിപ്പത്തിലുമുള്ളവ, കൗതുക കാഴ്ചയായി വച്ചിരിക്കുന്നു. ഞാൻ അല്പം സ്വാതന്ത്ര്യം ഉപയോഗിച്ച് പറഞ്ഞു. ഈ കുപ്പികൾക്കു പകരം കൗതുകകരവും, വിശിഷ്ടങ്ങളും, ദുർബലങ്ങളുമായ വസ്തുക്കൾ ശേഖരിച്ചു വയ്ക്കുന്നത് എത്ര മനോഹരമായിരിക്കും. ആ ഗൃഹനാഥൻ അത് പൂർണ്ണമായി അംഗീകരിച്ച്, പിന്നീട് ഞാൻ എത്തിയപ്പോൾ വളരെ കൗതുകമുണർത്തുന്ന അനവധി വസ്തുക്കൾ അവിടെ സ്ഥാനം പിടിച്ചു.

**2) കുടുംബങ്ങളിലുള്ള വിള്ളലുകൾ**

ഭാര്യയും ഭർത്താവും തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും ഇന്ന് ആശയ വിനിമയം ശരിയായി നടക്കുന്നില്ല. അതിന്റെ ഫലമായി അവർക്കിടയിൽ ആശയ സംഘട്ടനങ്ങളും, ഉരസലുകളും, പൊട്ടിത്തെറിക്കലുമൊക്കെയാണ്. പരസ്പരമുള്ള വിശ്വാസവും വിധേയത്വവും ഒന്നും ഇന്നു കാണാനില്ല. സ്നേഹത്തിന്റെയും സഹകരണത്തിന്റെയും അനുഭവവം അപ്രത്യക്ഷമാവുകയാണ്.

പശ്ചിമാഫ്രിക്കയിൽ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള ഒരു കഥ ഇങ്ങനെ: അവരുടെ പശുക്കൾ മുമ്പു നൽകിയിരുന്നത്രയും പാൽ നൽകുന്നില്ല എന്നവർക്കു ബോധ്യമായി. അതിന്റെ കാരണം കണ്ടെത്താൻ കഴിഞ്ഞില്ല. സാഹിസികനായ ഒരു യുവാവ് രഹസ്യം കണ്ടെത്താൻ തന്നെ തീരുമാനിച്ചു. ഒരു രാത്രിയിൽ അവൻ തൊഴുത്തിൽ ഒളിച്ചിരുന്നു. അർദ്ധരാത്രിയോട് അടുത്ത സമയത്ത്, അതിസുന്ദരിയായി ഒരു യുവതി ആകാശത്തുനിന്ന് ചന്ദ്രരശ്മി രഥമാക്കി കടന്നു വരുന്നു. അവളുടെ കൈയ്യിൽ ഒരു വലിയ പാത്രവുമുണ്ട്. അവൾ പശുക്കളെ എല്ലാം കറന്ന് പാലും കൊണ്ട് വന്ന വഴിയേ പോയി.

പിറ്റേ രാത്രി ആ യുവാവ് ഒരു വലിയ വലക്കുരുക്കുമായി വന്ന് തൊഴുത്തിൽ കാത്തിരുന്നു. സുന്ദരി വന്നപ്പോൾ വലയെറിഞ്ഞ് അവളെ പിടിയിലാക്കി. ആരെന്നു ചോദിച്ചപ്പോൾ "ആകാശകന്യക" എന്ന മറുപടി. തന്റെ വർഗ്ഗത്തിൽപ്പെട്ടവർക്ക് ആകാശത്തിൽ ഭക്ഷണമില്ലാത്തതു കൊണ്ട് രാത്രിയിൽ വന്ന് ഭക്ഷണം ശേഖരിക്കുകയാണ്. അവളെ കുരുക്കിൽ നിന്നു മോചിപ്പിച്ചാൽ അയാൾക്കുവേണ്ടി എന്തു ചെയ്യാനും ഒരുക്കമെന്ന് അവൾ വാഗ്ദാനം ചെയ്തു. അവന്റെ ഭാര്യയാകണമെന്ന് അവൻ നിർദ്ദേശിച്ചു. അവൾ പറഞ്ഞു: "ഞാൻ നിന്നെ വിവാഹം കഴിക്കാം. എന്നാൽ മൂന്നു ദിവസത്തേക്ക് എന്റെ വീട്ടിൽ പോയി ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു തിരിച്ചെത്താം അവൻ സമ്മതിച്ചു. മൂന്നു ദിവസങ്ങൾക്കു ശേഷം അവൾ തിരിച്ചെത്തി. "ഞാൻ നിന്നെ വിവാഹം കഴിക്കാം. നിന്റെ ഭാര്യയായി ജീവിച്ചു നിന്നെ സന്തോഷിപ്പിക്കാം. പക്ഷേ ഞാൻ കൊണ്ടുവന്നിട്ടുള്ള ഈ പെട്ടി ഒരിക്കലും നീ തുറ

ക്കരുത്. നീ അതു വാഗ്ദാനം ചെയ്യണം. അവർ സമ്മതിച്ചു. സന്തോഷപൂർവ്വം ജീവിതം തുടർന്നു. ഒരു ദിവസം ഭാര്യ അവിടെ ഇല്ലാത്ത അവസരം നോക്കി, അവന്റെ ആദമ്യമായ ജിജ്ഞാസയുടെ ഫലമായി, അവൻ പെട്ടിതുറന്നു. അതിലൊന്നുമില്ല! ഭാര്യ തിരിച്ചു വന്നപ്പോൾ ഭർത്താവിന്റെ മുഖത്ത് ഒരു മാറ്റം, ജാള്യതയുടെ ഭാവം. അവൾ ചോദിച്ചു. “നിങ്ങൾ പെട്ടി തുറന്നു. ഇല്ലേ ഇനി മേൽ നിങ്ങളുടെ കൂടെ എനിക്കു പാർക്കുവാൻ സാധ്യമല്ല. അവന്റെ മറുപടി. “ഹോ! അതിനെന്താണ് ഇത്ര വലിയ പ്രശ്നം? ഒരു കാലിപ്പെട്ടി ഞാൻ തുറന്നതിലെന്താ കുഴപ്പം? അവൾ: ഞാൻ നിങ്ങളെ ഉപേക്ഷിച്ചു പോകുന്നത് അതുകൊണ്ടല്ല.'' അതു ''കാലി''യാണെന്നു നിങ്ങൾ പറഞ്ഞില്ലേ? അതു ശൂന്യമല്ലായിരുന്നു. അതു നിറച്ച് ആകാശമുണ്ടായിരുന്നു ആകാശത്തിലെ എന്റെ ഭവനത്തിൽ നിന്നുള്ള വായുവും വെള്ളവും അതിലുണ്ടായിരുന്നു. ആകാശത്തിന്റെ സുഗന്ധവുമതിലുണ്ടായിരുന്നു. ഭവനത്തിൽ നിന്നു കൊണ്ടുവരാവുന്ന എല്ലാ വിലപ്പെട്ടവയും പെട്ടിയിലുണ്ടായിരുന്നു. എനിക്ക് ഏറ്റവും അമൂല്യങ്ങളായവ, നിങ്ങൾക്കുവെറും ശൂന്യം. ഞാൻ നിങ്ങളുടെ കൂടെ എങ്ങനെ വസിക്കും? അവൾ വേർപെട്ടുപോയി.

അവരുടെ ദാമ്പത്യം തകർത്ത മൂന്നു കാര്യങ്ങൾ: 1) വിശ്വാസലംഘനം-പെട്ടിയുടെ രഹസ്യം ചികഞ്ഞെടുക്കാനുള്ള ജിജ്ഞാസ. അസുഖകരങ്ങളായ പല രംഗങ്ങളും അതു സൃഷ്ടിക്കും. 2) കാര്യങ്ങൾ മറച്ചു പിടിക്കാനുള്ള ശ്രമം. കാര്യം വെളിച്ചത്താകുമ്പോൾ ഇളിഭൃത-പരസ്പരം തുറന്ന സമീപനമാണാവശ്യം. സംശയത്തിന്റെ കരിനിഴൽ വീഴ്ത്താൻ അവസരമുണ്ടാക്കരുത്. 3) ഭാര്യക്കു വിലപ്പെട്ടത് ഭർത്താവ് വെറും ശൂന്യതയായി കാണുന്നു. പങ്കാളിയുടെ വികാരങ്ങളെ മാനിക്കാതെ തോന്നിയതുപോലെ പറയുകയും പ്രവർത്തിക്കുകയും ചെയ്യുക. എന്താണ് പ്രതിവിധി? ഭർത്തൃബന്ധം മെച്ചപ്പെടണമെങ്കിൽ പരസ്പരമുള്ള വിശ്വാസം അന്യൂനം കാത്തുസൂക്ഷിക്കണം. മാത്രം പോര, ആശയവിനിമയത്തിനു സമയം കണ്ടെത്തുകയും വേണം. എല്ലാ കാര്യങ്ങളും പങ്കാളിയുമായി പങ്കുവയ്ക്കണം-ആനക്കാര്യം മാത്രമല്ല ചേനക്കാര്യവും! എല്ലാ കാര്യങ്ങളും തുറന്നു പറയാവുന്ന ഏക വ്യക്തി ജീവിത പങ്കാളി മാത്രമാണ്. വൈധവ്യത്തിൽ കഴിയുന്നവരുടെ വലിയ ആവലാതിയും ദുഃഖവും അതു മാത്രമാണ്.

മാതാപിതാക്കളും മക്കളും തമ്മിലുള്ള ആശയവിനിമയം സുഗമവും സുസാധ്യവുമാക്കണം. വേദപുസ്തകത്തിൽ രണ്ടു കഥാപാത്രങ്ങൾ ഇക്കാര്യത്തിൽ പാജയങ്ങളായിരുന്നു.

ഏലി എന്ന പുരോഹിതനും, രാജാവായ ദാവീദും രണ്ടുപേരും മക്കളുടെ കാര്യത്തിൽ തികഞ്ഞ പരാജയമായിരുന്നു.

**3) ആത്മീയതയുടെ അന്തർധാനം:** ആത്മീയ കാര്യങ്ങളിലുള്ള നിഷ്ഠയയും തീഷ്ണതയും, ഉത്സാഹം ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. അതിനുള്ള ഒരു തെളിവാണ് കുടുംബാരാധന നഷ്ടമായിരിക്കുന്നത്. അപൂർവ്വം കുടുംബങ്ങളിൽ മാത്രമാണ് സന്ധ്യക്കുള്ള കുടുംബാരാധന. പ്രഭാതത്തിലേക്ക് സമ്പൂർണ്ണമായി നഷ്ടപ്പെട്ട അവസ്ഥയാണ്. വളരെ വൈകിയുറങ്ങുന്നു; ഏതെങ്കിലും സമയത്തുണരുന്നു. എല്ലാവരും കൃത്യമായി ഒരു സമയത്ത് ഉണർന്ന് പ്രാർത്ഥനയോടെ ദിവസം ആരംഭിക്കുന്ന ഒരുകാലമുണ്ടായിരുന്നു. അന്നു കൃത്യമായി കേൾക്കുന്ന അലാറം മറ്റുള്ള കോഴിക്കൂട്ടിൽ നിന്നായിരുന്നു. എല്ലാവരും ഉണർന്ന് ഒരു പ്രഭാതഗാനം ആലപിച്ച്, പ്രാർത്ഥന, നടത്തുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് വരും തലമുറയ്ക്ക് ഓർക്കുവാൻ പോലും നിവൃത്തിയില്ല.

നമ്മുടെ സഭാംഗങ്ങൾക്കിടയിലാണ് ഇക്കാര്യത്തിൽ ഒട്ടും തന്നെ തീക്ഷ്ണതയില്ലാത്തത്. ഒരുമിച്ചു ഭക്ഷണം കഴിക്കാം. ഒരുമിച്ചിരുന്നു ടെലിവിഷൻ കാണാം. അങ്ങനെ പലതും. എന്നാൽ ഒരുമിച്ചു പ്രാർത്ഥിക്കുന്ന അനുഭവമാണ് നഷ്ടമായിട്ടുള്ളത്. The family that prays together stays together. ഒരുമിച്ചു കളിക്കുന്ന കുടുംബം ഒരുമയിൽ പുലരും എന്നാണ്. ബൈബിളിലെ ഒരു കുടുംബത്തിൽ പ്രാർത്ഥനയുടെ മൂന്നു ഭാവങ്ങളും ദൃശ്യമാണ്. ശമുവേൽ ജനിച്ചു വളർന്ന എൽക്കാനായുടെ കുടുംബം. ദേവാലയാരാധന (1 ശമു. 1:3) കുടുംബാരാധന (1ശമു. 1:19) വ്യക്തിപരമായ രഹസ്യപ്രാർത്ഥന (1:10,15) ഈ മൂന്നും പരസ്പര പൂരകങ്ങളാണ്. ഒന്ന് മറ്റൊന്നിനു പകരമല്ല-ആരാധനയ്ക്ക് മുൻതൂക്കം കൊടുത്ത ഒരു ഭവനത്തിൽ നിന്നാണ് ശമുവേലിനെപ്പോലുള്ള ഒരു വലിയ പ്രവാചകനെയും ജനനേതാവിനെയും ലഭിച്ചത്. കാനോനിക പ്രാർത്ഥന ചൊല്ലിയതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത് ദൈവവചനം വായിക്കുവാനും അതിൽ നിന്നു ധ്യാനിക്കുവാനും സാധിക്കണം. “ഞാൻ പരദേശിയായി പാർക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ കീർത്തനം ആക്കുന്നു.” സങ്കീ. 119:54 മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുള്ള സ്ഥാനവും വിസ്മരിക്കരുത്. അതിൽക്കൂടിയാണ് മറ്റുള്ളവരോടുള്ള സ്നേഹവും, കരുതലും പ്രകടമാകുന്നത്.

കുടുംബാരാധന സുഗമമാക്കണമെങ്കിൽ കൃത്യമായ സമയം അതിനു നിർബന്ധമാക്കണം. എന്തു തന്നെ മറ്റു കാര്യങ്ങൾക്കായി ശ്രദ്ധിക്കേണ്ടിവന്നാലും കുടുംബാരാധന കൃത്യമായി നടത്തുവാൻ വ്യഗ്രത പുലർത്തണം. മാതാപിതാക്കളുടെ മാതൃകയാണ് മക്കൾക്കു പ്രചോദനമാകുന്നത്.

കുടുംബ ഭദ്രതയും, കുടുംബക്ഷേമവും സാധ്യമാകത്തക്കവണ്ണം പ്രവർത്തനങ്ങളും പദ്ധതികളും സഭാതലത്തിൽ നടപ്പാക്കണം. സാമൂഹ്യസംഘടനകൾക്കോ, പ്രസ്ഥാനങ്ങൾക്കോ, ചെയ്യാവുന്നതിൽ അധികം സഭകൾക്കു സാധിക്കണം. ■


## Caretaker -നെ ആവശ്യമുണ്ട്

ഭിലായ് സെന്റ് തോമസ് മിഷൻ സെന്ററിൽ മദ്ബഹായിൽ ശുശ്രൂഷ പരിചയമുള്ള +2 പാസ്സായി, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾ അത്യാവശ്യം കൈകാര്യം ചെയ്യാൻ പരിചയമുള്ളതും 35 വയസ്സിൽ താഴെ പ്രായമുള്ള യുവാവിനെ ആവശ്യമുണ്ട്. ഭക്ഷണവും താമസസൗകര്യവും സൗജന്യമായിരിക്കും. മാന്യമായ ശമ്പളം കൊടുക്കപ്പെടും.

*അപേക്ഷിക്കേണ്ട വിലാസം:*

**Manger**
**St. Thomas Mission Centre,**
**P.B. No. 24, Bhilai-490 001, Durg Dist, Chhattisgarh,**
**Phone : 0788-2285309**

# സെന്റ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രൽ

## മെൽബൺ, ഓസ്ട്രേലിയ, (മദ്രാസ് ഭദ്രാസനം)

### ബ്രഹ്മവാർ ഭദ്രാസനത്തിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു

മദ്രാസ് ഭദ്രാസനാധിപനും ഈ ഇടവകയുടെ പ്രഥമ മെത്രാപ്പോലിത്തായും ആയിരുന്ന ഭാഗ്യ സ്മരണാർഹനായ അഭി. സഖറിയാസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സ്മരണ നിലനിർത്തുന്നതിനായി മാർ ഡയനേഷ്യസ് മെമ്മോറിയൽ ചാരിറ്റി ഫണ്ട് എന്ന പേരിൽ ഈ ഇടവക ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ആയതിന്റെ തുടർച്ചയായി ഈ വർഷം ബ്രഹ്മവാർ ഭദ്രാസനത്തിൽപ്പെട്ട നിർധനരും നിരാലംബരുമായവരിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

**1. വിദ്യാഭ്യാസം** | **2. ചികിത്സാ സഹായം** | **3. വിവാഹ സഹായം**

2011 മാർച്ച് 31–ാം തീയതിക്കകം അപേക്ഷകൾ സാധാരണ തപാലിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഇതിനോടൊപ്പമുള്ള ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. (ഫോം മലബാർ ഭദ്രാസനത്തിലെ ഇടവക വികാരിമാരിൽ നിന്നും ലഭിക്കുന്നതാണ്). ബന്ധപ്പെട്ട രേഖകൾ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല.

*അപേക്ഷ അയക്കേണ്ട വിലാസം*

**The Vicar**
**St. Mary's Indian Orthodox Cathedral**
**118-122 Nicholson St**
**Coburg East**
**VIC-3058, Australia**

*അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖകൾ*

**വിദ്യാഭ്യാസം:** അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവകയുടെ ശുപാർശ കത്ത്. വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും പഠിക്കുന്നു എന്നുള്ളതിന് സാക്ഷ്യ പത്രം

**ചികിത്സാ സഹായം:** അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശ കത്ത്. ഡോക്ടറുടെ പക്കൽ നിന്നും ചികിത്സാ സർട്ടിഫിക്കറ്റ്.

**വിവാഹ സഹായം:** അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശ കത്ത്, വിവാഹ കുറിയുടെ പകർപ്പ്.

കുറിപ്പ്: അപേക്ഷയിൽ ഓർത്തഡോക്സ് ഇടവക വികാരിയുടെ ഒപ്പ്/സീൽ ഓരോ പേജിലും ഉണ്ടായിരിക്കണം അപേക്ഷയോടൊപ്പം അയയ്ക്കുന്ന ബന്ധപ്പെട്ട എല്ലാ രേഖകളിലും സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ ഒപ്പും പള്ളിയുടെ/ സ്ഥാപനത്തിന്റെ സീലും ഉണ്ടായിരിക്കണം ഒരിടവകയിൽ നിന്നും ഏറ്റവും പരിഗണന അർഹിക്കുന്ന 2 അപേക്ഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്.

**St. Mary's Orthodox Cathedral, 118-122 Nicholson St, East Coburg, VIC-3058**
**Tel: 0061 3 9383 7944 Email: smiocvicar@yahoo.com.au**
**Website:www.stmarysioc.org.au**

# വ്രതം



**മൗലവി ജമാലുദ്ദീൻ മങ്കട**

*(ഇമാം, പാളയം ജുമാ മസ്ജിദ്)*

വ്രതം ഏറെ ഉദാത്തമായ അനുഷ്ഠാനമാണ്. ഇസ്‌ലാമിൽ നിർബന്ധ വ്രതാനുഷ്ഠാനം ഐച്ഛികവ്രതാനുഷ്ഠാനവുമുണ്ട്. നിർബന്ധ വ്രതാനുഷ്ഠാനം അറബ് കലണ്ടറിലെ 9–ാം മാസമായ റമദാനിൽ അനുഷ്ഠിക്കുന്നതാണ്. വിശുദ്ധ ഖുർ ആനിന്റെ ആദ്യ അവതരണം സംഭവിച്ചത് ഒരു റമദാൻ മാസത്തിലായിരുന്നു. സത്യമാർഗ്ഗത്തിൽ ചരിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യർക്ക് വഴികാട്ടിയായി സത്യദൂതൻ മുഹമ്മദ് നബിക്ക് ഖുർ ആൻ അവതീർണ്ണമായതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടാണ് വിശ്വാസികൾ ഈ മാസം നിർബന്ധവ്രതം അനുഷ്ഠിക്കുന്നത്. ഐച്ഛികവ്രതം ഓരോ വിശ്വാസിയുടെയും കഴിവിനെ അപേക്ഷിച്ചിരിക്കുന്നു. ചില സവിശേഷ ദിനങ്ങൾക്ക് പുറമേ അറബ് മാസത്തിൽ 13,14,15 ദിവസങ്ങളിലും ആഴ്ചയിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിലും ഐച്ഛികവ്രതമുണ്ട്. ഇസ്‌ലാമിൽ വ്രതം ലക്ഷ്യമല്ല. മാർഗ്ഗമാണ്. പ്രപഞ്ചനാഥന്റെ കല്പനയ്ക്ക് പൂർണ്ണമായും വിധേയപ്പെടാൻ ഓരോ വിശ്വാസിയും അവനവനെ മെരുക്കിയെടുക്കുകയാണ് വ്രതത്തിലൂടെ സംഭവിക്കുന്നത്. അതിലൂടെ നാഥന്റെ കല്പനയ്ക്ക് പൂർണ്ണമായും വഴിപ്പെട്ട് ജീവിക്കുക എന്ന ലക്ഷ്യം കരഗതമാകുന്നു. ഈ ഉദാത്തമായ ലക്ഷ്യ സാക്ഷാത്ക്കാരത്തിന്റെ ഉത്കൃഷ്ടമാർഗ്ഗമത്രേ വ്രതം. പ്രഭാതംമുതൽ പ്രദോഷംവരെ അന്നപാനീയങ്ങൾ ഉപേക്ഷിച്ചും വിചാരവികാരങ്ങളെ നിയന്ത്രിച്ചും ചീത്തയായ വാക്കും പ്രവൃത്തിയും ഉപേക്ഷിച്ചും മാത്രമേ ചൈതന്യമായ വ്രതം സാദ്ധ്യമാകൂ. തിരുനബി അരുൾ ചെയ്തു "ഒരാൾ ചീത്തയായ വാക്കും പ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലായെങ്കിൽ അയാൾ പട്ടിണികിടക്കണം എന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല".

ലക്ഷണമൊത്ത വ്രതത്തിലൂടെ വിശ്വാസി പ്രഖ്യാപിക്കുകയാണ് നാഥാ! എനിക്ക് നിന്റെ കല്പനകൾ പാലിക്കാൻ കഴിയും. നീ എന്നോട് അന്നപേയങ്ങൾ ഉപേക്ഷിക്കാൻ കല്പിച്ചപ്പോൾ ഞാനത് അനുസരിച്ചു. വിചാരവികാരങ്ങളെ നിയന്ത്രിക്കാനും വാക്കും പ്രവൃത്തിയും ശ്രദ്ധയോടെ നിർവ്വഹിക്കാനും എനിക്ക് സാധിച്ചു. എന്നെ നിന്റെ ഉത്തമ ദാസന്മാരിൽ ഉൾപ്പെടുത്തേണമേ. ഈ വിധം ദേഹേച്ഛയുടെ നിയന്ത്രണമാണ് നോമ്പ് (വ്രതം) നേടികൊടുക്കുന്നത്. ഇന്ന് മനുഷ്യൻ അവനവന്റെ ഇച്ഛകളുടെ അടിമകളാണ്. സ്വന്തം ഇച്ഛകളെ (താല്പര്യങ്ങളെ) ദൈവത്തെപോലെ പൂജിക്കുന്നവരാണ് പുതിയ കാലഘട്ടത്തിലെ മനുഷ്യർ. സ്വന്തം താൽപര്യങ്ങളുടെ അടിമയായ ഒരാൾക്കും പ്രപഞ്ചനാഥന്റെ ദാസനോ ദാസിയോ ആകാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇച്ഛകളെ വെടിയലാണ് യഥാർത്ഥ ഭക്തി. യഥാർത്ഥ ഭക്തരാവുകയെന്നതാണ് നോമ്പിന്റെ മർമ്മം.


വിശുദ്ധ ഖുർ ആൻ അരുളുന്നു. "അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് മുൻകഴിഞ്ഞ ജനതകൾക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നാം നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ ഭക്തരായി തീരുന്നതിനുവേണ്ടി.

നമ്മിലൊരാൾ From Our Church

# മാധ്യമ ലോകത്തെ

**പത്രപ്രവർത്തന രംഗത്തെ തീക്ഷണതയേറിയ പ്രവർത്തനങ്ങൾ ശ്രീ. ജോർജിനെ അപകടത്തിലാക്കിയിട്ടുണ്ട്. ബീഹാർ മുഖ്യമന്ത്രിയായിരുന്ന കെ.സി. സഹായിക്കെതിരായി എഴുതിയ ചൂടേറിയ എഡിറ്റോറിയലുകൾ മൂലം അറസ്റ്റു ചെയ്യപ്പെടേണ്ടിവന്നിട്ടുണ്ട്. എങ്കിലും 83ന്റെ നിറവിലും തന്റെ പത്രധർമ്മം നിർബാധം തുടരുന്നു.**

## പത്മഭൂഷൺ റ്റി.ജെ.എസ്. ജോർജ്



മാധ്യമ ലോകം മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്കന്യമല്ല. മാധ്യമ ലോകത്തെ കുലപതികൾ മലങ്കര സഭാംഗങ്ങളാണ് എന്നതും യാദൃശ്ചികമല്ല. ആ നിരയിൽ രാജ്യം ആദരിച്ച വ്യക്തിത്വമാണ് ടി.ജെ.എസ്. ജോർജ് എന്ന തയ്യിൽ ജേക്കബ് സോണി ജോർജ്.

തുമ്പമൺ തയ്യിൽ കുടുംബത്തിൽ ശ്രീ. തോമസ് ജേക്കബിന്റെയും ചിന്നമ്മ ജേക്കബിന്റെയും എട്ടു മക്കളിൽ നാലാമനായി 1928 മെയ് 7–ന് ശ്രീ. ജോർജ് ജനിച്ചു. പിതാവ് മജിസ്ട്രേറ്റായിരുന്നു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിൽ ബിരുദം സമ്പാദിച്ചതിനു ശേഷം 1950–ൽ ബോംബെയിലെ ഫ്രീ പ്രസ് ജേർണലിൽ തന്റെ സേവനമാരംഭിച്ച് ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ദി സേർച്ച് ലൈറ്റ് ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യു എന്നീ പ്രസിദ്ധീകരണങ്ങളിലും സേവനമനുഷ്ഠിച്ചു. ഇപ്പോൾ ദി. ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ എഡിറ്റോറിൽ അഡ്വൈസറാണ്. ഇന്ത്യയിലെ അറിയപ്പെടുന്ന കോളമിസ്റ്റുകളിൽ ഒരാളും സാമൂഹിക അനീതി, അഴിമതി, രാഷ്ട്രീയ അരാജകത്വം എന്നിവയ്ക്കെതിരായി നിരന്തമായി തൂലിക ചലിപ്പിക്കുന്ന പത്രപ്രവർത്തകനുമാണ് ടി.ജെ.എസ്. ജോർജ്.

നമ്മുടെ അയൽരാജ്യമായ ചൈനയെ നിരന്തരമായി നിരീക്ഷിക്കുന്ന പത്രപ്രവർത്തകൻ കൂടിയാണ്. ടി.ജെ.എസ്. ജോർജ്. 2008–ൽ ഇദ്ദേഹം ചൈന സന്ദർശിക്കുകയും ഒളിമ്പിക്സിന്റെ ഒരുക്കങ്ങൾക്ക് സാക്ഷിയാവുകയും ആധുനിക ചൈനയെ സംബന്ധിച്ച് ലേഖന പരമ്പര തന്നെ എഴുതുകയും ചെയ്തു. ഹോം കോംഗിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഏഷ്യ വീക്കിന്റെ സ്ഥാപക എഡിറ്ററാണ് ശ്രീ. ജോർജ്.

നിരവധി പുരസ്ക്കാരങ്ങൾ ഈ പ്രതിഭാശാലിയെ തേടിവന്നിട്ടുണ്ട് 2001–ൽ പത്രികാ അക്കാദമി അവാർഡ്, 2005–ൽ

# കുലപതി

മുഹമ്മദ്കോയ ജേർണലിസം അവാർഡ്, 2007 രാജ്യോത്സവ അവാർഡ് 2008–ൽ ബഷീർ പുരസ്ക്കാരം എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. ഈ വർഷം വിദ്യാഭ്യാസം പത്രപ്രവർത്തനം എന്നീ മേഖലകളിലെ സമഗ്രസംഭാവനകൾക്ക് രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു.

മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഘോഷയാത്ര, നാടോടികപ്പലിൽ നാലുമാസം, A life in Music, Moment, The Goenka Letter: Behind the scences in The Indian Express തുടങ്ങിയവ ശ്രീ ജോർജിന്റെ ചില കൃതികളാണ്.

പത്രപ്രവർത്തന രംഗത്തെ തീക്ഷണതയേറിയ പ്രവർത്തനങ്ങൾ ശ്രീ. ജോർജിനെ അപകടത്തിലാക്കിയിട്ടുണ്ട്. ബീഹാർ മുഖ്യമന്ത്രിയായിരുന്ന കെ.സി. സഹായിക്കെതിരായി എഴുതിയ ചൂടേറിയ എഡിറ്റോറിയലുകൾ മൂലം അറസ്റ്റു ചെയ്യപ്പെടേണ്ടിവന്നിട്ടുണ്ട്. എങ്കിലും 83ന്റെ നിറവിലും തന്റെ പത്രധർമ്മം നിർബാദം തുടരുന്നു.

ഇന്ത്യയിലെ തന്നെ സീനിയർ പത്രപ്രവർത്തകനും എഴുത്തുകാരനും ജീവചരിത്രകാരനുമായ ശ്രീ. ടി.ജെ.എസ്. ജോർജ് തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമാണ്. ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്നു. അമ്മു ജോർജ്ജാണ് സഹധർമ്മിണി. ജീറ്റ് തയ്യിൽ, ഷേബാ തയ്യിൽ എന്നിവർ മക്കളാണ്.

**– വിനു ശെമ്മാശ്ശൻ.**





കൈക്കുടന്ന

## വചസ്സ്

- അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും എന്നാണ് തിരുവചനം എങ്കിലും എത്രയധികമായ വ്യർത്ഥഭാഷണങ്ങളിലാണ് നാം ഏർപ്പെടുക. വിവേചനബുദ്ധിയില്ലാതെ സംസാരിക്കുമ്പോൾ മശിഹാ ശീമോനെ വിളിക്കുന്നത് 'സാത്താൻ' എന്നാണ്. ദൈവഹിതാനുസരണമുള്ള സഹനമരണങ്ങളെക്കുറിച്ച് പഠിപ്പിക്കുമ്പോഴാണ് പത്രോസ് വിവേക ശൂന്യമായി പ്രതികരിക്കുക. 'സാത്താനേ, എന്നെ വിട്ടു പോവുക; നിന്റെ ചിന്ത ദൈവീകമല്ല; മാനുഷികമാണ്.' ശരിക്കും ക്രിസ്തു പറയുന്നത് ചിന്താരീതിയിലുണ്ടാവേണ്ട പരിവർത്തനത്തെക്കുറിച്ചാണ്. ദൈവികചിന്തയുടെ ലാവണ്യത്തിലേക്കുള്ള ഒരാഹ്വാനമാണ്.
- ദൈവമേ, എന്റെ ഓരോ വെറും വാക്കിലും സാത്താൻ എന്ന പേര് ഞാൻ സ്വന്തമാക്കിക്കൊണ്ടിരിക്കുകയാണോ? എന്റെ വായിൽ നിന്നും വീഴുന്ന വീൺവാക്കുകളും അസത്യങ്ങളും പരനിന്ദകളും കുറ്റാരോപണങ്ങളും ആത്മാർത്ഥയില്ലാത്ത വിമർശനങ്ങളും മുൻവിധികളുമൊക്കെ എന്നെ ഭയപ്പെടുത്തുന്നു.
- ആകൽക്കറുസാ എന്ന വാക്കിന്റെ അർത്ഥം നമുക്കറിവുണ്ട്. 'മാലിന്യങ്ങളെ ഭുജിക്കുന്നവൻ' 'ചവയ്ക്കുന്നവൻ' എന്നൊക്കെയാണ്. പിശാച് എന്ന പദത്തിന്റെ അർത്ഥം കൂടെ അറിയണം. 'പിശിതം അശ്നന്തി ഇതി പിശാച്' എന്നാണ്. പിശിതം തിന്നുന്നവൻ പിശാച്. പിശിതം എന്നാൽ മാംസം. ഇവയോട് ചേർത്തുവായിക്കാനൊരു കഥയുണ്ട് മരുഭൂമിയിൽ നിന്ന്. വലിയനോമ്പുകാലത്ത് ഒരു ശിഷ്യൻ ഗുരുവിന്റെ സമീപം ചെന്ന് ചോദിക്കുന്നു. "ഗുരുവേ, ഈ നോമ്പിന്റെ നേരം ഹൃദയത്തിൽ സൂക്ഷിക്കാനൊരു വാക്ക് നല്കണം." അബ്ബായുടെ മറുപടി ഇങ്ങനെയാണ്, "അപവാദം പറഞ്ഞ് സഹോദരന്മാരുടെ മാംസം ഭക്ഷിക്കുന്നതിനേക്കാൾ നല്ലത് നോമ്പിൽ മാംസം ഭക്ഷിക്കുന്നതാണ്." ദൂഷണങ്ങൾ നിറഞ്ഞ വായ് മാംസമാണ് ചവയ്ക്കുന്നത്. അതിൽ നിന്ന് വരുന്ന വാക്കുകൾക്ക് പുളിപ്പുണ്ടാവും. പരീശന്മാരുടെ വാക്കുകൾക്ക് ഉണ്ടായിരുന്ന ദുർഗന്ധമുണ്ടാവും.
- എത്രയധികം സൂക്ഷ്മമായി ജീവിച്ചാലാണ് ക്രിസ്തീയമായി ചിന്തിക്കാനാവുക. നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയവും മശിഹായോടൊപ്പമാകുന്നതിനെയാണ് ആരാധനയെന്ന് പറയുക. ബുദ്ധിയുള്ള ആരാധനയാവാൻ ലോകാനുരൂപകരാകാതെ ദൈവഹിതം തിരിച്ചറിയുന്ന വിധം മനസ്സ് പുതുക്കി രൂപാന്തരപ്പെടണം എന്നാണ് ശ്ലൈഹിക സന്ദേശം കുറെക്കൂടി താമസികമായി അനുഭവിച്ച നമ്മുടെ വിചാരങ്ങൾക്ക് ഒരു അവസ്ഥാന്തരം കൂടിയേ മതിയാവൂ.
- തിരുവചനം:- "ജീവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതന് ദീർഘായുസ്സ് ഇച്ഛിക്കുകയും ചെയ്യുന്നവൻ ആര്? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക." (സങ്കീ. 34:12)

– സഖേർ




## സാക്ഷി നമ്പർ 1

വെയിലാറുന്നു...
സ്കൂൾ വിട്ടു കുട്ടികൾ ഓട്ടം തുടങ്ങി
മഞ്ചുലാൽ എന്ന വിരുതൻ സൈക്കിളിൽ കയറി
സ്പീഡിൽ ചവിട്ടി രസിക്കുകയാണ്
ഇതിനിടയിൽ അവൻ ഒരു കൈ വിടുന്നു...
രണ്ടു കൈ വിടുന്നു..., ഒരു കാൽ പൊക്കുന്നു...
അഖിൽ സാവധാനം സഞ്ചിയും തൂക്കി
നടന്നു വരികയാണ്. അഖിലിന് ഒരല്പം
വണ്ണമുണ്ട്. അവന്റെ അയല്ക്കാരനായ
മഞ്ചുലാലാകട്ടെ അവനെ കയറ്റിക്കൊണ്ടു പോകാതെ
സൈക്കിളഭ്യാസം തുടരുകയാണ്...



"മഞ്ചുലാൽ പ്ലീസ് എന്നേക്കൂടി കയറ്റെടാ"
അഖിൽ നിന്നു കിതയ്ക്കുന്നു. പുസ്തക സഞ്ചി തൂക്കി

## വരക്കളരി




ശ്യാം പി. ഈപ്പൻ, മണപ്പള്ളി



കവിത

## പ്രാർത്ഥനാ ഗാനം

നിത്യവും നിൻ തിരുനന്മകൾ
ശ്രദ്ധയോടെ പഠിച്ചീടുവാൻ
ബാലകരാമടിയങ്ങളിൽ നിൻ
സ്നേഹ വാത്സല്യം ചൊരിയണമേ
    ലഹരി വിരുദ്ധരായ് ജീവിക്കാനും
    ശക്തിയോടതിനെ എതിർക്കുവാനും
    ഭക്തിയും ശക്തിയുമേകീടണേ
    കാൽവരിനാഥനാം പൊന്നേശുവേ
ദിവ്യമാം വേദപ്രമാണത്തിലെ
അത്ഭുത സത്യങ്ങൾ കാണുവാൻ
ഞങ്ങളുടെ കൺകൾ പ്രകാശിപ്പിച്ചു
ജ്ഞാന സമ്പൂർണ്ണരാക്കുകേ.
    ബാലകരാമടിയങ്ങളിലെ
    ശീല ദോഷാദികൾ നീക്കി നിന്റെ
    പാവനപാദങ്ങൾ പിൻതുടരാൻ നിൻ
    അനുഗ്രഹ വർഷം പൊഴിക്കണമേ.

അച്ചാമ്മ മാത്യു, ഇലഞ്ഞിക്കൽ

നിങ്ങൾക്കറിയാമോ ▸▸

## സുന്ത്രോണീസോ

ഈ ഗ്രീക്കു പദത്തിന്റെ അർത്ഥം സ്ഥാനാരോഹണം എന്നാണ്. ഒരു എപ്പിസ്കോപ്പായൊ മെത്രാപ്പോലീത്തായൊ, കാതോലിക്കയൊ, പാത്രിയർക്കീസൊ സ്ഥാനം പ്രാപിച്ചിട്ട് തന്റെ ഇടവകയിലേക്ക് ചെന്ന് ഇടവകയുടെ അധികാരം ഏൽക്കുന്നതായി കാണിക്കുന്ന സിംഹാസനാരോഹണ ശുശ്രൂഷയ്ക്കാണ് സുന്ത്രോണിസോ എന്നു പറയുന്നത്. ഈ ശുശ്രൂഷയിൽ പുതിയ മേൽപട്ടക്കാരനെ സിംഹാസനത്തിൽ ഇരുത്തി "ഓക്സിയോസ്" ചൊല്ലുകയും അദ്ദേഹത്തിന്റെ അധികാര പത്രം (സ്താ

അവനാകെ വശം കെട്ടിരിക്കുന്നു.

"പോടാ.... ഈ അഭ്യാസമുറകൾ കണ്ട് ഇവരൊക്കെ ഒന്നു ഞെട്ടട്ടെ...

ഹീ....യാ..... "അവൻ രണ്ടും കൈയ്യും ആകാശത്തേക്കുയർത്തി"

കുട്ടികൾ തിക്കുന്ന വഴിയിലൂടെ ആ അഭ്യാസി ശരവേഗത്തിൽ യാത്ര ചെയ്യവേ...

വളവിൽ നിന്നും ഒരു ടിപ്പർ പാഞ്ഞു കയറി...

കുട്ടികളെല്ലാം കണ്ണു പൂട്ടി.... അയ്യോ....

ഒന്നും പറ്റിയില്ല

അതിനു മുമ്പേ അവൻ റോഡിൽ നിന്നിറങ്ങി വഴിയിലേക്ക് പാഞ്ഞു വീണു.

പക്ഷേ ഒരു കുഴപ്പം പറ്റി.

മഞ്ചുലാൽ വീണത് 9 ബിയിലെ അനിതാ കുമാരിയെ ഇടിച്ചിട്ടു കൊണ്ടാണ്.

അനിതാ കുമാരിയുടെ ബാഗ് കീറി ഷർട്ടിൽ കീൽ പുരണ്ടു

കാൽ മുറിഞ്ഞു....

കുപ്പി ഞണുങ്ങി...

* * * *

രാജൻ സാർ ഭിത്തിയോട് തിരിച്ചു നിർത്തി

ചൂരവടി ആഞ്ഞു ഉയിർത്തി....

എന്റമ്മേ.. മഞ്ചുലാലിന്റെ ആർത്തനാദം ക്ലാസ്സ് റൂമിനെ ഉലച്ചു...

സാർ അടിച്ചില്ല ഓങ്ങിയതേയുള്ളൂ... പക്ഷേ മഞ്ചുലാൽ അവിടം നനച്ചു...

ഈ അഭ്യാസം കാണാൻ പാവം അഖിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സാക്ഷി നമ്പർ ഒന്നായിട്ട്.

**- ഫാ. മുകളിൽ**

## വചനപാത...

നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു.

(സങ്കീ. 25:5)

**സോജി വർഗീസ്, പള്ളിപ്പാട്**

ത്തിക്കോൻ) വായിക്കുകയും ചെയ്യുന്നു.

# കുട്ടിത്തമാശ »

## വാനിൽ

സൺഡേസ്ക്കൂളിന് രഞ്ചുമോൻ പള്ളിയിൽ പോയപ്പോൾ കൈയ്യിൽ മൈക്കും പിടിച്ച് തോളിൽ ഹോണും തൂക്കി ഒരു കവല പാസ്റ്റർ പ്രസംഗിക്കുന്നു. 'നമ്മുടെ കർത്താവ് വാനിൽ വരും...' അയാൾ മൈക്കിന്റെ കഴുത്ത് ഞെരിച്ച് ആക്രോശിക്കുകയാണ്. സൺഡേസ്ക്കൂളിൽ രഞ്ചുമോൻ ടീച്ചറോട് ചോദിച്ചു. ടീച്ചറേ നമ്മുടെ തിരുമേനി പോലും കാറിലാ വരുന്നത്. പിന്നെ എന്തിനാ കർത്താവ് വാനിൽ വരുന്നത്.

* * * * * *

## ദൈവമേ നീ മൂന്നു പ്രാവശ്യം പരിശുദ്ധനാകുന്നു

ടോമിക്ക് പ്രാർത്ഥനയുടെ സമയം കൂടിയതിനാൽ, ഐഡിയ സ്റ്റാർ സിംഗർ കാണാൻ കഴിഞ്ഞില്ല.

നിരാശനായ ടോമി സഹോദരൻ ടിനിയോട് നാളെ മുതൽ നമുക്ക് 'ദൈവമേ നീ മൂന്നു പ്രാവശ്യം പരിശുദ്ധനാകുന്നു' എന്ന് ചൊല്ലിയാൽ മതി.

**ആർദ്രമോൾ, ആയൂർ**

# വി. കൂദാശകൾ



മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യമായി നമ്മുടെ കർത്താവ് കല്പിച്ചു നിയമിച്ചിട്ടുള്ള അപ്രത്യക്ഷങ്ങളായ കൃപകളുടെ പ്രത്യക്ഷങ്ങളായ കർമ്മങ്ങളാണ് വി. കൂദാശകൾ ப. സഭയിൽ ഏഴ് കൂദാശകൾ ഉണ്ട്. വി. മാമ്മോദീസാ, വി. മൂറോൻ, വി. കുമ്പസാരം, വി. കുർബാന, വി. പട്ടത്വം, വി. വിവാഹം രോഗികൾക്കുള്ള വി. തൈലാഭിഷേകം.

പ. സഭയിലേക്കുള്ള അംഗത്വം പ്രദാനം ചെയ്യുന്ന വി. കൂദാശയാണ് വി. മാമ്മോദീസ. നമ്മളെല്ലാവരും വി. മാമ്മോദീസ എന്ന വി. കൂദാശ സ്വീകരിച്ചിട്ടുള്ളതാണ്. വി. സഭയിൽ മാമ്മോദീസ എന്ന കൂദാശ ഒരിക്കൽ മാത്രമേ പാടുള്ളൂ എന്ന് വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ പ്രതിപാദിച്ചിരിക്കുന്നു.

വി. മൂറോൻ അഭിഷേകത്താൽ പരിശുദ്ധാത്മ ദാനവും ദൈവീക ശക്തിയും ലഭിക്കുന്നു.

വി. കുമ്പസാരം എന്നാൽ ഒരാൾ ചെയ്തു പോയിട്ടുള്ള പാപങ്ങളെ സത്യമായ അനുതാപത്തോടെ ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റു പറഞ്ഞു പാപമോചനം അപേക്ഷിക്കുകയും അതു നേടുകയും ചെയ്യുന്ന കൂദാശയാകുന്നു.

വി. കുർബ്ബാനനുഭവം മൂലം നാം ക്രിസ്തുവിന്റെ ശരീര സംബന്ധികളും രക്ത സംബന്ധികളും ആയിത്തീരുന്നു. ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും വസിക്കുന്നതിനായി നിത്യജീവന്റെ വരപ്രസാദം ലഭിക്കുന്നു. കൂദാശകളുടെ രാജ്ഞി എന്നറിയപ്പെടുന്ന കൂദാശയാണ് വി. കുർബാന.

എല്ലാവരും ആചരിക്കുവൻ നിർബന്ധമില്ലാത്ത കൂദാശകളാണ് വി. വിവാഹം.

നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ കൂദാശകളും നാം നിർബന്ധമായും അനുഷ്ഠിക്കുന്നതാണ്.

**ബിയാ സാബു, നമ്പോലിൽ, പൈറ്റക്കുളം,**



Examination

ഫാ. റിഞ്ചു പി. കോശി, അടൂർ




# അയ്യോ... പരീക്ഷപ്പേടി!

ഈ ലേഖനത്തെ പ്രധാനമായും മൂന്നായി തിരിക്കുവാൻ ആഗ്രഹിക്കുന്നു.

1. പരീക്ഷയ്ക്കു തൊട്ടുമുമ്പുള്ള ദിവസം (Day before exam)
2. പരീക്ഷ ദിനം (Exam Day)
3. പരീക്ഷയ്ക്കു ശേഷം (After Exam)

### 1) പരീക്ഷയ്ക്കു തൊട്ടുമുമ്പുള്ള ദിവസം (Day before exam)

ഈ ദിവസം ഏറെ ടെൻഷൻ ഉള്ള ദിവസമാണ്. അതിനാൽ തന്നെ ഈ ദിനം പ്രധാന ദിനം തന്നെയാണ്.

* പരീക്ഷയ്ക്ക് മുൻപ് നന്നായി ഉറങ്ങണം. തലച്ചോറിന്റെ പ്രവർത്തനം പൂർണ്ണമാക്കുവാൻ ഇത് വളരെ ആവശ്യമാണ്.

* കൊണ്ടുപോകേണ്ട സാധനങ്ങൾ ഒരുക്കിവയ്ക്കണം.

1. Hall Ticket
2. Pen
3. Pencil
4. Instrument Box
5. Hand Kerchief
6. Watch
7. Hard Board
8. Money
9. Pain balm
10. Paper Weight

* ഉചിതമായ വസ്ത്രം തയ്യാറാക്കിവയ്ക്കണം. നമ്മുടെ പഠനശ്രദ്ധയെ തെറ്റിക്കുന്നതാകരുത്.

* പരീക്ഷയ്ക്ക് എഴുതാൻ ഉപയോഗിക്കുന്ന പേന എഴുതി നോക്കണം

* രജിസ്റ്റർ നമ്പർ അക്കത്തിലും അക്ഷരത്തിലും കാണാതെ എഴുതി നോക്കണം

* പഠിച്ച ടോപിക്സ് ഒന്നുകൂടി റിവൈസ് ചെയ്യണം

* പുതിയതും കഠിനസ്വഭാവമുള്ളതുമായ ടോപിക്സ് കഴിവതും പഠിക്കാൻ ശ്രമിക്കരുത്.

* ദിനചര്യയിൽ വലിയ മാറ്റം വരുത്താതിരിക്കുവാൻ ശ്രദ്ധിക്കണം

* പോഷകഗുണമുള്ള ഭക്ഷണം കഴിക്കണം. എന്നാൽ ദഹനം പ്രശ്നമാകുന്ന രീതിയിലുള്ള ഭക്ഷണം ഒഴിവാക്കണം.

* Mobile Phone ഉപയോഗിക്കുന്നവർ നിർബന്ധമായും ഉറങ്ങും മുമ്പ് അത് ഓഫ് ചെയ്യണം. (രാത്രിയിലെ ഉറക്കം നഷ്ടപ്പെടാതിരിക്കാനാണിത്)

* അമിതമായ സംസാരം പൂർണ്ണമായും ഒഴിവാക്കണം

* ആവശ്യത്തിന് ജലം കുടിച്ചിരിക്കണം

* പൂർണ്ണമായി വിശ്വസിച്ച് പ്രാർത്ഥിച്ചു കിടന്നുറങ്ങണം.

### 2) പരീക്ഷദിനം (Exam Day)

* ഉചിതമായ സമയത്ത് ഉണർന്നിട്ട് പ്രഭാതകൃത്യങ്ങൾ പൂർത്തീകരിക്കണം.

## വിജയാശംസകൾ

**ഉത്സാഹത്തോടും ഭക്തിയോടും പാഠങ്ങളെ സമീപിക്കുക... ഉന്നതമായ വിജയം നേടുക. പരീക്ഷകൾ സമാഗതമായ ഈ ആദ്ധ്യയന ദിവസങ്ങളിൽ നിങ്ങൾക്കെല്ലാവർക്കും പ്രാർത്ഥനാപൂർവ്വം വിജയാശംസകൾ നേരുന്നു.**

**– പത്രാധിപർ**



* സമയം അനുവദിക്കുന്നു എങ്കിൽ പ്രധാനപ്പെട്ട ടോപിക്സ് വീണ്ടും ഓർത്തെടുക്കുക.

* പരീക്ഷയ്ക്കു കൊണ്ടു പോകേണ്ടതായ സാധനങ്ങൾ പൂർണ്ണമായി ഉണ്ടോ എന്ന് പരിശോധിക്കുക.

* നല്ല വസ്ത്രം ധരിച്ച് നല്ല Personality ആകുക.

* അമിതമായ ഭക്ഷണം കഴിക്കരുത്. ആവശ്യമായത് മാത്രം കഴിക്കുക.

* സ്വസ്ഥമായി പ്രാർത്ഥിക്കണം. (വേദപുസ്തക വായന നല്ലത്. എന്നാൽ സ്വയം വ്യാഖ്യാനിച്ച് മനസ്സിന് പിരിമുറുക്കം ഉണ്ടാക്കുവാൻ ഇടയാകരുത്.)

* മാതാപിതാക്കളുടെയും ഗുരുക്കൻമാരുടെയും കാൽതൊട്ട് വന്ദിച്ച് അനുവാദം വാങ്ങി പുറപ്പെടുക.

* സ്ക്കൂളിൽ ചെന്ന് ആവശ്യമില്ലാതെ ഓടുവാനും ചാടുവാനും ശ്രമിക്കരുത്.

* ഹാൾ ടിക്കറ്റ് എടുത്തിട്ടില്ല എങ്കിൽ Chief Examiner നെ കാണുക.

* ആവശ്യമില്ലാതെ Discussions ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കണം. അത് കൂടുതൽ ശൂന്യബോധം ഉളവാക്കും.

* ഒരു ചെറിയ കുപ്പിയിൽ വെള്ളം കരുതി ക്ലാസ്സിൽ കയറ്റാൻ അനുവദിച്ചാൽ നിങ്ങൾക്ക് ഉപയോഗിക്കാം.

* തനിക്ക് ഇരിക്കുവാനായി അനുവദിച്ചിരിക്കുന്ന സ്ഥലം കണ്ടെത്തി ഇരിക്കണം.

* ഇരിക്കുന്ന സ്ഥലത്ത് പേപ്പർ രൂപത്തിൽ (Copy) ഇരിപ്പുണ്ട് എങ്കിൽ പുറത്ത് കളയണം, കൂട്ടത്തിൽ സ്വയവും പരിശോധിക്കുക. Mobile ഉൾപ്പെടെ എല്ലാം പുറത്ത് വെയ്ക്കണം.

* രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള എല്ലാ കോളവും വൃത്തിയായി (സംശയം ഉണ്ടെങ്കിൽ ദൂരീകരിച്ച്) പൂരിപ്പിക്കണം. (ഇവിടെ തെറ്റ് സംഭവിച്ചാൽ വലിയ പ്രശ്നമാണ്.)

* ആവശ്യമില്ലാത്ത ദൈവസ്നേഹം ഉണ്ടാകരുത്. പേപ്പറിന്റെ മുകളിൽ കുരിശോ മറ്റോ ഒന്നും വരയ്ക്കരുത്.

* കരുതിയിരിക്കുന്ന പേപ്പർ വെയ്റ്റ് ഹാൾ ടിക്കറ്റിന്റെയും ചോദ്യപേപ്പറിന്റെയും മുകളിൽ വെയ്ക്കണം. ഒപ്പം വാച്ച് മുമ്പിൽ വെയ്ക്കണം.

* ചോദ്യപേപ്പറിൽ പേരും രജിസ്റ്റർ നമ്പർ അല്ലാതെ ഒന്നും എഴുതരുത്.

* ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ അത് ചോദ്യപേപ്പറിൽ അടയാളപ്പെടുത്തണം.

* പേപ്പറിന്റെ മുകളിലോ താഴെയോ ഒത്ത മദ്ധ്യത്തിൽ പേജ് നമ്പർ ഇടണം.

* Objective Type Questions വൃത്തിയായി അറിയാവുന്നത് ആദ്യം എഴുതുക.

* Short answers, Long Answers, Essay Questions ന്റെ ഉത്തരം എഴുതുമ്പോൾ Heading കളും, Subheading കളും എഴുതി അതിന്റെ അടിയിൽ വരയ്ക്കണം.

* ഉത്തരങ്ങൾ തമ്മിൽ ആവശ്യമായ വിടവ് (Space) ഇടണം.

* പ്രധാന വാക്കുകളുടെ അടിയിൽ അത്യാവശ്യമായും (ഉത്തരങ്ങളുടെ ഇടയിൽ) വരയിടണം

* പിന്നീട് എഴുതാമെന്നു കരുതി ആവശ്യമില്ലാതെ നമ്പർ ഇടരുത്. സ്ഥലം വെറുതെ കിടക്കുന്നത് കണ്ടാൽ Bad Impression ഉണ്ടായേക്കാം.

* Mal practises ഒന്നും പാടില്ല.

* പടം വരയ്ക്കുന്നത് Scale മറ്റും ഉപയോഗിച്ച് വൃത്തിയായി വരയ്ക്കണം. ചെറിയ പടങ്ങൾ കൂടുതൽ ഉചിതമെന്ന് പണ്ഡിതർ പറയുന്നു.

* അടുത്ത സീറ്റിൽ ഇരിക്കുന്നവർ പേപ്പർ വാങ്ങുന്നതു കണ്ട് ടെൻഷൻ കൂട്ടേണ്ട ആവശ്യമില്ല.

* രണ്ട് നിറമുള്ള പേനകൾ ഉപയോഗിച്ച് ചോദ്യത്തിന് ഉത്തരം എഴുതരുത്.

* ഒരു പേപ്പർ പൂർണ്ണമായി എഴുതി തീരുന്നതിനു മുമ്പ് പുതിയ പേപ്പർ ആവശ്യപ്പെടണം.

* ഒരു ചോദ്യത്തിനുള്ള ഉത്തരം എഴുതുമ്പോൾ കഴിവതും ആ ഉത്തരത്തെ കുറിച്ച് മാത്രം ചിന്തിക്കുക.

* തെറ്റായ ഉത്തരമെന്ന് ചിന്തിക്കുന്നുവെങ്കിൽ ഉത്തരവും അതോടൊപ്പം തന്നെ margin-ൽ ഇട്ടിരിക്കുന്ന നമ്പർ കൂടി വെട്ടി കളയണം. വൃത്തികേടായി വെട്ടിക്കളയരുത്. (രണ്ട് വര മാത്രം).



* Tile ചെയ്യുവാൻ Bell അടിച്ചാൽ ഉടനെ Rough Work അവസാനം വെച്ച് പേജ് നമ്പർ നോക്കി Paper Tie ചെയ്യണം.

* Question No, Answer No ഇവ തമ്മിൽ ശരിയാണോ എന്ന് നോക്കണം.

* Answer Sheet വീണ്ടും പരിശോധിക്കണം. തെറ്റുകൾ തിരുത്തണം (അക്ഷരത്തെറ്റുകൾ ഉൾപ്പെടെ)

* നേരത്തെ പരീക്ഷാഹാൾ വിട്ട് ഇറങ്ങിപ്പോകുവാൻ ഇടവരരുത്.

## പരീക്ഷയ്ക്കു ശേഷം (After exam)

* മാർക്ക് ഇട്ടു നോക്കാൻ ശ്രമിക്കരുത്.

* എളുപ്പത്തിൽ ഭവനത്തിൽ എത്തുക.

* മേശപ്പുറത്ത് വെച്ചിരിക്കുന്ന കഴിഞ്ഞ പരീക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്ന പുസ്തകങ്ങൾ, ചാർട്ട്, നോട്ട് മുതലായവ പൂർണ്ണമായി മാറി മറ്റൊരിടത്ത് വൃത്തിയായി സൂക്ഷിക്കുക.

* ആവശ്യമായ ഭക്ഷണവും വിശ്രമവും ശരീരത്തിനും മനസ്സിനും നല്കുക.

* പുതിയ വിഷയത്തിലേയ്ക്ക് ശ്രദ്ധ പതിയണം.

## എല്ലാ പരീക്ഷയ്ക്കും ഒടുവിൽ

* അത്യാവശ്യം സന്തോഷം പങ്കുവെച്ചതിനു ശേഷം സ്ക്കൂളിൽ നിന്നു പോരുക.

* ചോദ്യപേപ്പറുകൾ കിട്ടുന്ന സമയങ്ങളിലായി Answer ചെയ്യണം

* Positive Feelings ൽ അവധിക്കാലം ചിലവിടുക.

* ദൈവവിചാരം കളയാതിരിക്കുക. (അവധിക്കാലത്ത് ഒരു പ്രാവശ്യമെങ്കിലും വേദപുസ്തകം മലയാളം/ഇംഗ്ലീഷ് വായിക്കുക. രണ്ടും ചേർന്ന് വായിച്ചാൽ Spoken English Tution വേണ്ട എന്ന് പണ്ഡിതർ പറയുന്നു). ■



## സ്വാഗതം

പത്തനാപുരത്തിന്റെ വിദ്യാഭൂമിയിലേക്ക്...
പറക്കോടിന്റെ കാർഷിക ചിത്രത്തിലേക്ക്...
ഏനാറിന്റെ ഗ്രാമ്യഭംഗിയിലേക്ക്....
കടമ്പനാടിന്റെ പൗരാണികതയിലേക്ക്
അടൂരിന്റെ സംസ്ക്കാരത്തിലേക്ക്....
അഭിവന്ദ്യ പിതാവേ.... സ്വാഗതം

**ഭദ്രാസന യുവജന പ്രസ്ഥാനം പ്രവർത്തകർ**

# അടൂർ – കടമ്പനാട് ഭദ്രാസനം നവശോഭയോടെ...

- **സുന്ത്രോണീസോ കടമ്പനാട് സെന്റ് തോമസ് കത്തീഡ്രലിൽ**
- **പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഉജ്ജ്വല സ്വീകരണം**
- **ഭദ്രാസന ഉദ്ഘാടനം അടൂർ കണ്ണംകോട് ഗ്രൗണ്ടിൽ**

പ്രാർത്ഥനകൾ നിറഞ്ഞു നിന്ന പുരാതന മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രത്തിൽ വിശ്വാസികൾ ഏറ്റുപാടി ഇവൻ യോഗ്യൻ... ഓക്സിയോസ്...

അടൂർ കടമ്പനാട് ഭദ്രാസനാധിപൻ അഭി. സഖറിയ മാർ അപ്രേം തിരുമേനിയുടെ സുന്ത്രോണീസോ ശുശ്രൂഷ ഫെബ്രു. 12–ന് കടമ്പനാട് കത്തീഡ്രലിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചത് തന്നെ ഒരു ചരിത്ര നിയോഗമായിരുന്നു. ഫെബ്രു. 12–ന് പരിശുദ്ധ കാതോലിക്കാ ബാവായേയും അഭി. മെത്രാപ്പോലീത്തന്മാരേയും കത്തീഡ്രലിലേക്ക് സ്വീകരിച്ചാനയിച്ചു. ഉച്ചനമസ്ക്കാരത്തിനു ശേഷം സുന്ത്രോണീസോ ശുശ്രൂഷ സമാരംഭിച്ചു.

ഗീതങ്ങളും, പ്രത്യേക പ്രാർത്ഥനകൾക്കും ശേഷം നവ മെത്രാപ്പോലീത്താ വി. ഏവൻഗേലിയോൻ വായിച്ചു ഞാൻ നല്ല ഇടയൻ ആകുന്നു... ആടുകളുടെ വാതിലാകുന്നു... മുൻവാതിലൽ കൂടി കടക്കുന്നവനാകുന്നു... വിശ്വാസി സമൂഹം പ്രാർത്ഥനാപൂർവ്വം വായന ശ്രവിച്ചു ലുത്തിനിയായ്ക്കു ശേഷം കാപ്പ ധരിച്ച 12 വൈദികൻ അദ്ദേഹത്തെ സിംഹാസനത്തിൽ ഇരുത്തി ഉയർത്തി. പ. ബാവാ പ്രഖ്യാപനം നടത്തി വിശ്വാസി സഹസ്രം ഓക്സിയോസ് മുഴക്കി നവ ഇടയൻ സിംഹാസനത്തിലിരുന്ന് സ്ലീബാ ഉയർത്തി അജഗണങ്ങളെ ആശിർവദിച്ചു. 21 ആചാരവെടികൾ മുഴങ്ങി...

2.30–ന് കടമ്പനാടു നിന്നും ആരംഭിച്ച സ്വീകരണ ഘോഷയാത്ര അടൂർ സമ്മേളന നഗരിയിൽ എത്തിച്ചേർന്നു. വാദ്യമേളകളും, കലാരൂപങ്ങളും ഘോഷയാത്രയും നിറച്ചാർത്തണിയിച്ചു.

അടൂരിൽ നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ പരിശുദ്ധ ബാവാ അടൂർ കടമ്പനാട് ഭദ്രാസനം ഉദ്ഘാടനം ചെയ്തു. ഊർജ്ജ സഹമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. ആന്റോ ആന്റണി എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. അടൂർ പ്രകാശ്, ജോഷ്വാ മാർ നിക്കോദിമോസ്, മാത്യൂസ് മാർ തേവോദോസിയോസ്, തോമസ് മാർ അത്താനാസിയോസ്, മന്ത്രി മുല്ലക്കര രത്നാകരൻ, ഡോ. ജോർജി ജോസഫ്, എം. ജോർജ് മുത്തൂറ്റ്, ഫാ. പി.ജി. കുര്യൻ പ്രസംഗിച്ചു. ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം അഭി. സഖറിയ മാർ തെയോഫിലോസ് നിർവ്വഹിച്ചു.

ഭാഗ്യസ്മരണാർഹനായ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ
പാവന സ്മരണയ്ക്കു മുമ്പിൽ



അശ്രു പൂജകളോടെ

Inserted by:-

ഫാ. ഷാജി ഡാനിയേൽ
ബിന്ദു ഡാനിയേൽ, ഏബൽ മാത്യു ഡാനിയേൽ
അപ്രേം മാത്യു ഡാനിയേൽ

**തറയിൽ ഏബൽ ഭവൻ**
പാലനിരപ്പ് ചെങ്ങമനാട്, കൊട്ടാരക്കര

## അശ്രുപൂജകളോടെ



വിശ്വാസി,
സെന്റ് ജോർജ് ഓർത്തഡോക്സ്
വലിയ പള്ളി, പുത്തൂർ

*For Favours Received*



T. G. Varghese & Family
Thevarakattil Palapoika Sam Villa

## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതു ഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

## വിശുദ്ധനാട് തീർത്ഥാടനം

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദികരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/–**
**2011 ഏപ്രിൽ – 19 & 26, മെയ് – 16 & 27**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദികരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Saji Sam
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
**Munjavilayil Building, Mallassery P.O.**
**Pathanamthitta, Kerala**
**Email: jordanvallytours@hotmail.com**

# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ-STOC)

## <u>ജീവകാരുണ്യ സഹായം 2011</u>

1975 സെപ്റ്റംബർ 12-ാം തീയതി അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2011-ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

**1. ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായ രോഗികൾക്കായിരിക്കും പരിഗണന നൽകുക. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശയുണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ **മൂന്നു (3)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഒറിജനൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അറ്റസ്റ്റേഷൻ) അയയ്ക്കേണ്ടതാണ്. പരുമല, ശാസ്താംകോട്ട, കാര്യമ്പാടി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു. കൂടാതെ 'ശീലോഹാം ഗീവ് സൈറ്റ് പ്രൊജക്ട് -ലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

**2. വിവാഹ ധനസഹായം:** സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **30,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിന്റെ കോപ്പി അയച്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4.1. വിദ്യാഭ്യാസ സ്കോളർഷിപ്:** നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ +2 കഴിഞ്ഞ 37 കുട്ടികൾക്ക്, ഒരു കുട്ടിക്കു **10,000/-** രൂപ നിരക്കിൽ വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്റ്റും കോഴ്സ് സർട്ടിഫിക്കേറ്റും (ഇടവക വികാരി അറ്റസ്റ്റ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകൻെറ കുടുംബ പശ്ചാത്തലം, ചുറ്റുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മറ്റു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2011 ഓഗസ്റ്റ് 31**-ന് മുൻപ് കിട്ടിയിരിക്കണം

**4.2. വിദ്യാഭ്യാസ ധനസഹായം:** നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കു +2 നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%-ൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയതും ആദ്യചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും ഇപ്പോഴത്തെ കോഴ്സ് സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2011 ഓഗസ്റ്റ് 31**-ന് മുമ്പ് കിട്ടിയിരിക്കണം.

**5.1 ഭവന നിർമ്മാണ ധനസഹായം:** കൊല്ലം, കൊച്ചി, കണ്ടനാട് വെസ്റ്റ്, മലബാർ എന്നി ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **1,00,000** (ഒരുലക്ഷം) രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവായി കരമടച്ച രസീതിന്റെ കോപ്പിയും സഹിതം അപേക്ഷകൾ **2011 ഓഗസ്റ്റ് 31**-നു മുമ്പു കിട്ടിയിരിക്കണം

**5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം:** മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസ്സിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണ്ണമായി ശയ്യാവലംബരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയൊ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **1,00,000** (ഒരുലക്ഷം) രൂപ നൽകുന്നു. ഇതിലേക്ക് കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും ശുപാർശയും അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവായി കരമടച്ച രസീതിന്റെ കോപ്പിയും സഹിതം അപേക്ഷകൾ **2011 ഓഗസ്റ്റ് 31**-നു മുമ്പ് കിട്ടിയിരിക്കണം.

<u>**നിർദ്ദേശങ്ങൾ**</u> 1) അപേക്ഷാഫോറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ ഈ ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ്. 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

<u>**അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്:**</u> അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു. Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിസീലും , ചികിത്സാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

അയയ്ക്കേണ്ട വിലാസം:- **The Co-ordinator, STOC office, Betheny Aramana, Tiruvalla-689101, Kerala**

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു

പേര്:..............................................................................................................വയസ്സ്:........................................

വിദ്യാഭ്യാസ യോഗ്യത:.........................................................................................തൊഴിൽ: ...................................

മേൽവിലാസം (പിൻകോഡ് സഹിതം): ............................................................................................................

.................................................................................................................................................................

ഇടവക..........................................................................ഭദ്രാസനം: ..................................................................

പ്രതിമാസ വരുമാനം:............................................. ഭൂസ്വത്ത് വിവരം: .......................................................

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം:...............................................................

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ? ...........................................................................................

കോൺഗ്രിഗേഷനിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ?.........................................................

ഉണ്ടെങ്കിൽ:– വർഷം..................... എന്താവശ്യത്തിന്?...........................................എന്തു തുക ലഭിച്ചു? ........

ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ:– വർഷം................................എവിടേക്ക്...................................................................................................

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്: തീയതി.................................

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

### അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ **"STOC Office, Basil Jubilee Centre, Betheny Aramana, Tiruvalla, Kerala. - PIN-689 101".** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒരു വർഷം ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

വനിതാസഭ



സ്ത്രീകൾ സഭയിൽ

പ്രൊഫ. മേരി മാത്യു, കുഴിമറ്റം

ജാതികളേ, അടുത്തു വന്നു കേൾപ്പിൻ,
വംശങ്ങളേ ശ്രദ്ധ തരുവിൻ; ഭൂമിയും
അതിന്റെ നിറവും അതിൽ
മുളെക്കുന്നതൊക്കെയും കേൾക്കട്ടെ.
*യെശയ്യാവു 34:1*

# കൃപയുടെ നീരൊഴുക്ക്

ഏതു ബലഹീന വ്യക്തിയെയും കർത്താവ് മഹത്തായ ഉദ്ദേശങ്ങൾക്ക് ഉപയോഗിക്കുമെന്നതിന് അനേകം തെളിവുകൾ വി. വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ശിഷ്യന്മാരുടെ കടന്നുവരവ് തന്നെ ഇതിന് ശ്രേഷ്ഠമായ ഉദാഹരണമാണ്. പരിശുദ്ധാത്മ കൃപയാൽ ഹൃദയവാതിൽ തുറന്നു കിട്ടുമ്പോൾ ധന്യമായ പദ്ധതികൾക്കായി ദൈവം ഓരോരുത്തരെയും ഉപകരണങ്ങളാക്കും. പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ചുകൊണ്ട് ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മാത്രമേ പരിശുദ്ധാത്മകൃപ വർഷിക്കുകയുള്ളു. അപ്പോൾ പുതിയ അനുഭവങ്ങളുടെ പുതിയ ദർശനങ്ങളുടെ അവസ്ഥ സംജാതമാകും. ഇങ്ങനെ രൂപാന്തരീകരണത്തിന് വിധേയയായ ഒരു സ്ത്രീയായിരുന്നു തുയെത്തൈര പട്ടണക്കാരിയും രക്താംബരം വില്ക്കുന്നവളുംദൈവഭക്തയുമായ ലുദിയ.

ബഹുവിധ കാര്യങ്ങളിൽ വ്യാപൃതയായിരുന്നിട്ടും ലുദിയ കർത്താവിനെ അറിയുവാൻ ആഗ്രഹിക്കുകയും അതിന് സമയം കണ്ടെത്തുകയും ചെയ്തു. പട്ടണവാസിയായിരുന്നിട്ടും ലൗകിക കാര്യങ്ങളിൽ കൂടുതൽ ആമഗ്നയാകാതെ ജീവിതത്തിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ഏതെന്ന് ആ വനിത തിരിച്ചറിയുകയും പ്രശാന്തമായ പുഴവക്കിലേക്ക് കർത്തൃശിഷ്യരുടെ വാക്കുകൾ കേൾക്കുവാൻ ഉത്സാഹത്തോടെ കടന്നു വരികയും ചെയ്തു. പ്രകൃതിയുടെ സ്വച്ഛ സൗന്ദര്യത്തോടും പുഴയുടെ സാന്ദ്ര സംഗീതത്തോടും ലുദിയയുടെ ഹൃദയ ഭാവങ്ങളെയും സമരസപ്പെടുത്താം പുഴയുടെ തണുപ്പുപോലെ ലുദിയയും സർവ്വവിധമായ ലൗകിക താപത്തിൽ നിന്നും അകന്ന് സ്വച്ഛയായി ധന്യമായ വചനങ്ങൾ ഉൾക്കൊണ്ട് സൗമ്യയായിരുന്നു. ജലത്തിലെ അനുസ്യൂതമായ ഒഴുക്കുപോലെ നിശ്ചലമാകാത്ത കൃപാവരങ്ങളാൽ ആ സ്ത്രീയും സമ്പന്നയായി. ഇഹലോക താല്പര്യങ്ങളേക്കാൾ ദൈവവചനത്തിന് താല്പര്യം കൊടുത്ത ലുദിയ എല്ലാ സ്ത്രീകൾക്കും ജീവിതം എങ്ങനെ ക്രമീകരിക്കണമെന്ന് സന്ദേശം പകർന്നുകൊണ്ടേയിരിക്കുന്നു. അനേകരെ കർത്താവിങ്കലേക്ക് ബന്ധിപ്പിക്കുന്നതിന് ലുദിയയ്ക്കു സാധിച്ചു. ദൈവകൃപകൊണ്ട് ശോഭിക്കുന്ന ഏതു വ്യക്തിയും അനേകർക്ക് പ്രയോജനകരമായിത്തീരുന്നു.

ലുദിയയുടെ ഭവനം ദൈവകൃപയിൽ പ്രവൃദ്ധമായി സ്വകുടുംബത്തിനും ആ പ്രദേശത്തിനും ആകമാനം ആത്മീയ തേജസ്സ് പ്രസരിപ്പിക്കുവാൻ ആ ദൈവഭക്തയ്ക്കു സാധിച്ചു. ദൈവഭക്തയുടെ സമ്പത്താണ് പരിശുദ്ധാത്മ കൃപ. ഇതുതന്നെയാണ് പ്രതിസന്ധിയിലെ പ്രകാശവും. ഈ കൃപ ദാനമായി ലഭിക്കുമ്പോൾ ഓരോ വ്യക്തിക്കും അവരവരോടു തന്നെ വിശ്വസ്തരും സൗമ്യരും ഇന്ദ്രിയ ജയം നേടിയവരുമാകുവാൻ അവസരമുണ്ടാകും. സങ്കീർത്തനക്കാരനായ ദാവീദ് പാടിയതുപോലെ ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുതാക്കേണമേ" എന്ന പ്രാർത്ഥന നിരന്തരം തുടർന്നു കൊണ്ടേയിരിക്കണം. ദൈവകൃപ ലഭിക്കുമ്പോൾ മറ്റുള്ളവരോടുള്ള ബന്ധത്തിൽ ദീർഘക്ഷമ, ദയ, പരോപകാരം എന്നിവ വളർന്നു വരും. ദൈവകൃപയിൽ വളരുന്തോറും, സ്നേഹം, സന്തോഷം, സമാധാനം എന്നിവ സംജാതമാകും. ലുദിയയുടെ ജീവിതം ഈ നവതേജസ്സുകൊണ്ടും പ്രകാശിതമായി.

ലുദിയ ശുശ്രൂഷയുടെ മൂർത്തിമത്ഭാവമായിരുന്നു. ആതിഥ്യമര്യാദയ്ക്ക് ആ ദൈവഭക്ത സന്നദ്ധയായി. അതിനുമുൻപ് തന്നെക്കുറിച്ച് ശരിയായ കണക്കെടുപ്പ് നടത്തി. തന്റെ ഭവനത്തിലേയ്ക്ക് കർത്തൃശിഷ്യരെ ക്ഷണിക്കുമ്പോഴും താൻ കർത്താവിൽ വിശ്വസ്ത എങ്കിൽ ഭവനത്തിൽ പാർക്കുവാൻ അപേക്ഷിക്കുകയും നിർബ്ബന്ധിക്കുകയും ചെയ്യുന്നു മറ്റുള്ളവരെ സ്നേഹത്തോടെ ക്ഷണിക്കുവാനും അവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാനും ലുദിയ തയ്യാറാകുന്നു. സ്വച്ഛ സൗമ്യമായ സ്ഥലത്തിരുന്ന് ദൈവത്തെ ധ്യാനിക്കുവാനും ഏതു തത്രപ്പാടിനിടയിലും ദൈവാഭിമുഖരാകുവാനും ഈ വേദഭാഗം ആഹ്വാനം ചെയ്യുന്നു. ഉത്സാഹത്തിൽ മടുക്കാതെ ആത്മാവിൽ എരിവുള്ള വ്യക്തിയായി കർത്താവിനെ സേവിപ്പാനും, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിപ്പാനും ആതിഥ്യമര്യാദ ചെയ്യുവാനും ലുദിയ ശുഷ്ക്കാന്തി കാട്ടുന്നു. ദൈവഭക്തയായ ലുദിയയെപ്പോലെ നാം കർത്താവിൽ വിശ്വസ്തരാമോ?

**ദൈവഭക്തയുടെ സമ്പത്താണ് പരിശുദ്ധാത്മ കൃപ. ഇതുതന്നെയാണ് പ്രതിസന്ധിയിലെ പ്രകാശവും**



മറ്റുള്ളവരുമായുള്ള ബന്ധത്തിൽ നാം വിശ്വസ്തരാണോ? എന്ന് പുനർവിചിന്തനത്തിന് ലുദിയ പ്രേരിപ്പിക്കുന്നു.

ലുദിയയുടെ കുടുംബം കർത്താവിനെ അറിഞ്ഞതുപോലെ നമ്മെ ചുമതലപ്പെടുത്തിയിരിക്കുന്ന കുടുംബം കർത്താവിനെ അറിയുവാൻ ഇടയായോ? ലോക പ്രകാരമുള്ള തിരക്കുകൾക്കിടയിലും സത്യമായും നീതിയായതും ഘനമായതും ഉൾക്കൊള്ളുവാൻ പുഴയോരത്തേക്കുപോയ ലുദിയയെപ്പോലെ കർത്താവിനെ അന്വേഷിച്ച് ആ മനോഹരത്വം കാണ്മാനുള്ള ആവശ്യബോധം നമ്മൾക്കുണ്ടായിട്ടുണ്ടോ?

ദൈവഭക്തയും വിശ്വസ്തനുമായ ലുദിയ സമ്പൂർണ്ണ സമർപ്പണത്തോടെ കർത്താവിനെ സ്വീകരിച്ചപ്പോൾ ആ സ്ത്രീ രത്നത്തിന് അനേകരിലേക്ക് പ്രകാശം ചൊരിയുവാൻ ദൈവനുഗ്രഹം ലഭിച്ചു. "മോശ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനാക്കിയവനും വിശ്വസ്തൻ ആകുന്നു" എബ്രാ. 3:2 ധന്യമായ നോമ്പിന്റെ അനുഭവത്തിൽ വ്യക്തികളായി, കുടുംബങ്ങളായി സമൂഹമായി, സഭയായി ശ്രദ്ധയുള്ളവരും സേവനതല്പരരാകുവാൻ ആത്മശരീര മനസ്സുകളിൽ ശ്രമിക്കാം. ■

**ജനകീയം**

# ഒരു കോടി

മഹാത്മാഗാന്ധിയും അനുചരന്മാരും ചർക്ക സംഘത്തിനു വേണ്ടി ജനങ്ങളിൽ നിന്നും പിരിവ് ശേഖരിക്കുവാൻ പര്യടനം നടത്തുന്ന കാലം. സ്ഥലം ഒറീസ്സ.

ജനക്കൂട്ടത്തിനിടയിൽ നിന്നും തലനരച്ച, ചുക്കിച്ചുളിഞ്ഞ വസ്ത്രം ധരിച്ച കൂനുപിടിച്ച ഒരു വൃദ്ധ സ്ത്രീ എഴുന്നേറ്റ് ഗാന്ധിയുടെ അടുക്കലേക്ക് നടന്നു... വോളന്റിയർമാർ അവരെ തടയാൻ ശ്രമിച്ചു; അവർ എതിർത്തു നിന്നു... അവർ മുന്നിലെത്തി ഗാന്ധിജിയുടെ പാദം തൊഴുതു സാരിയുടെ കോന്തലയിൽ കെട്ടിവച്ച ഒരു ചെമ്പുനാണയം ചർക്ക സംഘത്തിന്റെ പ്രവർത്തനത്തിനു സമർപ്പിച്ചു.

ഗാന്ധിജി അതീവ സൂക്ഷ്മതയോടെ അത് ഉള്ളം കൈയ്യിലെടുത്തു സൂക്ഷിച്ചു... ചർക്ക സംഘത്തിന്റെ ചുമതലക്കാരൻ ജംമ്നാലൻ സജാജ് ആ നാണയം ആവശ്യപ്പെട്ടപ്പോൾ അതു നൽകാൻ ഗാന്ധിജി വിസമ്മതിച്ചു. "ആയിരക്കണക്കിനു രൂപയുടെ ചെക്കുകൾ കൈകാര്യം ചെയ്യുന്ന എന്നോട് ഈ നാണയത്തിന്റെ കാര്യത്തിൽ ഇത്ര സംശയമോ..." ഫലിതരൂപേണ അയാൾ ചോദിച്ചു...

ഒരു മനുഷ്യന് ലക്ഷക്കണക്കിന് രൂപയുണ്ടായിട്ട് അതിലൊരായിരം, രണ്ടായിരമോ സംഭാവന നൽകാൻ കഴിയും എന്നാലീ വൃദ്ധ.. അവൾക്കുണ്ടായിരുന്ന മൊത്തം നല്കിയില്ലേ ഈ നാണ എനിക്ക് കോടികളേക്കാൾ വില പ്പെട്ടതാണ്.

സമ്പാ: ഫാ. മുകളിൽ


## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 - ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തതിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തതിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതുമാണ്


ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം
TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)

45-ാം ചരമവാർഷികം

06-03-2011




**ബർസ്ലീബി കത്തനാർ**

**നിരണം വലിയപള്ളി മുൻ വികാരിയും മൂപ്പച്ചനും**

7-ാം ചരമവാർഷികം

27-02-2011



**റവ. ഫാ. കെ. ബി. മാത്യൂസ്, കാരിക്കോട്ട്**

പരുമല സെമിനാരി മുൻ മാനേജർ,
പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രി സ്ഥാപകൻ,
നിരണം വലിയ പള്ളി മുൻ വികാരി

വേർപാടിന്റെ 10-ാം വാർഷികം

22-3-2011



**ചിന്നമ്മ വർഗീസ്**

**(Retd. Teacher G.M.H.S., Parathodu)**

*'നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

എന്ന് ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

മരിക്കാത്ത ഓർമ്മകളോടെ
നിത്യതയുടെ തീരത്ത്
ഒരുമിച്ച് കാണാമെന്ന
പ്രത്യാശയയോടെ പ്രിയപ്പെട്ട

**ഭർത്താവ് - ഇ.കെ. വറുഗീസ്**

'പകലോമറ്റം കുമ്പന്താനത്ത് ചിറയിൽ"
താഴത്തുമലയിൽ - ഇളങ്കാവുങ്കൽ,
പാറത്തോട്

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| ഷൈല | ജോർജ്ജ്കുട്ടി | വിനീത, സലിൽ, അനൂപ് |
| ഷാജി | ജിജി | ടിഫനി, ടാനിയാ, ടിനു |
| ഷാബു | ഷീല | ഷീന, ഷാനി, ശോഭ |

ഡോ. സിബി തരകൻ



# റമ്പാൻ ബൈബിൾ ഒരു ചരിത്രാന്വേഷണം

**1811**-ലെ ഏവൻഗേലിയോൻ പരിഭാഷയെ *ബൈബിൾ പരിഭാഷ* എന്നാണ് സഭാചരിത്രകാരന്മാർ പൊതുവേ വിശേഷിപ്പിക്കാറുള്ളത്. വി. മത്തായി, വി. മാർക്കോസ്, വി, ലൂക്കോസ്, വി. യോഹന്നാൻ എന്നിവർ എഴുതിയ സുവിശേഷങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി എന്നത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭാവനയാണ്.


ബോംബയിലെ കൂറിയർ പ്രസ്സിൽ മുദ്രണം ചെയ്യപ്പെടുകയും, കൽക്കത്തായിലെ ബൈബിൾ സൊസൈറ്റിയിലൂടെ വിതരണം ചെയ്യപ്പെടുകയും ചെയ്ത ഏവൻഗേലിയോൻ പരിഭാഷയെ, ബൈബിൾ പരിഭാഷയുടെ ഒന്നാം ഭാഗം എന്ന നിലയിലാവണം സി. എം. എസ് മിഷണറിമാരും ചരിത്രകാരന്മാരും *ബൈബിൾ പരിഭാഷ* എന്നു വിശേഷിപ്പിച്ചത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഒരു പടികൂടി കടന്ന് അതിനെ *റമ്പാൻ ബൈബിൾ* എന്ന് വിളിക്കുകയും ചെയ്തു. 2011- ൽ ഈ പ്രസിദ്ധീകരണത്തിന് 200 വയസ് പൂർത്തിയാകുന്നു.

*റമ്പാൻ ബൈബിൾ* കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പരിഭാഷയുടെ പശ്ചാത്തലം, പരിഭാഷകർ, ഭാഷയുടെ പ്രത്യേകതകൾ, അതിന്റെ സംഘാടകർ, മുദ്രണത്തിന്റെ പ്രത്യേകതകൾ, സമൂഹത്തിൽ ചെലുത്തിയ സ്വാധീനം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിലായി പ്രസ്തുതഗ്രന്ഥം ചർച്ചാവിധേയമാക്കിയിട്ടുണ്ട്. എന്നാൽ ചർച്ച ചെയ്യുന്തോറും നൂതനമായ വെളിപ്പെടുത്തലുകൾ നൽകിക്കൊണ്ട് *റമ്പാൻ ബൈബിൾ* ഇന്നും ചരിത്രപഠിതാക്കളുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.

1811-ലെ ഏവൻഗേലിയോൻ പരിഭാഷയുടെ ചരിത്രപശ്ചാത്തലം നമുക്ക് ആദ്യമായി ലഭിക്കുന്നത് അതേ വർഷംതന്നെ പ്രസിദ്ധീകരിക്കപ്പെട്ട ഡോ. ക്ലേഡിയസ് ബുക്കാനന്റെ *ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ* എന്ന ഗ്രന്ഥത്തിൽ നിന്നാണ്. ഡോ. ബുക്കാനന്റെ ജീവചരിത്രവും ആത്മകഥയുമെല്ലാം ഉൾക്കൊള്ളുന്ന *മെമ്മയേഴ്സ് ഓഫ് ബുക്കാനൻ* എന്ന ഗ്രന്ഥത്തിൽനിന്ന് ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നുണ്ട്. റവ. ഹ്യൂ പിയേഴ്സൺ രചിച്ച പ്രസ്തുത ഗ്രന്ഥം 1817-ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ചു.

പരിഭാഷ സംബന്ധിച്ച് സമകാലിക സാക്ഷ്യം നൽകുന്ന ഏക മലയാള കൃതി *മാർതോമ്മാ മെത്രാന്മാരുടെ ഡയറിക്കുറിപ്പ്* എന്ന് വിശേഷിപ്പിക്കപ്പെടുന്ന *നിരണം ഗ്രന്ഥവരി*യാണ് പിൽക്കാലത്ത് *റമ്പാൻ ബൈബിളിനെ*ക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട എല്ലാ രചനകളും ഈ ഗ്രന്ഥങ്ങളെ ആസ്പദിച്ച് ഉണ്ടായവയാണ്.

ആരാണ് *റമ്പാൻ ബൈബിളിന്റെ* പരിഭാഷകനായ ആ *റമ്പാൻ*? പല



പ്പോഴും വിവാദങ്ങൾക്ക് തിരികൊളുത്തിയിട്ടുള്ള ഒരു ചോദ്യമാണ് ഇത്. ഡോ. ബുക്കാനാന്റെ ഗ്രന്ഥമോ, റവ. പിയേഴ്സൺന്റെ *മെമ്മയേഴ്സോ* ഈ ചോദ്യത്തിന് വ്യക്തമായ ഒരു മറുപടി നൽകുന്നില്ല. അവരുടെ കൃതികളിൽ ഒരു റമ്പാനെക്കുറിച്ചും പരാമർശമില്ല.

1806-ൽ ഡോ. ബുക്കാനൻ കേരളത്തിൽ വരികയും വിവിധ ദേവാലയങ്ങളും സഭാകേന്ദ്രങ്ങളും സന്ദർശിക്കുകയും ചെയ്തു. നവംബർ 23-ന് അദ്ദേഹം വലിയ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ കണ്ടനാടു പള്ളിയിൽ സന്ദർശിച്ചു. വേദപുസ്തക പരിഭാഷ തന്റെ സന്ദർശനത്തിന്റെ മുഖ്യലക്ഷ്യമാണെന്നു പറഞ്ഞപ്പോൾ, മെത്രാപ്പോലീത്താ അതിനോടു യോജിക്കുകയും, തന്റെ നേതൃത്വത്തിൽ പണ്ഡിതന്മാരായ വൈദികർ അത് നിർവ്വഹിക്കുമെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു.

1807 ഫെബ്രുവരി 6-ന് ബുക്കാനൻ കൽക്കത്തായിലേക്ക് തിരികെ പോകും മുമ്പ് വിവർത്തനവുമായി ബന്ധപ്പെട്ട് ചില ക്രമീകരണങ്ങൾ ചെയ്തിരുന്നു. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ രൂപീകരിച്ച പരിഭാഷാ സംഘത്തിന് ശമ്പളം കൊടുക്കാനുള്ള പണം അദ്ദേഹം കേണൽ മെക്കാളയെ ഏല്പിക്കുകയും, പരിഭാഷയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 1796-ൽ തമിഴിൽ പ്രസിദ്ധീകരിച്ച വേദപുസ്തകം പരിഭാഷകൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി മെത്രാപ്പോലീത്തായ്ക്ക് എത്തിച്ചുകൊടുത്തു.

തമിഴ് പണ്ഡിതനായ തിമ്മപ്പാപ്പിള്ള, ഹീബ്രു പണ്ഡിതനായ മോശ ഇസ്സാർ ഫതി, തഞ്ചാവൂരിലെ മിഷനറി ഷ്വാർട്ട്സിന്റെ സഹപ്രവർത്തകനും തിരുവനന്തപുരം സ്വദേശിയുമായിരുന്ന പാസ്കൽ എന്നിവരെ പരിഭാഷയിൽ സഹായിക്കുന്നതിനായി കണ്ടനാട്ടേയ്ക്ക് നിയോഗിച്ചു. ഇത്രയും പേരുകൾ മാത്രമെ ബുക്കാനൻ, പിയേഴ്സൺ എന്നിവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നുള്ളു. തിമ്മപ്പാപ്പിള്ളയുടെ ബന്ധുവായ ഒരു യുവാവ്, മറ്റൊരു ബ്രാഹ്മണൻ എന്നിവരെക്കുറിച്ച് ബുക്കാനാൻ പിന്നീട് മെക്കാളെയ്ക്ക് എഴുതിയ ഒരു കത്തിൽ പരാമർശമുണ്ടെങ്കിലും അവർ പരിഭാഷയുടെ ഏതെങ്കിലും ഘട്ടത്തിൽ സഹായിച്ചിരുന്നോ എന്ന് വ്യക്തമല്ല.

എന്നാൽ ആശ്ചര്യകരമെന്നു പറയട്ടെ, പരിഭാഷയിൽ ഏർപ്പെട്ട സുറിയാനി സഭാംഗങ്ങളുടെ പേരുകൾ ഈ പുസ്തകങ്ങളിൽ കാണുന്നില്ല. ബുക്കാനൻ കേരളത്തിലെ വിവിധ ദേവാലയങ്ങൾ സന്ദർശിച്ചപ്പോൾ കണ്ടുമുട്ടിയ വൈദികരുടെയും അൽമായ പ്രമുഖരുടെയും പേരുകൾ *മെമ്മയേഴ്സിൽ* ഉദ്ധരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കത്തുകളിൽ കാണാം. എന്നാൽ വേദപുസ്തക പരിഭാഷ എന്ന മഹാദൗത്യത്തിന് മുന്നിട്ടിറങ്ങിയവരിൽ വലിയ മാർ ദീവന്നാസ്യോസ് (ആറാം മാർതോമ) മെത്രാപ്പോലീത്തായുടെ പേരല്ലാതെ മറ്റൊരു വൈദികന്റെയും പേരുകൾ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലോ കത്തുകളിലോ കാണുന്നില്ല.

കേരളത്തിലെ സുറിയാനി സഭയെ എത്രയും വേഗം ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാമെന്ന പ്രതീക്ഷയോടെ തന്റെ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ച ബുക്കാനന്, കണ്ടനാട്ടു വന്ന് മെത്രാപ്പോലീത്തായുമായി സംഭാഷണം നടത്തിയതോടെ അത് വിചാരിച്ചതുപോലെ അത്ര എളുപ്പമല്ല എന്ന് തോന്നിത്തുടങ്ങിയിരുന്നു. അതല്ലേ ഈ അവഗണനയ്ക്കു കാരണം എന്നു തോന്നുന്നു.

എന്നാൽ വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്തുതന്നെ രചിക്കപ്പെട്ടു തുടങ്ങിയ *നിരണം ഗ്രന്ഥവരി* എന്ന് പിൽക്കാലത്ത് വിളിക്കപ്പെട്ട ഡയറിക്കുറിപ്പുകളിൽനിന്ന് പരിഭാഷകരെക്കുറിച്ച് ചില സൂചനകൾ ലഭിക്കുന്നുണ്ട്.

ബുക്കാനന്റെ കേരളസന്ദർശനം തുടങ്ങുന്നതിന് ആറുമാസം മുമ്പ് കായംകുളം പീലിപ്പോസ് റമ്പാൻ കണ്ടനാട്ടുനിന്ന് കൊല്ലത്തു വന്ന് റസിഡന്റു മെക്കാളെയെ സന്ദർശിച്ചതായും, തുടർന്ന് കൊ. വ. 981 (1806) മേടം 12-ന് *....പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും....എട്ടു പുസ്തകവും പഴമ എഴുതിയതോടുകൂടെ പീലിപ്പോസു റമ്പാനും അങ്കമാലി ഇട്ടൂപ്പു കത്തനാരും പോത്തിക്കരക്കൊണ്ടു ചെന്നു....* മെക്കാളെയ്ക്ക് നൽകിയതായും *നിരണം ഗ്രന്ഥവരിയിൽ* കാണുന്നു. ഈ രണ്ട് വൈദിക ശ്രേഷ്ഠരുമായിട്ടാകാം ഡോ. ബുക്കാനൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം കണ്ടനാട്ടുവച്ച് ചർച്ച നടത്തിയത്.

1807 ഫെബ്രുവരി 7-ന് ബുക്കാനൻ കൊടുങ്ങല്ലൂർനിന്ന് കപ്പലിൽ കൽക്കത്തായിലേക്ക് പോകുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പുതന്നെ വേദപുസ്തകപരിഭാഷ ആരംഭിച്ചു എന്ന് മനസ്സിലാക്കാം. *ഗ്രന്ഥവരി* ഇങ്ങനെ തുടരുന്നു. *....റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭം* (കൊ. വ 982) *18-ന് മുതൽക്ക് എഴുതത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പു പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെയത്രെ തമിഴു പുസ്തകവും ആളും വന്നൊള്ളു...റമ്പാനെത്ര കടുദാസിൽ എഴുതുന്നതു. തിമ്മപ്പൻ പിള്ള ഒലയിലെഴുതുകയും, തമിഴ് കൊച്ചിട്ടി നോക്കുകയും എട്ടു നാളൊരിക്കൽ ഇത്രയെഴുതി എന്ന് കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടംകെട്ടിയത്രെ ബുക്കാനൻ പോയത്. ഏവൻഗെലിയോൻ പ്രൊക്കുസെസു പൊരുൾ തിരിച്ചതിന്റെ ശെഷം, ആയത് വങ്കാളത്ത കൊണ്ട്ചൊല്ലത്തക്കവണ്ണം എഴുതി വരികകൊണ്ടു തിമ്മപ്പൻ പിള്ള കൊണ്ടുപോയി.*

*ഗ്രന്ഥവരി*യിലെ ഈ പ്രസ്താവന വെളിപ്പെടുത്തുന്നത് കായംകുളം ഫീലിപ്പോസ് റമ്പാന് ഈ പരിഭാഷയിൽ അദ്വിതീയമായ ഒരു പങ്ക് ഉണ്ടായിരുന്നു എന്നു തന്നെയാണ്

കൊച്ചിട്ടി എന്ന അൽമായനും അതിൽ ഒരു മുഖ്യ പങ്കുവഹിച്ചു. അദ്ദേഹം വലിയ മാർ ദീവന്നാസ്യോസിന്റെയും ഫീലിപ്പോസ് റമ്പാന്റെയും കൂടെ പ്രവർത്തിച്ചിരുന്ന ഒരു അൽമായ പ്രമുഖനായിരുന്നിരിക്കാം. മെത്രാപ്പോലീത്താ കൊ. വ. 983 (1808) മീനം 25ന് കാലം ചെയ്തപ്പോൾ, ഫീലിപ്പോസ് റമ്പാനോടൊപ്പം കൊച്ചിട്ടിയും പുത്തൻകാവിലേയ്ക്ക് മെത്രാപ്പോലീത്തായുടെ മൃതദേഹവും വഹിച്ചുകൊണ്ടുപോയ വള്ളത്തിൽ അനുവാധനം ചെയ്തതായി *ഗ്രന്ഥവരി* സാക്ഷ്യപ്പെടുത്തുന്നു.

ഫീലിപ്പോസ് റമ്പാന്റെയും കൊച്ചിട്ടിയുടെയും പേരുകൾ ബുക്കാനൻ തന്റെ ഗ്രന്ഥത്തിലോ കത്തുകളിലോ പരാമർശിച്ചില്ലെങ്കിലും വിവർത്തനത്തിൽ അവരുടെ പങ്ക് *നിരണം ഗ്രന്ഥവരി*യിലൂടെ അനശ്വരമായി.

*ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യാ, മെമ്മായേഴ്സ് ഓഫ് ഡോ. ബുക്കാനൻ, നിരണം ഗ്രന്ഥവരി* എന്നീ ഗ്രന്ഥങ്ങളിൽനിന്നും വേദപുസ്തക പരിഭാഷയ്ക്കു നേതൃത്വം കൊടുക്കുകയും അതിൽ പങ്കാളികളാവുകയും ചെയ്തവരായി നമുക്ക് ലഭിക്കുന്നത്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം

മാർതോമ്മാ), കായംകുളം, ഫീലിപ്പോസ് റമ്പാൻ, കൊച്ചിട്ടി, തിമ്മപ്പാ പിള്ള, മോശ ഇസ്സാർ ഫതി, പാസ്കൽ എന്നീ പേരുകളാണ്. എങ്കിലും പരിഭാഷയിൽ ഫീലിപ്പോസ് റമ്പാനുണ്ടായിരുന്ന അദ്വീതീയമായ സ്ഥാനംമൂലം ആ പരിഭാഷയ്ക്ക് *റമ്പാൻ ബൈബിൾ* എന്ന പേരും ലഭിച്ചു.

എന്നാൽ ഈ പരിഭാഷയിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് ഒരു മുഖ്യ പങ്ക് ഉണ്ടായിരുന്നു എന്നൊരു വാദം അടുത്ത കാലത്ത് ചിലർ ഉന്നയിച്ചിട്ടുണ്ട്. മുഖ്യമായും ഫാ. ഡോ. ജോസഫ് ചീരന്റെ രചനകളിലാണ് ഈ അഭിപ്രായം കണ്ടിട്ടുള്ളത്, മലങ്കര സുറിയാനി സഭയിൽ പഴയകാലം മുതൽ തന്നെയുള്ള തെക്ക്-വടക്ക് വിഭാഗിയ ചിന്തകൾ, ബൈബിൾ പരിഭാഷയിൽ ഇട്ടൂപ്പ് റമ്പാനുള്ള സ്ഥാനത്തെ തമസ്കരിച്ചിരിച്ചിരിക്കുന്നു എന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. അടുത്ത കാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ച *പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും* എന്ന ലഘുഗ്രന്ഥത്തിലൂടെ തന്റെ വാദമുഖങ്ങളെ കൂടുതൽ വിശദമാക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. എന്നാൽ വിശ്വാസ്യമായ തെളിവുകളുടെ അഭാവം അദ്ദേഹത്തിന്റെ വാദങ്ങളെ ബലഹീനമാക്കുന്നു.

പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാർ റമ്പാനായത് വേദപുസ്തക പരിഭാഷ കഴിഞ്ഞ് രണ്ടു വർഷങ്ങൾക്കുശേഷമാണ്. എട്ടാം മാർതോമയാണ് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകിയത്. വൈകാതെതന്നെ അദ്ദേഹം മെത്രാനെ സ്ഥാനഭ്രഷ്ടനാക്കാനുള്ള ശ്രമങ്ങൽ ആരംഭിക്കുകയും, റസിഡണ്ടായിരുന്ന കേണൽ മൺറോയുടെ അടുക്കൽ പരാതികൾ നൽകുകയുമാണ് ചെയ്തത്. അദ്ദേഹം റമ്പാനാകുന്നതിന് രണ്ടു വർഷം മുമ്പു നടന്ന ബൈബിൾ പരിഭാഷ , അദ്ദേഹത്തിന് പിന്നീട് ലഭിച്ച റമ്പാൻ സ്ഥാനത്തിന്റെ പേരിൽ *റമ്പാൻ ബൈബിൾ* എന്നു വിളിക്കപ്പെട്ടു എന്ന് ഫാ. ചീരൻ വാദിക്കുന്നതിൽ അഭംഗിയുണ്ട്.

എന്നാൽ *റമ്പാൻ ബൈബിളിലെ* ഭാഷ വികലമാണെന്നും, അത് ഉദ്ദേശിച്ച ഫലം ചെയ്തില്ല എന്നും മൺട്രോയ്ക്ക് അഭിപ്രായമുണ്ടായിരുന്നു. പുതിയൊരു സമ്പൂർണ്ണ ബൈബിൾ പരിഭാഷ ആവശ്യമാണെന്നു ബോധ്യമായ മണ്രോ അതിനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. *റമ്പാൻ ബൈബിളിന്റെ* പ്രസിദ്ധീകരണത്തിനു ശേഷം അഞ്ചു വർഷം കഴിഞ്ഞ് മെത്രാനായിത്തീർന്ന പുലിക്കോട്ടിൽ റമ്പാനെ അതിന്റെ ചുമതല ഏല്പിച്ചതായി കാണുന്നുണ്ട്. പക്ഷേ, അദ്ദേഹം ഒരു വർഷത്തിനുശേഷം കാലം ചെയ്തതുകൊണ്ട് റവ. ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ പുതിയ പരിഭാഷ ആരംഭിക്കുകയും, 1829-ൽ ഒന്നാം ഭാഗം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഫാ. ജോസഫ് ചീരന്റെ മേൽ സൂചിപ്പിച്ച ലഘു ഗ്രന്ഥം വായിച്ചപ്പോൾ, അദ്ദേഹം മേൽപറഞ്ഞ രണ്ടു പരിഭാഷകളെയും ഒന്നായി പരിഗണിച്ചോ എന്ന സംശയമാണ് വായനക്കാരന് ഉണ്ടാവുക. അതുകൊണ്ടാണ് 1811-ൽ പ്രസിദ്ധീകരിച്ച *റമ്പാൻ ബൈബിളിന്റെ* പരിഭാഷയിൽ അതിനുശേഷം റമ്പാനായ ഇട്ടൂപ്പു കത്തനാർ ഒരു പങ്കുവഹിച്ചു എന്ന് അദ്ദേഹം സമർത്ഥിക്കാൻ ശ്രമിക്കുന്നത്. പരിഭാഷാ കർമ്മത്തിൽ അദ്ദേഹത്തിന് അല്പമെങ്കിലും പങ്കാളിത്തം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹവുമായി ഗാഢബന്ധം പുലർത്തിയിരുന്ന സി.എം.എസ് മിഷനറിമാരും 19-ാം നൂറ്റാണ്ടിലെ ചരിത്രകാരന്മാരും അക്കാര്യം രേഖപ്പെടുത്തുമായിരുന്നില്ലേ?

പാമ്പാക്കുട ചെറിയ പള്ളിയിൽ സൂക്ഷിച്ചിരുന്ന റമ്പാൻ ബൈബിളിന്റെ ഒരു കോപ്പിയിൽ 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, പാലപ്പള്ളിൽ അബ്രഹാം കത്തനാർ ചുവന്ന മഷിയിൽ രേഖപ്പെടുത്തിയിരുന്ന ഒരു കുറിപ്പ് ഈ ലേഖകൻ കണ്ടിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. *...കായംകുളത്തെ ഫീലിപ്പോസ് റമ്പാച്ചൻ പൊരുൾ തിരിച്ച ബുക്കാനൻ സായവ മുഖാന്തിരം ബോംബയിൽ അച്ചടിക്കപ്പെട്ടത്...* ഇട്ടൂപ്പ് റമ്പാൻ എന്നോ, പുലിക്കോട്ടിൽ തിരുമേനി എന്നോ എഴുതാതെ കായങ്കുളം ഫീലിപ്പോസ് റമ്പാൻ എന്ന് എഴുതിയത് അദ്ദേഹം തെക്കൻ ആയതുകൊണ്ടാണോ?

1873 മുതൽ 35 വർഷക്കാലം കേരളത്തിൽ മിഷനറിയായിരുന്ന റവ. ഡബ്ലിയു. ജെ. റിച്ചാർഡ്സ് 1908-ൽ പ്രസിദ്ധീകരിച്ച *ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ്* എന്ന ഗ്രന്ഥത്തിൽ ഈ പരിഭാഷയുടെ മുഖ്യ പങ്കുവഹിച്ചത് ഫിലിപ്പോസ് റമ്പാനാണെന്നും, അദ്ദേഹം 140 വർഷം മുമ്പ് (1768-ൽ) ശെമ്മാശനായിരുന്ന കാലത്ത് ഏവൻഗേലിയോൻ സുറിയാനിയിൽ പകർത്തി എഴുതിയിരുന്നു എന്നും എഴുതിയിരിക്കുന്നു. ഇംഗ്ലീഷ്കാരനായ ഫാ. റിച്ചാർഡ്സ്, തെക്കൻ പക്ഷവാദിയും വടക്കൻ വിരോധിയും ആയിരുന്നു എന്ന് കരുതാമോ? സി.എം.എസ് മിഷനറിമാരുമായി ഉറ്റബന്ധം പുലർത്തിയിരുന്ന ഇട്ടൂപ്പ് റമ്പാനെ സി.എം.എസ് മിഷണറിയായിരുന്ന റവ. റിച്ചാർഡ്സ് വെറുതേയ്ക്ക് ഉപേക്ഷിക്കുമോ?

ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങൾ ഫാ. ഡോ. ജോസഫ് ചീരന്റെ പുസ്തകം വായിച്ചപ്പോൾ ഈ ലേഖകനുണ്ടായത് സ്വാഭാവികം മാത്രം. ഒരു സംശയം മാത്രം ബാക്കി നിൽക്കുന്നു, വേദപുസ്തക പരിഭാഷയിൽ ഏർപ്പെട്ടിരുന്ന മൂന്നു സുറിയാനിക്കാർക്ക് ശമ്പളം നൽകുന്നതായി ഡോ. ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരാൾ ഫീലിപ്പോസ് റമ്പാനും അപരൻ കൊച്ചിട്ടിയും ആയിരിക്കാം. എങ്കിൽ ആ മൂന്നാമത്തെ സുറിയാനിക്കാരൻ ആരായിരിക്കാം? ഇത് കൂടുതൽ അന്വേഷണത്തിനുള്ള വിഷയമാണ്. ■

## ഓർമ്മപ്പെരുന്നാൾ

**കോട്ടയം:** ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം അരമനയിൽ ഫെബ്രു. 23,24 തീയതികളിൽ നടത്തി. പരിശുദ്ധ കാതോലിക്കാബാവായും, അഭിവന്ദ്യ തിരുമേനിമാരും കാർമ്മികത്വം വഹിച്ചു.

**കൊല്ലം:** കൊല്ലം ഭദ്രാസനാധിപനായിരുന്ന അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ രണ്ടാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കൊല്ലം അരമനയിൽ ഫെബ്രു. 9-ന് നടത്തി. പ. കാതോലിക്കാബാവായും അഭിവന്ദ്യ മെത്രാപ്പോലീത്താമാരും കാർമ്മികത്വം വഹിച്ചു.

## ചെങ്ങന്നൂർ കൺവൻഷൻ

നാലാമത് ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ 9-12 തീയതികളിൽ മാർ പീലക്സീനോസ് നഗറിൽ നടന്നു. പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ, അഭി. തോമസ് മാർ അത്താനാസിയോസ്, അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ്, അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭി. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, അഭി. ജോഷ്വാ മാർ നിക്കോദിമോസ്, അഭി. സഖറിയാ മാർ അപ്രേം, ഫാ. തോമസ് അമയിൽ, ഫാ. ഏബ്രഹാം തോമസ്, ഫാ. എബി ഫിലിപ്പ്, ഫാ. സഖറിയാ നൈനാൻ ചിറത്തലാട്ട്, ശ്രീ. ജസ്റ്റിൻ പടമാടൻ, എന്നിവർ നേതൃത്വം നൽകുന്നു.

# SUNDAY SCHOOL NEWS



## ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ)

**ഫെ**ബ്രു. 21-ന് റിസൽറ്റ് പ്രഖ്യാപിച്ചു. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ എല്ലാ വിജയികൾക്കും റാങ്കു ജേതാക്കൾക്കും അനുമോദനങ്ങൾ. പേപ്പറുകൾ എല്ലാം അനവധി പ്രാവശ്യം പരിശോധിച്ചതിനു ശേഷമേ റാങ്കു നിശ്ചയിക്കുകയുള്ളു. ഫാൾസ് നമ്പരിട്ട് കേന്ദ്രീകൃത വാല്യു വേഷനാണ് നടക്കുന്നത്. അതിനാൽ ക്രമക്കേടുകൾ ഉണ്ടെന്ന് ആരോപിക്കുന്നതിൽ ധാർമ്മികതയില്ല. പ്രതീക്ഷിച്ച മാർക്കു ലഭിച്ചില്ലാ എന്നു തോന്നുന്നുവെങ്കിൽ പുനപരിശോധനയ്ക്ക് അവസരം ഉണ്ട്. മാർച്ച് 31-നകം ഒരു പേപ്പറിന് 50 രൂപാ ഫീസടച്ച് അതാതു സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ അപേക്ഷിച്ചാൽ പേപ്പറുകൾ പുനഃപരിശോധിക്കാവുന്നതാണ്. റാങ്കിനോട്, തൊട്ടടുത്ത് മാർക്കു വാങ്ങിയ കുട്ടികളെയും പ്രത്യേകം അനുമോദിക്കുന്നു. റഗുലറായി പഠിക്കാൻ സാധിക്കാത്ത കുറേപേർ 10 ലും 12 ലും പ്രൈവറ്റ് ആയി പരീക്ഷ എഴുതി എന്നു കാണുന്നത് സന്തോഷപ്രദമാണ്.

### പി.എം.ജി. സെന്ററിലെ വെക്കേഷൻ ക്ലാസ്സുകൾ

അവധിക്കാലത്ത് 3 ക്ലാസുകൾ നമ്മുടെ പി. എം.ജി. സെന്ററിൽ ക്രമീകരിക്കുന്നു. 10-ാം ക്ലാസ്സിലേക്കു പ്രവേശിക്കുന്നവർക്ക് ഏപ്രിൽ 27 മുതൽ 30 വരെയും 12-ാം ക്ലാസ്സിലേക്ക് പ്രവേശിക്കുന്നവർക്ക് മേയ് 4 മുതൽ 7 വരെയും ആയിരിക്കും ക്യാമ്പ്. പഠനത്തിൽ താരതമ്യേന വിഷമം അനുഭവിക്കുന്ന സൺഡേസ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് പ്രവേശനത്തിന് മുൻഗണന.

ഓരോ ഭദ്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന 5 അദ്ധ്യാപകർ വീതം കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുള്ള അദ്ധ്യാപകർക്കായിട്ടുള്ള പഠന ക്യാമ്പ് മെയ് 9 മുതൽ 14 വരെയും നടത്തപ്പെടുന്നതാണ്. ഈ ക്യാമ്പുകളേക്കുറിച്ചുള്ള വിശദമായ സർക്കുലർ ഭദ്രാസന ഡയറക്ടർമാർ, ഇൻസ്പെക്ടർമാർ എന്നിവരുടെ പേർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അതിൻ പ്രകാരം ക്യാമ്പുകളിൽ സംസാരിക്കുന്നവർ നേരത്തെ തന്നെ ബന്ധപ്പെട്ടവരുടെ അടുക്കൽ പേരുകൾ നൽകേണ്ടതും അതു കേന്ദ്ര ഓഫീസിൽ മാർച്ച് 31-നകം ലഭിച്ചിരിക്കേണ്ടതുമാണ്.

### ഒ.വി.ബി.എസ്.

ഈസ്റ്റർ ഈ പ്രാവശ്യം താമസിച്ചാകയാൽ വലിയ നോമ്പിൽ തന്നെ O.V.B.S. നടത്തേണ്ടിയിരിക്കുന്നു. ഏപ്രിൽ 4-നും 14-നും ഇടയ്ക്കുള്ള സമയം അതിനായി ക്രമീകരിക്കുന്നതായിരിക്കും നല്ലത്. ഉച്ചയ്ക്കു നോമ്പിന്റെ പ്രാർത്ഥനകളും, ലഘുഭക്ഷണം നൽകുമ്പോൾ നോമ്പിന്റെ ചിട്ടകളും പാലിക്കുന്നതിൽ ശ്രദ്ധിക്കണം. മുതിർന്ന കുട്ടികളെയെങ്കിലും ഉപവസിക്കുന്നതിൽ പ്രത്യേകം താല്പര്യപ്പെടുത്തണം. ഇതേപ്പറ്റി പ്രസ്ഥാനം പ്രസിഡന്റ് തിരുമേനിയുടെ കല്പന പള്ളികൾക്ക് ഉടനെ അയച്ചിരിക്കുന്നതാണ്.

### സെക്കുലർ പരീക്ഷകൾ

സെക്കുലർ സ്കൂളുകളിലെ പരീക്ഷകൾക്കായി കുട്ടികൾ തയ്യാറെടുക്കുന്ന സമയങ്ങളാണല്ലോ ഇത്. പരീക്ഷയെ ഒരു വിധത്തിലും ഭയപ്പെടരുത്. ജീവിതത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്. പരീക്ഷകളെല്ലാം അതേസമയം ദൈവം തമ്പുരാൻ തന്നിട്ടുള്ള കഴിവുകളെ നന്നായി അദ്ധ്വാനിച്ചു വളർത്തണം. സൽസ്വഭാവികളായി അദ്ധ്വാനിച്ചു പഠിക്കുന്നവർക്ക് ദൈവം തമ്പുരാൻ ഓരോ വഴികൾ തുറന്നു തരും. എല്ലാവരും ഒരുപോലെയാകണമെന്നില്ല. ആവാൻ സാദ്ധ്യവുമല്ലല്ലോ. പരീക്ഷ എഴുതുന്ന എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ദൈവാശ്രയത്തോടും ആത്മ വിശ്വാസത്തോടും കൂടി പരീക്ഷകൾ എഴുതുക. വിജയം നിങ്ങൾക്കുണ്ടാവും. നന്മകൾ ആശംസിക്കുന്നു. ■

---

## അടുത്ത ലക്കം...

അടുത്തലക്കം സൗഖ്യ ചിന്തകളുടേതാണ്.
ചർച്ചാവിഷയമാകുന്ന അത്ഭുത രോഗ സൗഖ്യവും
സിദ്ധന്മാരുമൊക്കെ തീർക്കുന്ന വലയം
യഥാർത്ഥത്തിൽ എന്താണ്.?
കർത്താവ് ആഗ്രഹിച്ച സൗഖ്യദാന പ്രേഷിതത്വം
എന്താണ്.?

അഭിപ്രായങ്ങൾ ക്ഷണിക്കുന്നു...
**എഡിറ്റർ, മലങ്കരസഭ മാസിക,**
**ദേവലോകം-38**

# M.G.M. HIGHER SECONDARY SCHOOL, B.S.CITY

## ABOUT THE SCHOOL

M.G.M. Higher secondary school is a Private, English Medium Co-educational institution by the Calcutta Diocesan Council of the Indian Orthodox Church. H.G. Dr. Joseph Mar Dionysius is the President of this school. **Late Lamented His Grace Dr. Stephanos Mar Theodosius is Founder President of this school as well as another twenty four educational institutions and Balwadis run by the Kolkata Diocese of the Orthodox Church.**

The school building is spread out 8 acres of land granted by Bokaro Steel Limited Management for starting the school and since 1988 the school is functioning in the new building. At present the school campus includes a three storied building, well furnished class rooms ,well equipped science laboratories, two computer labs, spacious library, an audiovisual room, internet with broad band facility and Wi-Fi campus ,an administrative block, spacious playground, garage for nine buses, etc.

The school is privileged to have qualified and experienced staff and it has classes from I – XII with an approximate strength of above 2700 students. The Nursery Wing of this school is a separate campus known as **St. Mary's Nursery School**. It has a strength of nearly 600 Children with classes from Nursery to U.K.G. The school follows the Play Way, Mix-Match method to train the little kids.

The school is affiliated to the CBSE and is placed **under CBSE Regional Office, Patna, Bihar.**

**Our aim** is not only to attain excellence in academics, but also to create a good and thinking individual with positive attitudes and good values.

The first batch of class X passed the CBSE Board examination in the year 1995 - 96 and class XII in the year 1997 - 98. Since then 15 batches of class X and 13 batches of class XII has passed out. **In 2004 the school secured All India Second Rank in the CBSE Board Examination. This remarkable fete was achieved by Prabhat Ranjan.**

**The school has to its credit of being the CBSE Cluster II Basket Ball Champions thrice and first runner's up twice since 2005. Mrs. Leena Oommen the Physical Education Teacher takes care of the Girl's Basket Ball team**

It is our earnest desire to impart the best type of education at the least possible expense and enable the young generation becomes the fittest citizens of our Great Nation by adopting its culture and good tradition.

The secret behind the fast development and progress of this school is the intercession of Great Saint of Parumala. We invoke the intercession of our Great Saint for realization of our dreams.

**Regi Oommen, *Principal***
**Jeena Shaji, *Principal***
**Fr. Shaji. M. Baby,**
***Vice President***

**M.G.M.H.S.School St. Mary's Nur. School**
**M.G.M. & St. Mary's Nur. School**
**Sector -4/F, Bokaro Steel City ,**
**Jharkhand State , Pin-827004**
**Telephone- 06542-247654/269783**
**Fax- 06542-266843**
**E-mail :**
**mgmhss_bokaro@yahoo.in ,**
**info@mgmhssbokaro.com**
**Web site: mgmhssbokaro.com**

# ബൊക്കാറോയിൽ പൂക്കുന്ന സേവന പുഷ്പങ്ങൾ



*ചേരി പ്രദേശത്തെ ബാലവാടി*



*സ്ത്രീ ശാക്തീകരണ പദ്ധതി*

**ബൊക്കാറോ:** ബൊക്കാറോ ഇടവകയും എം.ജി.എം. സ്ക്കൂളുമൊക്കെ ധന്യതയുടെ നിറവിലാണ്. ബൊക്കാറോ എം.ജി.എം. സ്ക്കൂളിന്റെ ജൂബിലിയോടനുബന്ധിച്ച് വിപുലമായ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.ഇപ്പോൾ തന്നെ ഏഴാം ക്ലാസ്സ് വരെയുള്ള 800-ൽ പരം സാധുക്കളായ വിദ്യാർത്ഥികൾക്ക് സൗജന്യമായാണ് വിദ്യാഭ്യാസവും ലഘുഭക്ഷണവും മറ്റ് അവശ്യവസ്തുക്കളും നൽകുന്നത്.

1993-ൽ ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർതേവോദോസിയോസ് തിരുമേനിയും ഏബ്രഹാം കുര്യൻ അച്ചനും മറ്റ് അഭ്യുദയ കാംക്ഷികളും കൂടിച്ചേർന്ന് ആരംഭിച്ച ഈ പ്രസ്ഥാനം സ്ക്കൂളിലൂടെ ബാലവാടിയിലൂടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ ബൊക്കാറോ ഉപമിഷനായി കൽക്കട്ടാ ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. എം.ജി.എം. സ്ക്കൂൾ സ്റ്റാഫ്, ഗവേണിംഗ് ബോർഡ് അംഗങ്ങൾ, ഇടവക വികാരി, മാനേജിംഗ് കമ്മറ്റി, വിശ്വാസ സമൂഹം ഇവരൊത്ത് ചേർന്ന് ഈ പദ്ധതിയെ വിജയത്തിലേക്ക് നയിക്കുന്നു. ■

**9th Death Anniversary**
**04-03-2011**

*For Blessed Memory of*



**GEORGE C. MANALETHU**

## MANALETHU PUTHENVEEDU

**KUTTAPPUZHA P.O.; THIRUVALLA-3**

അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ എല്ലാമെല്ലാമായ ചാച്ചച്ചോ, സ്നേഹിച്ച് കൊതി തീരാത്ത ഓർമ്മകളും, തീരാത്ത ദുഃഖവുമായി മനോഹരമായ നിത്യതയുടെ തീരത്ത് നമുക്ക് ഒന്നിച്ചു കാണാമെന്നുള്ള പ്രത്യാശയോടെ............

നിറകണ്ണുകളോടെ.....

**ചാച്ചച്ചോയുടെ**

ഭാര്യ : ലൗലി സി. ജോർജ്ജ്

മക്കൾ : അഭിലാഷ് സി. ജോർജ്ജ്
അനിഷ് എം. ജോർജ്ജ്

# കൃതജ്ഞത



**മറിയാമ്മ വർഗീസ് (65)**
**(മേരിക്കുട്ടി)**
**അഞ്ചേരിൽ**

മേരിക്കുട്ടിയുടെ അകാല വിയോഗത്തിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ഭവനത്തിലും, സംസ്ക്കാരശുശ്രൂഷയിലും പങ്കെടുത്ത അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, ഡോ. സഖറിയാ മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ജോഷ്വാ മാർ നിക്കോദിമോസ്, വന്ദ്യ റമ്പാച്ചന്മാർ, ബഹു. അച്ചന്മാർ, ഇടവക വികാരി കുര്യൻ വർഗീസ്, കന്യാസ്ത്രീകൾ, എം.എൽ.മാർ, പഞ്ചായത്ത് പ്രസിഡന്റ്, മെമ്പറന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, ഡോക്ടറന്മാർ, സ്റ്റാഫുകൾ, പൗരമുഖ്യന്മാർ, ഇടവകാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, നാട്ടുകാർ, എന്നിവരോടുള്ള ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നതാണ്.

എന്ന്,

സന്തപ്ത കുടുംബാംഗങ്ങൾ

**എ.വി. വർഗീസ്, അഞ്ചേരിൽ**
**ഡോ. ബിന്ദു റ്റി., അഞ്ചേരിൽ**

## വിശ്വാസപാഠം



**We Belive**

മാർ ദിയസ്ക്കോറോസ്

# മാർത്തോമ്മാ ശ്ലീഹാ മലങ്കരയുടെ സ്ഥാപകൻ

വിവാഹ ശുശ്രൂഷയിൽ പാടുന്ന ഒരു ഗാനത്തിൽ ശീമോൻ പത്രോസിനെ സഭയുടെ ഭരണവും യോഹന്നാനെ സുവിശേഷത്തിന്റെ ചുമതലയും ഏൽപ്പിച്ചതായി പാടുന്നു. അപ്പോൾ പൗലോസ് ശ്ലീഹായ്ക്കും മറ്റ് അപ്പോസ്തലന്മാർക്കും കർത്താവ് എന്ത് ജോലിയാണ് നൽകിയത്?

– റ്റി. വി. ഡാനിയേൽ, അങ്കമാലി

**റ്റി.** വി. ഡാനിയേലിന്റെ സംശയത്തിന് ഈ ചെറു പംക്തിയിലുടെ പൂർണ്ണമായ ഉത്തരം നൽകുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. ശീമോൻ പത്രോസിനും യോഹന്നാനും ലഭിച്ച അധികാരങ്ങളും പദവികളും ഒക്കെ പൗലൂസിനും മറ്റ് അപ്പോസ്തലന്മാർക്കും തുല്യമായി ലഭിച്ചിട്ടുണ്ട് എന്ന് ഒറ്റവാക്കിൽ ഉത്തരം നൽകാവുന്നതാണ്. സുറിയാനി സഭയുടെ ആരാധനാക്രമങ്ങളിൽ ഡാനിയേൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെയുള്ള പരാമർശങ്ങൾ പല ഇടങ്ങളിലും ദൃശ്യമാണ്. ഇപ്രകാരമുള്ള പരാമർശങ്ങളുടെ പദാനുപദ വ്യാഖ്യാനം റോമൻ കത്തോലിക്കാ സഭയും നമ്മുടെ സഹോദരങ്ങളായ പാത്രിയർക്കീസ് വിഭാഗവും നടത്തുന്നതുകൊണ്ടാണ് പത്രോസിന്റെ പിൻഗാമികളായ റോമിലെ പാപ്പായ്ക്കും അന്ത്യോഖ്യയിലെ പാത്രിയർക്കീസിനും മാത്രമേ അധികാരമുള്ളു എന്ന ചിന്തകൾ ചില ഇടങ്ങളിലെങ്കിലും വ്യാപിച്ചിരിക്കുന്നത്. ഈ പരാമർശങ്ങളിൽ നിന്നു വ്യത്യസ്തമായി, എല്ലാ അപ്പോസ്തലന്മാർക്കും തുല്യമായി സിംഹാസന വാഗ്ദാനം ചെയ്യുന്നതും, കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം നൽകുന്നതുമായ പരാമർശങ്ങളും വി. വേദപുസ്തകത്തിലും സുറിയാനി സഭയുടെ ആരാധനാക്രമങ്ങളിലും ഉണ്ടെന്ന് ഡാനിയേൽ ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. രണ്ടുതരത്തിൽ നൽകിയിരിക്കുന്ന എല്ലാ പരാമർശങ്ങളെയും ഒരുമിച്ചു വിശകലനം ചെയ്താൽ മറ്റ് അപ്പോസ്തോലന്മാർക്കും തുല്യ അധികാരങ്ങൾ ലഭിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. ഓരോ അപ്പോസ്തോലന്റെയും പ്രത്യേക പദവിയെയും ധർമ്മത്തെയും പരിഗണിക്കുന്നത് നിശ്ചയായും നല്ലതാണെങ്കിലും അപ്പോസ്തലന്മാരുടെ കൂട്ടായ്മ അസ്ഥിത്വത്തിനാണ് (The collegeats nature) സഭയിൽ സ്ഥാനം ഉള്ളത്. ഒരാളും മറ്റൊരാളിന്റെ വ്യക്തിപരതയെ ചോദ്യം ചെയ്യുകയോ മറ്റൊരാളിന്റെ മേൽ പ്രാമുഖ്യം കല്പിക്കുകയോ ചെയ്യുന്നില്ല. പൗരസ്ത്യ പാരമ്പര്യത്തിൽ ഏതൊരു സഭയും അതിന്റെ അടിസ്ഥാന സ്ഥാപകനായി ഒരു പ്രത്യേക അപ്പോസ്തോലനെ പരാമർശിക്കുന്നത് അപ്പോസ്തോലിക സമൂഹത്തിൻരെ മുഴുവൻ തുല്യതയെ നിരസിച്ചുകൊണ്ടല്ല. ഉദാഹരണത്തിന്, തോമാശ്ലീഹാ മലങ്കരസഭയുടെ സ്ഥാപകനാണെന്ന് പറയുന്നത് ശ്ലൈഹിക വിശ്വാസം അദ്ദേഹം വഴിയായി മലങ്കരയിൽ സ്ഥാപിക്കപ്പെട്ടു എന്നതുകൊണ്ടാണ്. അല്ലാതെ, അദ്ദേഹത്തിന് മറ്റുള്ളവരിൽ നിന്ന് പ്രമുഖ സ്ഥാനമോ വ്യത്യസ്തതയോ നൽകുന്നില്ല. മാർത്തോമ്മാ ശ്ലീഹായ്ക്കു സഭ നൽകിയിരിക്കുന്ന സ്ഥാനം ശീമോനും യോഹന്നാനും ഒക്കെ ഉണ്ടെന്നർത്ഥം. ●

# ആദ്യാചാര്യത്വം കൈക്കൊണ്ട്...

**കഴിഞ്ഞ ലക്കം പൗരോഹിത്യത്തെക്കുറിച്ച് ഒരു വിശ്വാസി ഉന്നയിച്ച സംശയത്തിന് വളരെ മനോഹരമായി അഭി. ദിയസ്ക്കോറോസ് തിരുമേനി മറുപടി നൽകിയിരുന്നു. അതിനോട് ചേർത്ത് വയ്ക്കാവുന്ന ചില വേദഭാഗങ്ങൾക്കൂടി കുറിക്കുകയാണിവിടെ.**



ക്രിസ്തുവിന്റെ പൗരോഹിത്യത്തെക്കുറിച്ച് വിഭിന്നങ്ങളായ ആശയങ്ങൾ പ്രചരിക്കുന്ന ഒരു കാലമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ പൗരോഹിത്യത്തിനും സഭയ്ക്കുമെതിരെ ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

"ദൈവം സൃഷ്ടിച്ചാദത്തെ..." എന്ന ഗീതത്തെ ആസ്പദമാക്കി ചില നവീന പ്രസ്ഥാനങ്ങൾ ഉന്നയിക്കുന്നത് ഇവയാണ്.

**ആരോപണങ്ങൾ**

1. മോശ പുരോഹിതനല്ല
2. മോശ സ്ക്കറിയായ്ക്ക് നൽകി എന്നത് കള്ളമാണ്.
3. യോഹന്നാൻ പുരോഹിതനല്ല
4. കർത്താവിന് പട്ടം നൽകിയത് യോഹന്നാനാണെന്ന് പറയുന്നത് ഭോഷത്വമാണ്.
5. കർത്താവിന്റെ പൗരോഹിത്യം ലേവ്യ പൗരോഹിത്യമല്ല.

**മറുപടികൾ**

1. മോശ പുരോഹിതനാണ്. (സങ്കീ. 99:6 വായിക്കുക).

2. മോശ സ്കറിയായ്ക്ക് പട്ടം നൽകി. 1500 വർഷങ്ങളുടെ അകലമുള്ള രണ്ട് വ്യക്തികൾ പൗരോഹിത്യം കൈമാറിയെന്നുള്ളത് സന്ദേശാധിഷ്ഠിതമായ ഒരു പ്രയോഗം തന്നെയാണ്. മോശ മുതൽ യോഹന്നാൻ വരെയുള്ള ന്യായപ്രമാണത്തിന്റെ പിൻതുടർച്ചയെയാണത് കാണിക്കുന്നത്. സ്കറിയ യോഹന്നാന് നൽകി എന്ന് പറഞ്ഞിരിക്കുന്നതിന്റെ സാരം, യോഹ. 1:17, ലൂക്കോ. 16:16, ഒരുമിച്ചു വായിച്ചാൽ മനസ്സിലാകും. ന്യായപ്രമാണം യോഹന്നാൻ വരെ എന്നു പറഞ്ഞാൽ സ്കറിയായിൽ അവസാനിച്ചുവെന്നല്ല. യോഹന്നാനിലൂടെ അത് കർത്താവിലെത്തി പൂർത്തിയായി എന്നതാണ് സാരം.

**3. യോഹന്നാൻ പുരോഹിതനാണ്.**

യോഹന്നാൻ പുരോഹിതനല്ലെന്നു സ്ഥാപിക്കാൻ ചിലർ ആശ്രയിക്കുന്ന കാര്യങ്ങൾ പുരോഹിത വസ്ത്രം ധരിച്ചില്ല, യാഗം ഭക്ഷിച്ചില്ല എന്നൊക്കെയാണ്. ന്യായപ്രമാണ പ്രകാരം പുരോഹിതന്മാർ തങ്ങളുടെ വസ്ത്രം ദേവാലയത്തിൽ അഴിച്ചുവച്ച് സാധാരണ വസ്ത്രം ധരിച്ച് പുറത്ത് വരുന്ന രീതിയുണ്ടായിരുന്നു. (ലേവ്യ. 16:23,24). വസ്ത്രം നോക്കി പുരോഹിതനോ അല്ലയോ എന്ന് തീരുമാനിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് പൗലോസ് മഹാപുരോഹിതനെ ശകാരിക്കാനിടയായത്. തുടർന്ന് പൗലോസ് ക്ഷമാപണം നടത്തുന്നുമുണ്ട്. (അപ്പോ. 23:1,5). ആകയാൽ വസ്ത്രധാരണത്തിലൂടെ ഒരാളെ തിരിച്ചറിയാനാകില്ലെന്ന് വ്യക്തം.

സ്കറിയാ യോഹന്നാനേകി. ന്യായപ്രമാണ പ്രകാരം പിതാവിനു പകരം മകൻ പുരോഹിതനായി അഭിഷേകം പ്രാപിക്കണം. (ലേവ്യ. 16:32).

പഴയ നിയമത്തിൽ പാപപരിഹാരം പുരോഹിത ശുശ്രൂഷയാകുന്നു. യാഗവസ്തുവുമായി പുരോഹിതന്റെ മുമ്പിൽ വന്ന് പാപം ഏറ്റുപറയേണ്ടതുണ്ട്. യോർദ്ദാന്റെ അക്കരെയും ഇക്കരെയുമുള്ള ജനം യോഹന്നാന്റെ അടുക്കൽ വന്ന് പാപങ്ങളെ ഏറ്റുപറഞ്ഞു. (വി. മത്തായി 3:5,6).

യോഹന്നാൻ കർത്താവിനേകി

ചില പ്രസ്ഥാനങ്ങൾക്കൊട്ടും ദഹിക്കാത്ത ഒരു കാര്യമാണ് യോഹന്നാൻ കർത്താവിന് കൈവെയ്പ് നൽകി എന്നു പറയുന്നത്. മല്കീസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനായ കർത്താവിന് യോഹന്നാനിൽ നിന്ന് പട്ടം സ്വീകരിക്കേണ്ട ഗതികേട് ഉണ്ടായിട്ടില്ല. മാത്രവുമല്ല ന്യായപ്രമാണവും പൗരോഹിത്യവും ക്രിസ്തുവിൽ മാറ്റം വരുവാനാവശ്യമെന്ന് (എബ്രാ. 7:12,14) ഇവർ പഠിപ്പിക്കുകയും ചെയ്യുന്നു.

കർത്താവ് ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുകയല്ല. നിവർത്തിക്കുകയാണ് ചെയ്യുന്നത്. പഴയതിനെ തികച്ച് പുതിയതിനെ ഏൽപിച്ചു തരികയാണ് കർത്താവ് ചെയ്യുന്നത്. നമ്മുടെ പെസഹാ കുഞ്ഞാടും അറക്കപ്പെട്ടുവെന്ന് പൗലോസ് സാക്ഷിക്കുമ്പോൾ ന്യായപ്രമാണ പ്രകാരം പെസഹാ കുഞ്ഞാടായി അറുക്കപ്പെടുകയും പുതിയവ നമുക്ക് നൽകപ്പെടുകയുമാണ്. പൗരോഹിത്യത്തിന്റെ നിഴലായിരുന്ന ന്യായപ്രമാണ പൗരോഹിത്യം നിത്യ നിയമമായി മോശമുഖാന്തിരം നൽകിയിരുന്നതിനെ നിയമദാതാവായ കർത്താവ് ജഡത്തിൽ ഇറങ്ങി യോഹന്നാനിൽക്കൂടി തിരികെ സ്വീകരിച്ചു. (എബ്രാ. 10:1, പുറ. 40:15,16, ലേവ്യ. 24:8).

"മത്സരമുള്ള ജനത്തിൽ നിന്ന് പൗരോഹിത്യം തിരികെയെടുക്കുവാനായി യോഹന്നാന്റെ വലതുകരം കർത്താവ് തന്റെ ശിരസ്സിൽ സ്വീകരിച്ചു." എന്നാണ് പിതാക്കന്മാരുടെ വിശ്വാസം (ദനഹാ, സെദറാ, രാത്രി രണ്ടാം കൗമാ) കർത്താവ് ചോദിച്ചപ്പോൾ തിരികെ കൊടുക്കേണ്ടത് നീതിയാകയാൽ യോഹന്നാൻ കർത്താവിന് നൽകുകയും ചെയ്തു.

**ഫാ. കുര്യാക്കോസ് തണ്ണിക്കോട്ട്**



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

"മുഖം വ്യക്തിത്വത്തിന്റെ പൊരുളാണ്, അത് ഹൃദയത്തിന്റെ കണ്ണാടിയെന്ന് ചൊല്ല് കേൾവിയുണ്ട്. കണ്ണാടി നഷ്ടപ്പെട്ടവന് എവിടെയെങ്കിലും മുഖം നഷ്ടപ്പെട്ടിട്ടുണ്ടോ? മുഖം നഷ്ടപ്പെട്ടു എന്ന് കേൾക്കുന്നത് വ്യക്തിത്വം നഷ്ടപ്പെട്ടു എന്ന് വരുന്നിടത്താണ്. മുഖം മിനുക്കൽ ഒരു തിരുത്തലോ രൂപാന്തരമോ ആണ്. മുഖം നഷ്ടപ്പെട്ടവൻ ശരീരനായതിൽ കാര്യമുണ്ടോ? മുഖം ആത്മാവിന് കൂടി കണ്ണാടിയാകേണം എന്നാണ് ആദ്ധ്യാത്മീക വിചാരം.

ഭക്തൻ പ്രാർത്ഥിക്കുന്നത് "ദൈവമേ അടിയന്റെ നേരേ അങ്ങയുടെ തിരുമുഖം മറയ്ക്കരുതേ... ദൈവമേ എന്റെ പാപങ്ങൾക്ക് നേരേ അങ്ങയുടെ തിരുമുഖം മറയ്ക്കണമേ... എന്നാണ്. ദൈവം എനിക്ക് മുഖമാകുന്നതാണ് . ആത്മീയം ദൈവമുഖം നഷ്ടപ്പെടുന്നതാണ് ഭൗതീകം. മുഖാവരണം ദൈവത്തെ മറയ്ക്കാനും മനുഷ്യനിൽ നിന്ന് മറയാനുമാവരുതെന്നുണ്ട്. ദൈവത്തിന് നേരേ മുഖം മറച്ചവൻ നഗ്നതയിൽ അന്യപ്പെടുകയാണ്.

രാവണന് പത്ത് മുഖമെന്നാണ് എഴുത്തച്ഛൻ രേഖപ്പെടുത്തുന്നത്. ദുഷ്ട മൂർത്തിയായ അയാൾ ദുഷ്ടതയുടെ പത്ത് മുഖങ്ങൾ കൊണ്ട് നന്മയെ വേട്ടയാടുന്നു എന്നാണ്. നന്മയെ വേട്ടയാടുന്ന അനേക-മുഖങ്ങൾ നമുക്ക് പരിചിതമാണ് നൻമയുടെ വശത്താണ് അവരെന്ന് ധ്വനിപ്പിച്ച് കൊണ്ടിരിക്കുന്നു. എത്രനാൾ അങ്ങനെ ഭാവിച്ചാലും ഒടുവിൽ അവർക്ക് രാവണനാവാതെ തരമില്ലെന്ന് വരുന്നു. നാം കണ്ട് മുട്ടുന്ന മുഖമാണ് ഒരാളുടേത് എന്ന് നാം ശങ്കിക്കേണ്ടതില്ല കാരണം അയാൾ നമുക്കുവേണ്ടി കരുതലോടെ കൊണ്ട് നടക്കുന്ന ഒരു മുഖമാണത്. അയാളുടെ ആന്തരമുഖമാണ് യാഥാർത്ഥ്യം. ചില ബാഹ്യമുഖങ്ങളോടാണ് നാം പുഞ്ചിരിക്കുന്നത്, അതിനെയാണ് നാം പ്രണയിക്കുന്നത്, ആശ്ലേഷിക്കുന്നത്. ആന്തരമുഖം ചിലപ്പോൾ നമ്മെ അകറ്റുന്നുണ്ടാകാം. അത് വെളിപ്പെട്ട് തുടങ്ങുന്നിടത്ത്. നാം ചേർത്ത് നിർത്തിയതിനോട് നാം കലഹിച്ച് തുടങ്ങും.

പൊയ്മുഖങ്ങൾ പരിചയപ്പെടുത്തുന്നത് തിൻമ നൻമയുടെ വേഷത്തിൽ അവതരിക്കുന്നതാണ്. അധാർമ്മികത ധാർമ്മീകതയുടെ ചേല അണിയുന്നതുമാണ്. പൊയ്മുഖങ്ങൾക്കിടയിൽ ഏതാണ് ഞാൻ കണ്ടെത്തേണ്ട ശരിയായ മുഖം എന്ന് മനുഷ്യൻ സംഭ്രമപ്പെടുന്നുണ്ടാവണം. തേടിയ മുഖങ്ങൾ നമ്മെ നിരാശപ്പെടുത്തും, നേടിയമുഖങ്ങളിലും നാം നിരാശപ്പെടും.

"എന്റെ മുഖം അന്വേഷിപ്പീൻ" എന്ന് വചനം പറഞ്ഞത് മറക്കേണ്ടാത്തതാണ്. മുഖം നഷ്ടപ്പെട്ടവനായി നീ അലയേണ്ടതില്ലായെന്നാണ് അവൻ പറയുന്നത്. നോമ്പ് ഒരു മുഖം മിനുക്കലും മുഖാവരണം മാറ്റലുമാണ്. ദൈവം എനിക്കു മുഖമായിട്ടുണ്ട് എന്ന ധൈര്യമാണത്. യൂദായ്ക്ക് യേശുവിനെ കാണിച്ചു കൊടുക്കാൻ ചുംബിക്കേണ്ടി വരുന്നത് ശിഷ്യന്മാർക്കെല്ലാം യേശുവിന്റെ മുഖമായിരുന്നു വെന്നാണ്. ആർക്കും കീഴ്പ്പെടുത്താനാകാത്ത യേശുവിന്റെ മുഖമാകാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. അവന്റെ രക്താംബരമുഖത്തെ ഒപ്പിയെടുക്കാൻ നമ്മുടെ ആത്മാവ് ശുഭ്രശീലയാവണം. അവിടെ മുഖം നഷ്ടപ്പെടുന്ന നമുക്ക് അവൻ മുഖവും മുഖദർശനവുമാകും.



## ഗോൾഡൻ ക്ലബ്ബിൽ



മലങ്കരസഭ മാസികയുടെ പ്രചരണ വർഷത്തിൽ 200-ൽ പരം വരിക്കാരെ ചേർത്ത് ഗോൾഡൻ ക്ലബ്ബിൻ അംഗമായ ഈശോ വർഗീസ്, സെന്റ് മേരീസ് ഓർത്തഡോക്സ്, ജലഹള്ളി, ബാംഗ്ലൂർ ഇടവകാംഗവമാണ്. ഫോൺ: 09448387870

## അഖില ലോക പ്രസിഡന്റ്



കൊച്ചി:- ജനീവ ആസ്ഥാനമായ വൈസ്മെൻ ഇന്റർനാഷണലിന്റെ ആഗോള പ്രസിഡന്റായി ഫിലിപ്പ് മത്തായി തെരഞ്ഞെടുക്കപ്പെട്ടു. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനും പോരുവഴി ആലുമ്മൂട്ടിൽ കിഴക്കേതിൽ കുടുംബാംഗവുമാണ്. പരുമല സെമിനാരിയിൽ മാനേജരായിരുന്ന ദിവംഗതനായ വെരി. റവ. ഗീവർഗീസ് റമ്പാച്ചന്റെ ഇളയ സഹോദരനാണ്. കൊല്ലം ഭദ്രാസന കൗൺസിൽ അംഗമായിരുന്ന ഫിലിപ്പ് മത്തായി പോരുവഴി മാർ ബസ്സേലിയോസ് ഗ്രിഗോറിയോസ് ഇടവകാംഗമാണ്. ഇപ്പോൾ ഇളംകുളം മാർ ഗ്രിഗോറിയോസ് പള്ളിയിൽ നിന്നുള്ള കൊച്ചി ഭദ്രാസന പ്രതിനിധിയാണ്. റിട്ട. പ്രൊഫ. എലിസബത്ത് തോമസാണ് ഭാര്യ. മത്തായി ഫിലിപ്പ്, തോമസ് ഫിലിപ്പ് (ഇരുവരും ലണ്ടൻ) എന്നിവർ മക്കളുമാണ്.

## ബിരുദദാനം

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി കോൺവൊക്കേഷൻ മാർച്ച് 1-ന് നടത്തി. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ അദ്ധ്യക്ഷനായിരുന്നു. സീറോ മലബാർ സഭയുടെ കൂരിയാ ബിഷപ്പ് ഡോ. ബോസ്കോ പുത്തൂർ മുഖ്യ സന്ദേശം നൽകി.

ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ഒ. തോമസ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.



# Doing Something beautiful for GOD

ഫാ. വിൽസൺ മാത്യു
(ബേസിൽദയറ)

*"കൂട്ടിൽ മുട്ടയിട്ട് ഈറ്റുനോവോടെ അടയിരിയ്ക്കുന്ന പെൺകിളിയുടെ വേദന അകറ്റുവാൻ ആൺകിളിയായ് പറന്നു വന്ന് പാടുപാടുന്ന ദൈവസ്വരം നാം എന്നാണ് തിരിച്ചറിയുന്നത്?"*

*കസൻദ് സാക്കിസ് 'സെന്റ്: ഫ്രാൻസിസ്'*

**വി**യറ്റ്നാമിലെ പീഡനഭരണകാലത്ത് ഭരണാധിപന്മാരുടെ അപ്രീതിയ്ക്കു പാത്രമായ കാർഡിനൽ വാൻതൂവന്റെ ജീവിതസാക്ഷ്യം ഇന്നും പ്രസക്തമാണ്. കാർഡിനൽ പദവിയിൽ നിന്നും ദുരിതപൂർണ്ണമായ തടവറയിലേക്കാണ് അദ്ദേഹത്തെ നീക്കിയത്. ഇടുങ്ങിയ മുറിയിൽ അദ്ദേഹത്തിന് ഏറ്റവും അത്യാവശ്യമെന്നുകണ്ട വസ്തുക്കൾക്കു പുറമെ അദ്ദേഹത്തിന്റെ താല്പര്യപ്രകാരം മരുന്നായി വീഞ്ഞും അനുവദിച്ചു. വയറുവേദനയ്ക്ക് ചെറിയൊരു കുപ്പിയിൽ വീഞ്ഞുവേണമെന്നറിയിച്ച കാർഡിനാളിന്, അന്തർഗതം തിരിച്ചറിഞ്ഞ വിശ്വാസികൾ രഹസ്യമായി തിരുവോസ്തിയും നല്കി. രാത്രിയുടെ ഏകാന്തയാമങ്ങളിൽ, ആരാധനയ്ക്കുള്ള മറ്റൊരു സൗകര്യവും ഇല്ലാതിരുന്നിട്ടും ഒരു കയ്യിൽ തിരുവോസ്തിയും, മറുകൈയിൽ ഏതാനും തുള്ളി വീഞ്ഞുമായി മൂളിപ്പറക്കുന്ന കൊതുകുകൾക്കു നടുവിൽ അദ്ദേഹം തിരുബലി അർപ്പിച്ചു. കണ്ണീരിൽ കുതിർന്ന, ദിവ്യസമർപ്പണത്തിന്റെ ആ ദിവ്യബലി ബലിയായ്ത്തീർന്നവനുള്ള ഒരു പ്രതിസ്പന്ദനമായിരുന്നു. തടവറയിൽ നിന്ന് മോചിതനായ വാൻതുവനോട് വിശ്വാസികൾക്ക് ഒരു പ്രധാനചോദ്യമുണ്ടായിരുന്നു:

"എന്തുകൊണ്ട് ഇത്രമാത്രം അങ്ങ് കർത്താവിനെ സ്നേഹിക്കുന്നു?" "കുറവുള്ളവനായ എന്റെയുള്ളിൽ കുറവുള്ളവനായി വന്ന് എന്നെ വീണ്ടെടുത്തതിനാൽ" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദഹം തുടർന്നു പറഞ്ഞു:

"എന്റെ ദൈവം ഭയങ്കര മറവിക്കാരനായിരുന്നു. പാപികളോട് അവരുടെ ബലഹീനതകളെപ്പറ്റി അവന് കണക്കറിയില്ലായിരുന്നു, 99 നെ വിട്ട് ഒന്നിന്റെ പിന്നാലെ അവൻ പോയി. യുക്തിബോധവും, ലാഭനഷ്ടത്തെക്കുറിച്ചുള്ള ചിന്തയും അവനില്ലായിരുന്നു. ഒരു നാണയം നഷ്ടപ്പെട്ട സ്ത്രീ അതുകണ്ടുകിട്ടിയപ്പോൾ അതിന്റെ പലമടങ്ങ് ചിലവഴിച്ച് സന്തോഷം പ്രകടിപ്പിച്ചില്ലെ? നയതന്ത്ര ശാലിയല്ലായിരുന്നു, തന്റെ കൂടെ വന്നവർക്ക് പരീക്ഷണവും, കഷ്ടതയും അവൻ വാഗ്ദാനം നല്കി. ധനതത്വശാസ്ത്രമറിയില്ലായിരുന്നു: അതുകൊണ്ടല്ലെ ഏതു സമയത്തുവന്നവർക്കും ഒരേ കൂലി കൊടുത്തത്?

സമർത്ഥരുടെയും, അതിജീവിയ്ക്കുവാൻ വെമ്പൽകൊള്ളുന്നവരുടെയും ലോകത്ത് ദൈവം പുലർത്തിയത് അജ്ഞാനിയുടെയും, അജ്ഞാതന്റെയും ഭാവമായിരുന്നു. 'ദൈവത്തിന്റെ അറിവില്ലായ്മ മനുഷ്യരുടെ ജ്ഞാനത്തെക്കാൾ ശ്രേഷ്ഠമെന്ന്' (1 കൊരി. 1:25) വി. പൗലോസ് സാക്ഷിയ്ക്കുന്നത് ഈ തലത്തിലാണ്.

ജർമ്മൻ മിസ്റ്റിക്കായ ടോളർ (Tavler) ഒരു യാചകനോട്, "ദൈവം അങ്ങേയ്ക്ക് ഒരു നല്ല ദിനം നല്കട്ടെ, ജീവിതം ആനന്ദപ്രദമാക്കട്ടെ" എന്നു പറഞ്ഞപ്പോൾ, "ദൈവം എനിയ്ക്കൊരു മോശം ദിനം പോലും ഇതുവരെ നല്കിയില്ലല്ലോ? എന്ന് യാചകൻ മറുപടി പറഞ്ഞു. നമ്മുടെ ജീവിതത്തെ മനോഹരമാക്കുവാൻ, സന്തോഷ പ്രദമാക്കുവാൻ ശ്രമിയ്ക്കുന്ന ദൈവത്തിന്റെ മഹത്വം അംഗീകരിയ്ക്കുവാനും, സ്വർഗ്ഗത്തിലെ ദൂതന്മാരെ നോക്കി ചിരിയ്ക്കുന്ന ദൈവത്തിന് നമ്മെയും നോക്കി ചിരിയ്ക്കുവാനുമുള്ള ഒരനുഭവം നമ്മിൽ നിന്നുണ്ടാകണം.

നോമ്പിന്റെയും, ഉപവാസത്തിന്റെയും ദിനങ്ങൾ ദൈവത്തിനു പ്രീതികരമായ ചില അനുഭവങ്ങൾ സൃഷ്ടിയ്ക്കുവാൻ ഹേതുവാകണം. നോമ്പിലെ നൊമ്പരാനുഭവവും, ആത്മസമർപ്പണവും ജീവിതത്തിൽ സ്വർഗ്ഗീയ പ്രതികരണത്തിന്റെ ദിവ്യപ്രകമ്പനം സൃഷ്ടിയ്ക്കണം. അഗ്നിപർവ്വത സമാനമായി പുകഞ്ഞുയരുന്ന പശ്ചാത്താപവും, ഹൃദയനൊമ്പരവും നോമ്പിന്റെ ചിന്ത നമ്മിലുളവാക്കണം. 'നോമ്പ്' എന്ന പദത്തിൽ ഒരേസമയം 'നൊമ്പര' ധ്വനിയും, 'ഇമ്പ' ധ്വനിയുമുണ്ട്. സൃഷ്ടിയുടെ ഹൃദയംഗമായ, പ്രാർത്ഥന, ധ്യാനം, സമർപ്പണം ഇവയിൽ നിന്നുള്ളവാകുന്ന ദിവ്യനൊമ്പരത്തോട് സ്രഷ്ടാവിനുള്ള അനുകമ്പാർദ്രമായ 'ഇമ്പമാണ്' നോമ്പിന്റെ സന്ദേശം.

ചൂരച്ചെടിയുടെ തണലിലിരുന്ന് മരിയ്ക്കുവാനാഗ്രഹിച്ച ഏലിയാവിന് കനലിന്മേൽ ചുട്ട അടയും, ഒരു തുരുത്തി വെള്ളവും നല്കി 'എഴുന്നേറ്റു തിന്നുക' എന്നുപറഞ്ഞ ദൈവീക സ്വരം നോമ്പിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നു. മരിയ്ക്കുവാനാഗ്രഹിച്ച്, നിരാശയോടെ വിലപിച്ചവന് തുടർന്ന് 40 ദിവസം ഭക്ഷണപാനീയം കൂടാതെ അതിജീവനത്തിനുള്ള ശക്തി പകർന്നു നല്കുന്നതാണ് നോമ്പിന്റെ ആത്മീയ ചിന്ത. ■

BUDHIMAN

# ബുദ്ധിമാൻ

ഫാ. മുകളിൽ





# അഖില മലങ്കര മർത്തമറിയം സമാജം ഒരുക്കുന്ന ജറുശലേം യാത്ര

## 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80–ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന–മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദികർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

*2011–ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10, ജൂൺ 15*



നവാഭിഷിക്ത തിരുമേനിമാർ ബേദ്‌ലഹേം പള്ളിയിൽ വി. കുർബാന അർപ്പിച്ചപ്പോൾ

*Contact:-*

**H.G. Dr. Zacharia Mar Theophilos (President)**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840, 9447123321**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**

# ചുറ്റുവട്ടം

ജോയി കുളനട




## സൈലന്റ് സാം വിദേശത്തേക്ക്
## പകരം 'ചുറ്റുവട്ടം'



മലങ്കരസഭ മാസികയിൽ പ്രസിദ്ധീകരിച്ചുവരുന്ന ജോയി കുളനടയുടെ സൈലന്റ് സാം എന്ന കാർട്ടൂൺ പംക്തിക്കു പകരം ഈ ലക്കം മുതൽ 'ചുറ്റുവട്ടം' എന്ന അദ്ദേഹത്തിന്റെ പുതിയ കാർട്ടൂൺ പംക്തി പ്രസിദ്ധീകരിച്ചു തുടങ്ങുന്നു. സൈലന്റ് സാം വായനക്കാർക്ക് ഏറെ പ്രിയങ്കരമായിരുന്നെങ്കിലും നമ്മുടെ കുടുംബം പള്ളി തുടങ്ങിയ ചുറ്റുവട്ടത്തു നടക്കുന്ന സംഭവങ്ങളെ നർമ്മത്തിൽ ചാലിച്ച് കാർട്ടൂണിലൂടെ അവതരിപ്പിച്ചാൽ കുറേക്കൂടി രസകരമായ അനുഭവപ്പെടുമെന്നതിനാലാണ് ഈ മാറ്റം. മലയാളത്തിൽ മലങ്കരസഭയിൽ മാത്രം പ്രസിദ്ധീകരിച്ചിരുന്ന സൈലന്റ് സാം എന്ന നിശബ്ദ കാർട്ടൂൺ പംക്തി ഇംഗ്ലീഷ്, മറാട്ടി, ഹിന്ദി, പഞ്ചാബി തുടങ്ങിയ ഭാഷകളിലേക്ക് സിണ്ടിക്കേറ്റ് ചെയ്തു വരുന്നു.

## വൈദികസംഘം

സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം മദ്ധ്യ മേഖലാ സമ്മേളനം ഫെബ്രുവരി 1-ന് പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് നടന്നു. കോട്ടയം, കോട്ടയം സെൻട്രൽ, നിരണം, മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ ഭദ്രാസനങ്ങളിൽപെട്ട 278 വൈദികർ സംബന്ധിച്ചു. കുറിയാക്കോസ് മാർ ക്ലീമ്മീസ് അദ്ധ്യക്ഷത വഹിച്ചു. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു. പോലോസ് മാർ പക്കോമിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ നിക്കോദിമോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. സജി അമയിൽ, ഫാ. സഖറിയ നൈനാൻ, ഫാ. വർഗീസ് കളീക്കൽ, ഫാ. ജോർജ് മുത്ത്യു പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

## നിയമിതനായി



അഖില മലങ്കര പ്രാർത്ഥനായോഗം കേന്ദ്ര വൈസ് പ്രസിഡന്റായി പ. ബാവാ നിയമിച്ച ഫാ. ജോൺസൺ കല്ലിട്ടതിൽ. സഭാമാനേജിംഗ് കമ്മറ്റിയംഗം കോർപ്പറേറ്റ് സ്ക്കൂൾ ഗവേണിംഗ് ബോർഡംഗം, എന്നീ ചുമതലകളും വഹിക്കുന്നു. ചന്ദനപ്പള്ളി വലിയപള്ളി ഇടവകാംഗം.

കോഴിക്കോട് മൗണ്ട് ഹെർമ്മോൻ അരമന മാനേജരായി ഭദ്രാസന മെത്രാപ്പോലീത്ത അഭി. സഖറിയ മാർ തെയോഫിലോസ് നിയമിച്ച ഫാ. എൻ. എം. ജോർജ്.



## വിജയികൾ



സബ് ജൂണിയർ വിഭാഗം സംഗീതം ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സെയ്റ ആൻ വറുഗീസ് തിരുവനന്തപുരം നന്തൻകോട് എം.ജി.എം. സൺഡേസ്ക്കൂൾ..



ജൂണിയർ വാക്യ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജിബ് മാത്യു തിരുവനന്തപുരം നന്തൻകോട് സൺഡേസ്ക്കൂൾ.



ബോംബെ വെസ്റ്റേൺ സബ്–അർബൻ ഇടവകയായ മലാഡ് സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ സന്ദർശിച്ചു. ഫാ. ജേക്കബ് തോമസ് (വികാരി), ഫിലിപ്പ് വർഗ്ഗീസ്, എ.കെ. ഉമ്മൻ, ഫാ. എൽദോ, ഡീ. ഷിനോ സാം, പ്രിയങ്ക ശമുവേൽ പ്രസംഗിച്ചു.

## മാർഗ്ഗനിർദ്ദേശക ക്യാമ്പ്

കോട്ടയം: വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒൻപത്, പത്ത് ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്നവർക്കായി 2011 ഏപ്രിൽ 7 മുതൽ 14 വരെയും, 11–ാം ക്ലാസ്സിലേക്ക് പ്രവേശിക്കുന്നവർക്കായി ഏപ്രിൽ 27 മുതൽ മെയ് 3 വരെയും വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശക ക്ലാസ്സുകൾ കോട്ടയം സ്റ്റുഡന്റ് സെന്ററിൽ നടക്കും. മുൻ പരീക്ഷകൾക്ക് 80 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയിട്ടുള്ള ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറി, എം.ജി.ഒ.സി.എസ്.എം., പി.ബി. 610, കോട്ടയം 9495020708, 9447107692 അവസാന തീയതി 2011 മാർച്ച് 15.



ഓൾ ഇന്ത്യ യൂണിറ്റി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിലുള്ള ഇന്ദിരാഗാന്ധി പ്രിയദർശിനി അവാർഡിന് അർഹനായ റെജി ഉമ്മൻ ബൊക്കാറോസ്റ്റീൽ സിറ്റി മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പാളാണ്.

## ചെങ്കോട്ടയിൽ ദേവാലയം

കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിൽപ്പെട്ട മിഷൻ കേന്ദ്രമാണ് പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള ചെങ്കോട്ട സെന്റ് ഗ്രിഗോറിയോസ് ഇടവക. ആര്യങ്കാവ്, ചെങ്കോട്ട, സെൽവിമുക്ക്, കുറ്റാലം, തിരുനൽവേലി, തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്ന ഓർത്തഡോക്സ് അംഗങ്ങൾക്ക് ആരാധനയ്ക്ക് പങ്കെടുക്കുവാനുള്ള സൗകര്യമാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത്. ഒന്ന്, മൂന്ന് ഞായറാഴ്ചകളിലാണ് ആരാധന നടക്കുക. ചെങ്കോട്ടയിൽ നിന്ന് കുറ്റാലം വഴിയിൽ ഒരു കിലോമീറ്റർ സെൽവിമുക്കിലാണ് ദേവാലയം സ്ഥിതി ചെയ്യുന്നത്. ആരാധന സൗകര്യത്തിന് ബന്ധപ്പെടുക:

**ഫാ. മത്തായി വൈദ്യൻ, വികാരി 9095397317,**
**സി. കുഞ്ഞുമോൻ തെന്മല – 9846616437**

## ചാപ്പൽ കൂദാശ ചെയ്തു

തിരുവനന്തപുരം ഐ.ടി. കേന്ദ്രമായ ടെക്നോ പാർക്കിൽ ജോലിക്കെത്തുന്നവരെയും കഴക്കൂട്ടത്തും പരിസരത്തും താമസിക്കുന്നവരെയും പുതുതായി താമസത്തിനെത്താൻ സാധ്യതയുള്ളവരെയും മുന്നിൽ കണ്ടുകൊണ്ട് ഹൈവെയിൽ എം.ജി.എം. സ്ക്കൂളിൽ നടന്നുവന്നിരുന്ന ആരാധന ക്രമീകരണങ്ങൾക്ക് സ്ഥിരം സംവിധാനം ആയി. കഴക്കൂട്ടം അശ്വതി ഗാർഡൻസിൽ 10 സെന്റ് സ്ഥലം അലക്സാണ്ടർ വടക്കേടം സൗജന്യമായി നൽകിയ സ്ഥലത്ത് ഒരു ദേവാലയം പണിയുന്നതിനുള്ള ശിലാസ്ഥാപനകർമ്മം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് നിർവ്വഹിച്ചു. പ്രസ്തുത സ്ഥലത്തോടു ചേർന്ന് ചാപ്പൽ നിർമ്മിച്ചു. താത്ക്കാലിക കൂദാശ ജനുവരി 9 ഞായറാഴ്ച നടന്നു.

## 40th DAY OF DEMISE



**ABRAHAM T. T.**

**DOB-25-MAY-1960** **DOD-31 JAN- 2010**

"For we know that when this tent we live in - our body here on earth-is torn down, God will have a house in heaven for us to live in, a home he himse lf has made, which will last for ever."
II corinthians 5:1

*Inserted by:*
**Jancy Abraham (Wife)**
**Kochurani Abraham (Daughter)**
**Jeevan abraham (Son)**

# മാർ യൗസേബിയോസ് ബ്ലോക്ക് സമർപ്പിച്ചു

**പത്തനംതിട്ട:** പ്രകാശധാര സ്ക്കൂളിന്റെ സ്ഥാപക പിതാവ് ഭാഗ്യസ്മരണാർഹനായ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സ്മരണാർത്ഥം പണികഴിപ്പിച്ച മാർ യൗസേബിയോസ് ബ്ലോക്ക് ജനുവരി 21–ാം തീയതി സമൂഹത്തിന് സമർപ്പിച്ചു. ദൈവസ്നേഹത്തിന്റെ പ്രകാശം പ്രകാശധാരയിലൂടെ സമൂഹത്തിന് നൽകിയ മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സ്മരണകൾ ഉദ്ഘാടന ചടങ്ങുകളെ പ്രോജ്ജ്വലിപ്പിച്ചു. രാവിലെ ബേസിൽ അരമനയിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി. ചടങ്ങിൽ കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഏബ്രഹാം മാർ സെറാഫിം യോഗം ഉദ്ഘാടനം ചെയ്തു. യാക്കോബ് മാർ ഐറേനിയോസ് അനുസ്മരണ പ്രഭാഷണം നടത്തി. ഫിസിയോതെറാപ്പി യൂണിറ്റ് ആന്റോ ആന്റണി എം.പി. യും സ്പീച്ച് തെറാപ്പി യൂണിറ്റ് കെ. ശിവദാസൻ നായർ എം.എൽ.എ. യും സമർപ്പിച്ചു. ഫോട്ടോ അനാച്ഛാദനം ജോസഫ് എം. പുതുശ്ശേരി നിർവ്വഹിച്ചു. ഫാ. റോയി സൈമൺ, നഗരസഭാദ്ധ്യക്ഷൻ എ. സുരേഷ്കുമാർ, ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്, റോബിൻ പീറ്റർ, സക്കീർ ഹുസൈൻ, കെ.ജി. പ്രകാശ്, ഫാ. ജോൺസൺ കല്ലിട്ടതിൽ, ഷാജി മഠത്തിലേത്ത്, തോമസ് ജോൺസൺ കോർ എപ്പിസ്ക്കോപ്പാ, ഡോ. ടി. എ. ജോർജ്, എ.എം. ഫിലിപ്പ്, പ്രിൻസിപ്പൽ മേരി ടി. ഈശോ, ഫാ. ലിനു എം. ബാബു, റ്റി. ഇ. ഈശോ തേവർവേലിൽ, ടി. ജോർജ് ജേക്കബ്, തോമസ് എ. കോശി എന്നിവർ പ്രസംഗിച്ചു. ■

# റാങ്ക് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ



Master Kavin Tom Philip

**I$^{st}$ Rank - 2010**

**S.S.F.C.**

**OKR - OSSAE**



Miss. Twinkle Elizabeth John

**III$^{rd}$ Rank - 2010**

**S.S.F.C.**

**OKR - OSSAE**

സൺഡേസ്ക്കൂൾ അസോസിയേഷൻ Outside Kerala Region –ൽ ഒന്നാം റാങ്ക് നേടിയ കെവിൻ റ്റോം ഫിലിപ്പ് അഹമ്മദബാദ് ഭദ്രാസനത്തിൽ മസ്ക്കറ്റ്–മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകയിലെ സൺഡേസ്ക്കൂൾ വിദ്യാർത്ഥിയാണ്. നിരണം ഭദ്രാസനത്തിൽ ചെങ്ങന്നൂർ സെന്റ് ജോർജ് പള്ളി ഇടവകയിൽ വാക്കയിൽ ശ്രീ. ഫിലിപ്പ് കെ. ഫിലിപ്പിന്റെയും (ജോക്കുട്ടൻ) General Manager Muscut Insurance company ശ്രീമതി ബീനാ ഫിലിപ്പിന്റെയും മകനാണ്. കെവിൻ റ്റോം ഫിലിപ്പിന്റെ സഹോദരൻ ക്രിസ് ജോ ഫിലിപ്പ് 2009–ൽ ഗൾഫ് റീജനിൽ 10–ാം ക്ലാസ്സിൽ ഒന്നാം റാങ്ക് ജേതാവായിരുന്നു.

സൺഡേസ്ക്കൂൾ അസോസിയേഷൻ Outside Kerala Region –ൽ മൂന്നാം റാങ്ക് നേടിയ ടിങ്കിൾ എലിസബേത്ത് ജോൺ അഹമ്മദബാദ് ഭദ്രാസനത്തിൽ മസ്ക്കറ്റ്–മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകയിലെ സൺഡേസ്ക്കൂൾ വിദ്യാർത്ഥിനിയാണ്. നിലയ്ക്കൽ ഭദ്രാസനത്തിൽ മാർ സേവേറിയോസ് സ്ലീബാ പള്ളി ഇടവകയിൽ ആടുപാറയിൽ മോളി വില്ലായിൽ ശ്രീ. ജോൺ എം. ജോണിന്റെയും (ജോണി) ശ്രീമതി ലിസാ ജോണിന്റെയും മകളാണ്.